മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 13 ഏപ്രിൽ 2015 ലക്കം 4



## ക്രിസ്തു ഇല്ലാത്തവനായ ക്രിസ്ത്യാനി

സാധു സുന്ദർ സിംഗ്

## നിങ്ങൾക്കു താത്പര്യമുള്ള കാര്യങ്ങൾ എന്താണ് ?

ഏലിയാസ് അസ്ലാക്സൻ

JEEVAMOZHIKAL
# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 13 ഏപ്രിൽ 2015 ലക്കം 4

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും കൂടിവരവുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

## നമ്മുടെ തിരഞ്ഞെടുപ്പ്



ഒരുവനെ സംബന്ധിച്ച പ്രധാന കാര്യം സാഹചര്യം നിർബന്ധിക്കുമ്പോൾ അവൻ എവിടെ പോകുന്നു എന്നതല്ല, മറിച്ചു സ്വാതന്ത്ര്യം ഉള്ളപ്പോൾ അവൻ എവിടെ പോകുന്നു, എന്തു തിരഞ്ഞെടുക്കുന്നു എന്നതാണ്.

നമുക്കു സ്വാതന്ത്ര്യം ഉള്ളപ്പോൾ നാം എവിടെയാണു പോകുന്നത്? ആരുമായുള്ള സൗഹൃദമാണു നാം ഏറ്റവും കൂടുതൽ ആസ്വദിക്കുന്നത്? നമ്മുടെ ചിന്തകൾ എപ്പോഴും എങ്ങോട്ടാണ് തിരിയുന്നത്? ഈ ചോദ്യങ്ങളുടെ ഉത്തരം നാം ഏതുതരം വ്യക്തിയാണെന്നു തെളിയിക്കും. 'വിശ്വസ്തതയുടെ മാർഗ്ഗം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു' (സങ്കീർത്തനം 119:30). എന്നു നമുക്കു പറയുവാൻ കഴിയുമോ?

*– എ. ഡബ്ല്യൂ. ടോസർ*

## പ്രത്യാശ




എന്നാൽ മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിനു തന്നേ എഴുതിയിരിക്കുന്നു. റോമ. 15:4

## എഡിറ്റോറിയൽ



# പാപം കർത്തൃത്വം നടത്താത്ത ജീവിതം

"**പാപം** നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ" (റോമർ 6:14).

പൗലൊസ് യഥാർത്ഥ വിശ്വാസികളുടെ ഭാഗ്യകരമായ അവസ്ഥ വിവരിക്കുന്നതിങ്ങനെയാണ്: "ഇനിമേലിൽ പാപം നിങ്ങളെ ഭരിക്കേണ്ട ആവശ്യമില്ല. നിങ്ങൾക്കു പാപത്തിന്റെ മേൽ വാഴുന്ന വിജയകരമായ ഒരു ക്രിസ്തീയ ജീവിതം സാധ്യമാണ്!"

പാപത്തിന്റെ അടിമത്വത്തിൽ നിന്നുള്ള വിശ്വാസിയുടെ വിമോചന വിളംബരമാണിത്. വിശ്വാസിയായാലും പാപത്തിന്റെമേൽ ജയമുള്ള ഒരു ജീവിതം ഈ ലോകത്തിൽ നമുക്കു സാധ്യമല്ല എന്ന അടിമത്വ മനോഭാവത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുന്ന ഒരു സ്വർഗ്ഗീയ വിളംബരം.

ഇത് എങ്ങനെയാണ് ഒരു ക്രിസ്ത്യാനിയിൽ പ്രായോഗികതലത്തിൽ നടക്കുന്നത്?

ഇതേപ്പറ്റി ചിന്തിക്കുമ്പോൾ റോമർ 6:14 മുഴുവനായി നോക്കേണ്ടതുണ്ട്. ആ വാക്യം ഇങ്ങനെ: നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.'

ഇവിടെ കൃപയെക്കുറിച്ചും ന്യായപ്രമാണത്തെക്കുറിച്ചും പരാമർശിക്കുന്നു. ന്യായപ്രമാണം, കൃപ എന്നിവ ഒന്നിച്ചു പറയുന്ന മറ്റൊരു വാക്യം കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ളതാണ്. യോഹന്നാന്റെ സുവിശേഷത്തിലാണ് അതു കാണുന്നത്: "ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; 'കൃപ'യും 'സത്യ'വും യേശുക്രിസ്തു മുഖാന്തരം വന്നു" (1:17).

യേശുക്രിസ്തുവിലൂടെ വന്നത് സത്യവും കൃപയും (Truth and grace) ആണെന്നു പറഞ്ഞാൽ എന്താണതിന്റെ അർത്ഥം? ഇതു മനസ്സിലാക്കാൻ യേശുവിന്റെ ജീവിതത്തിൽ നിന്നു തന്നെ ഒരു രംഗം നോക്കാം: യോഹന്നാന്റെ സുവിശേഷം എട്ടാം അദ്ധ്യായം 2 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ, ശാസ്ത്രിമാരും പരീശന്മാരും വ്യഭിചാരത്തിൽ പിടിച്ച ഒരു സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതു നമ്മൾ വായിക്കുന്നു. ന്യായപ്രമാണം അനുസരിച്ച് ഇങ്ങനെയുള്ളവരെ കല്ലെറിഞ്ഞു കൊല്ലുകയാണു വേണ്ടതെന്ന് അവർ ചൂണ്ടിക്കാട്ടി. തീർച്ചയായും ന്യായപ്രമാണം തിരുവെഴുത്താണ്. അവിടെ ആ പാപത്തിന്റെ ശിക്ഷയായി രേഖപ്പെടുത്തിയിരിക്കുന്നതെന്താണെന്നാണു പരീശന്മാർ ചൂണ്ടിക്കാട്ടിയത്. അതിനു മറുപടിയായി യേശു തിരുവഴുത്തിലെ നീതിയെ നിഷേധിച്ച്, അവളെ കല്ലെറിയാൻ പാടില്ല എന്നല്ല പറഞ്ഞത്. കല്ലെറിഞ്ഞുകൊള്ളാൻ തന്നെയാണ് അവിടുന്ന് അനുവദിച്ചത്

(8:7). മാത്രമല്ല അവളുടെ തെറ്റിനെ ലഘൂകരിക്കാതെ 'പാപം' എന്നു തന്നെ അവിടുന്നു വിളിക്കുകയും ചെയ്യുന്നു (8:11) – ഇതാണു യേശുവിലുണ്ടായിരുന്ന 'സത്യം'. എന്നാൽ 'സത്യം' മാത്രമല്ല യേശുവിലുണ്ടായിരുന്നത്. 'കൃപ'യും താൻ കൊണ്ടു വന്നു. 'നിങ്ങളിൽ പാപമില്ലാത്തവൻ ഒന്നാമതു കല്ലെറിയട്ടെ' എന്നു പറഞ്ഞ് അവളെ മരണത്തിൽ നിന്നു രക്ഷിച്ചപ്പോഴും 'ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല' എന്നു തീർപ്പു കല്പിച്ചപ്പോഴും (8:11) യേശുവിലുള്ള 'കൃപ'യെ ആണു നാം സ്പർശിക്കുന്നത്. നോക്കുക: മോശെ മുഖാന്തരം വന്ന ന്യായപ്രമാണത്തിന്റെ വക്താക്കളായ ശാസ്ത്രിമാരും പരീശന്മാരും പാപത്തിന്റെ ശമ്പളമായ മരണം അവൾക്കു നിർദ്ദേശിക്കുമ്പോൾ യേശുവിലുള്ള 'സത്യം' അതിനെ നിഷേധിക്കുന്നില്ല. എന്നാൽ യേശുവിലുള്ള 'കൃപ' അതിനെ ജീവനായി പരിണമിപ്പിക്കുകയാണുണ്ടായത് (റോമർ 6:23).

ഉവ്വ്, യേശു സത്യവും കൃപയുമാണു കൊണ്ടു വന്നത്. യോഹന്നാൻ തന്റെ ലേഖനത്തിലേക്കു വരുമ്പോൾ 'സത്യം', 'കൃപ' എന്നതിനു പകരം മറ്റു രണ്ടു വാക്കുകളാണ് ഉപയോഗിക്കുന്നത് –'വെളിച്ച'വും 'സ്നേഹ'വും. 'ദൈവം വെളിച്ചമാകുന്നു' (യോഹന്നാൻ 1:5). 'ദൈവം സ്നേഹമാകുന്നു' (യോഹ. 4:8). 'സത്യ'ത്തിനു പകരം 'വെളിച്ച'മെന്നും 'കൃപ'യ്ക്കു പകരം 'സ്നേഹ'മെന്നും പ്രയോഗിക്കുന്നു. 'വെളിച്ച'മെന്നാൽ ദൈവത്തിന്റെ ന്യായവും നീതിയും സത്യവുമാണ്. 'സ്നേഹം' ദൈവത്തിന്റെ ദയയെയും കരുണയെയും തക്കസമയത്തെ സഹായമെന്ന കൃപയെയും പ്രതിനിധാനം ചെയ്യുന്നു.

പാപത്തിന്റെ മേൽ ജയമുള്ള വിജയകരമായ ക്രിസ്തീയ ജീവിതത്തെക്കുറിച്ചു ചിന്തിക്കുമ്പോഴും 'സത്യ'വും 'കൃപ'യും പ്രസക്തമാണെന്നു കാണാം. പാപത്താൽ തോല്പിക്കപ്പെടാത്ത വിജയകരമായ ഒരു ജീവിതം നയിക്കുക എന്നതാണു ഒരു വിശ്വാസിയുടെ കടമ എന്നതാണ് ഇതു സംബന്ധിച്ച 'സത്യം.' 'ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിക്കുവിൻ' 'നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണരാകുവിൻ,' 'ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപമാകുവാനാണു നിങ്ങളെ മുൻനിർണയിച്ചിരിക്കുന്നത്' തുടങ്ങിയ വാക്യങ്ങളെല്ലാം അർത്ഥ ശങ്കയ്ക്കിടയില്ലാതെ വണ്ണം വ്യക്തമാക്കുന്നതു പാപത്തിന്റെ മേൽ ജയമുള്ള ഒരു വിശുദ്ധ ജീവിതം വിശ്വാസി നയിക്കണമെന്നാണ്. ദൈവം, വചനത്തിലൂടെ ഇതാവശ്യപ്പെടുന്നു – ഇതാണു 'സത്യം.'

ഈ 'സത്യ'ത്തെ മാത്രം കണ്ടാൽ, 'കൃപ'യെ നാം ദർശിക്കാതിരുന്നാൽ അതു നമ്മെ പരീശന്മാരെപ്പോലെ ഒരു ന്യായപ്രമാണത്തിലേക്കു മാത്രമേ നയിക്കുകയുള്ളു. ന്യായപ്രമാണം ഒരിക്കലും നമ്മെ നീതീകരിക്കുകയില്ല. ന്യായപ്രമാണത്താൽ (നമ്മിലുള്ള) പാപത്തെക്കുറിച്ചുള്ള തിരിച്ചറിവു മാത്രമാണല്ലോ വരുന്നത് (റോമർ 3:20). ഇതു നമ്മെ കുറ്റം വിധിയിലേക്കും കൂടുതൽ പരിതാപകരമായ ഒരു അവസ്ഥയിലേക്കും എത്തിക്കുന്നു. സത്യം നമ്മെ കൂടുതൽ അരിഷ്ടരായ മനുഷ്യരാക്കി മാറ്റുന്നു! റോമർ ഏഴാം അധ്യായത്തിലെ 'അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ, ഈ മരണത്തിന് (പാപ പ്രമാണത്തിന്) അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?' എന്ന പൗലൊസിന്റെ നിലവിളിയോടു താദാത്മ്യപ്പെടുന്ന അവസ്ഥയിലേക്കാണു

▶ *ശേഷം പേജ് 41*

സന്ദേശം

# പാപത്തിൽ വിശ്വാസി വീഴുന്നത് എന്തുകൊണ്ട്?

സാക് പുന്നൻ

**ഒരു** ക്രിസ്ത്യാനി എന്തുകൊണ്ട് പാപത്തിൽ വീഴുന്നു?

ഇതിനുള്ള കാരണങ്ങളെപ്പറ്റി ചിന്തിക്കുന്നതിനു മുമ്പ് പരീക്ഷിക്കപ്പെടുന്നതും പാപം ചെയ്യുന്നതും തമ്മിലുള്ളവ്യത്യാസമെന്താണെന്ന വ്യക്തമായ ഒരു ധാരണ നമുക്കുണ്ടാകേണ്ടത് ആവശ്യമാണ്. ഒരുവൻ സ്വന്ത ജഡത്തിലുള്ള മോഹങ്ങളാൽ ആകൃഷ്ടനായി വശീകരിക്കപ്പെടുമ്പോഴാണ് പരീക്ഷയിലകപ്പെടുന്നതെന്ന് യാക്കോബ് 1:14,15 എന്നീ വാക്യങ്ങൾ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ഒരുവന്റെ മനസ്സ് ആ പരീക്ഷയ്ക്ക് അഥവാ വശീകരണത്തിന് സമ്മതം നൽകുമ്പോൾ അയാളുടെ ഹൃദയത്തിൽ മോഹം ഗർഭം ധരിക്കുകയും അത് പാപത്തെ പ്രസവിക്കുകയും ചെയ്യുന്നു.

നമ്മുടെ പഴയ മനുഷ്യൻ (അതായത് ജഡത്തിന്റെ പ്രേരണയോട് അനുകൂലിക്കുന്ന നമ്മുടെ മനസ്സ്)



*ബലഹീനനായ ഒരു മനുഷ്യൻ തന്നെ നേരിടുന്ന ആപത്തു മനസ്സിലാക്കുമ്പോൾ അതിൽ നിന്ന് ഓടി രക്ഷപെടുന്നു.*

നമ്മുടെ പഴയ മനുഷ്യൻ (അതായത് ജഡത്തിന്റെ പ്രേരണയോട് അനുകൂലിക്കുന്ന നമ്മുടെ മനസ്സ്) ക്രിസ്തുവിനോടു കൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന മഹത്വകരമായ സത്യം നാം മനസ്സിലാക്കുമ്പോൾ, നമുക്കു വിശ്വാസത്താൽ ആ പഴയ മനുഷ്യനെ ഉരിഞ്ഞു കളയുവാൻ സാധിക്കും. അപ്പോൾ നാം പാപം ചെയ്യുന്നതിൽ നിന്നു വിരമിക്കും. അങ്ങനെ നാം ദൈവത്തിൽ നിന്നു ജനിച്ചവരാണെന്നു തെളിയും. എന്നാൽ പിന്നെയും നാം പരീക്ഷിക്കപ്പെടും. എങ്കിലും നമ്മുടെ മനസ്സ് (പുതിയ മനുഷ്യൻ) പിന്നീട് ജഡത്തിന്റെ പ്രേരണയോട് അനുകൂലിക്കുകയില്ല.

ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു (റോമർ 6:6) എന്ന മഹത്വകരമായ സത്യം നാം മനസ്സിലാക്കുമ്പോൾ, നമുക്കു വിശ്വാസത്താൽ ആ പഴയ മനുഷ്യനെ ഉരിഞ്ഞു കളയുവാൻ സാധിക്കും. അപ്പോൾ നാം പാപം **ചെയ്യുന്നതിൽ** നിന്നു വിരമിക്കും. അങ്ങനെ നാം ദൈവത്തിൽ നിന്നു ജനിച്ചവരാണെന്നു തെളിയും (1 യോഹ. 3:9). എന്നാൽ പിന്നെയും നാം പരീക്ഷിക്കപ്പെടും. എങ്കിലും നമ്മുടെ മനസ്സ് (പുതിയ മനുഷ്യൻ) പിന്നീട് ജഡത്തിന്റെ പ്രേരണയോട് അനുകൂലിക്കുകയില്ല.

എന്നാൽ നാം പാപം **ചെയ്യുന്നതിൽ** നിന്നു വിരമിച്ചാലും പിന്നെയും പാപത്തിൽ **വീഴാൻ** (അതായത് തെറ്റിൽ അകപ്പെട്ടു പോകാൻ- ഗലാത്യർ 6:1) സാധ്യതയുണ്ട്. ഇതാണ് പാപം ചെയ്യുന്നതും പാപത്തിൽ വീഴുന്നതും തമ്മിലുള്ള വ്യത്യാസം (Difference between committing sin and failing).

ജഡം നമ്മുടെ ആദ്യ ഭർത്താവാണ്. വീണ്ടും ജനനം പ്രാപിക്കുന്നതിനു മുമ്പ് നാം അതുമായി വിവാഹബന്ധത്തിലായിരുന്നു (റോമർ 7:4,5) എന്നാലിപ്പോൾ ആ ബന്ധത്തിന് നാം മരിച്ചവരായിത്തീർന്നിരിക്കുന്നു. എങ്കിലും ജഡം പിന്നെയും നിലനില്ക്കുന്നുണ്ട്; പിന്നെയും നമ്മെ വശീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ക്രിസ്തു എന്ന നമ്മുടെ കാന്തനോടു വിശ്വസ്തരായി ജീവിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ഇനി മേൽ ജഡത്തിന്റെ മോഹങ്ങൾക്കധീനരായി ജീവിക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. ജഡവുമായി വ്യഭിചാരകർമ്മത്തിൽ നാം ഏർപ്പെടുന്നില്ല. അപ്രകാരം ചെയ്യുന്ന പക്ഷം നാം വ്യഭിചാരിണികളായിത്തീരും (യാക്കോ. 4:4). അപ്പോൾ നാം ക്രിസ്തുവിന്റെ കാന്തയാകാതെ വെളിപ്പാട് 17:5-ൽ പറയുന്ന വേശ്യയുടെ ഭാഗമായിത്തീരും. എന്നാൽ ഒരു സ്ത്രീ സ്വമനസ്സാലേ ഒരു പുരുഷന് അധീനയായിത്തീരാത്തപ്പോൾ തന്നെയും ബലാൽസംഗത്തിനധീനയായാൽ ഗർഭം ധരിക്കാനിടയുണ്ടല്ലോ. പക്ഷേ അപ്രകാരം സംഭവിക്കുമ്പോൾ, ആവൾ സ്വമനസാ അധീനയായിത്തീർന്നിരുന്നെങ്കിൽ എത്രമാത്രം പതിതയാകുമായിരുന്നോ അത്രയും

തന്നെ പതിത്വം അവൾക്കു ഭവിക്കുന്നില്ല. പാപത്തിൽ വീഴുന്നതും പാപം ചെയ്യുന്നതും തമ്മിലുള്ള വ്യത്യാസം കാണിക്കുവാനുപകരിക്കുന്ന ഒരു ദൃഷ്ടാന്തമാണിത്. പാപം ചെയ്യുമ്പോൾ നാം തെറ്റായതിനെ സ്വമനസാ തിരഞ്ഞെടുക്കുകയും ജഡത്തിനു നമ്മെത്തന്നെ അധീനരാക്കുകയും ചെയ്യുന്നു. പാപത്തിൽ വീഴുമ്പോളാകട്ടെ, ജഡത്തിന്റെ മോഹങ്ങൾക്കു നാം അറിയാതെ അധീനരായിത്തീർന്നു പോകുകയാണ്.

എന്നാൽ പാപം ചെയ്യുന്നതു പോലെ പാപത്തിൽ വീഴുന്നത് അത്ര ഗൗരവാവഹമല്ലെങ്കിലും ഫലത്തിൽ വ്യത്യാസം ഉണ്ടാകുന്നില്ല. എന്തെന്നാൽ ഒരു ഗർഭധാരണം നടക്കുകയും അങ്ങനെ മോഹം പാപത്തെ പ്രസവിക്കുകയും ചെയ്യുന്നു. എന്നാൽ പുതിയ നിയമം നമുക്കു നൽകുന്ന വാഗ്ദാനം ഇതാണ്: (പാപത്തിൽ) **വീഴാതെവണ്ണം നമ്മെ സൂക്ഷിക്കുവാൻ യേശുവിന് കഴിയും** (യൂദാ. 24). ഇതാണു വിജയജീവിതം. തൽഫലമായി ദൈവകൃപ പാപത്തിൽ വീഴാതെ നമ്മെ സൂക്ഷിക്കുന്നു.

നിങ്ങൾ പാപം ചെയ്യുന്നതിൽ നിന്നു വിരമിച്ചുവെങ്കിലും പിന്നെയും പാപത്തിൽ വീണുകൊണ്ടിരിക്കുന്നുവെങ്കിൽ - അതു താഴെപ്പറയുന്ന ഏതെങ്കിലും ചില കാരണങ്ങൾ മൂലമായിരിക്കും.

**1. ദൈവഭയമില്ലായ്മ**

ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാണ് (സദൃ. 1:7, 9:10). ജ്ഞാനത്തിന്റെ പാഠശാലയിൽ നാം ആദ്യം അഭ്യസിക്കേണ്ടത് ഈ പാഠം തന്നെ. നാം അക്ഷരമാല പഠിക്കുന്നില്ലെങ്കിൽ വിജ്ഞാനമാർഗ്ഗത്തിൽ മുന്നോട്ടു കടക്കുവാൻ നമുക്കു സാദ്ധ്യമല്ല. യഹോവഭക്തി (The fear of the Lord -ദൈവഭയം) ദോഷത്തെ വെറുക്കുന്നതാകുന്നു (സദൃ. 8:13). എന്തെന്നാൽ ദൈവം തന്നെ ദോഷത്തെ വെറുക്കുന്നവനാണ്. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ" എന്ന ആഹ്വാനം നാം കേട്ട് അതിനാൽ പിടിക്കപ്പെട്ടവരാകുമ്പോൾ നാം പാപത്തെ വെറുക്കും.

പല വിശ്വാസികളും തങ്ങൾ മറ്റുള്ളവരുടെ മുമ്പിലായിരിക്കുമ്പോൾ കോപം, ദുർമ്മോഹം മുതലായ ചില

> **പല വിശ്വാസികളും തങ്ങൾ മറ്റുള്ളവരുടെ മുമ്പിലായിരിക്കുമ്പോൾ കോപം, ദുർമ്മോഹം മുതലായ ചില പാപങ്ങളെ ജയിക്കുവാൻ കഴിവുള്ളവരായിത്തീരുന്നു. കാരണം, തങ്ങളെപ്പറ്റി മറ്റുള്ളവർക്കുള്ള മതിപ്പു നഷ്ടപ്പെടുന്നതിനെപ്പറ്റി അവർ ഭയപ്പെടുന്നു. എങ്കിലും അവർ തനിച്ചാകുമ്പോൾ ഇതേ പാപങ്ങളിൽത്തന്നെ അവർ നിഷ്പ്രയാസം അകപ്പെട്ടുപോകുന്നു. അതിനാൽ ഈ പാപങ്ങളെ ജയിക്കുവാൻ കഴിവില്ലാത്തതുകൊണ്ടല്ല, പിന്നെയോ ദൈവത്തെ ഭയപ്പെടുന്നതിലധികം സ്വന്തം പ്രശസ്തിക്ക് അവർ വില കല്പിക്കുന്നതുകൊണ്ടാണ് അവർ പാപത്തിൽ വീഴുന്നത്.**

> ചിന്താജീവിതം (thought life) എന്ന ഒരു രഹസ്യമണ്ഡലം ദൈവം നമുക്കു നൽകിയിട്ടുള്ളതിന്റെ ഉദ്ദേശ്യം എന്താണ്? നാം അവിടുത്തെ ഭയപ്പെടുന്നുണ്ടോ ഇല്ലയോ എന്നു നമ്മെ ശോധന ചെയ്യുന്നതിനു വേണ്ടിയാണ് ദൈവം അപ്രകാരം ചെയ്തിട്ടുള്ളത്. മറ്റുള്ളവരുടെ മുമ്പാകെയുള്ള നമ്മുടെ മാനത്തെപ്പറ്റി മാത്രമേ നാം ചിന്തിക്കുന്നുള്ളുവെങ്കിൽ, നമ്മുടെ ചിന്താമണ്ഡലത്തിൽ പാപം ചെയ്യുന്നതിനെപ്പറ്റി നാം ഭയമില്ലാത്തവരായിത്തീർന്നു പോകും.

പാപങ്ങളെ ജയിക്കുവാൻ കഴിവുള്ളവരായിത്തീരുന്നു. കാരണം, തങ്ങളെപ്പറ്റി മറ്റുള്ളവർക്കുള്ള മതിപ്പു നഷ്ടപ്പെടുന്നതിനെപ്പറ്റി അവർ ഭയപ്പെടുന്നു. എങ്കിലും അവർ തനിച്ചാകുമ്പോൾ ഇതേ പാപങ്ങളിൽത്തന്നെ അവർ നിഷ്പ്രയാസം അകപ്പെട്ടുപോകുന്നു. അതിനാൽ ഈ പാപങ്ങളെ ജയിക്കുവാൻ കഴിവില്ലാത്തതുകൊണ്ടല്ല, പിന്നെയോ ദൈവത്തെ ഭയപ്പെടുന്നതിലധികം സ്വന്തം പ്രശസ്തിക്ക് അവർ വില കല്പിക്കുന്നതുകൊണ്ടാണ് അവർ പാപത്തിൽ വീഴുന്നത്. ദൈവത്തിന്റെ അഭിപ്രായത്തെക്കാളധികം മനുഷ്യരുടെ അഭിപ്രായത്തിന് അവർ വില കല്പിക്കുന്നു. ഇപ്രകാരമുള്ള ക്രിസ്ത്യാനികൾ സൃഷ്ടിച്ചവനെക്കാളധികം സൃഷ്ടിയെ ഭജിച്ചാരാധിക്കുന്നവരാണ് (റോമ. 1:25). അതിനാൽ അവർ പൂർണ്ണഹൃദയത്തോടെ പശ്ചാത്തപിച്ചു ദൈവത്തെ നോക്കി ദൈവഭയമെന്ന ഈ പ്രാരംഭപാഠം ഞങ്ങളെ പഠിപ്പിക്കണേ എന്നു നിലവിളിക്കേണ്ടത് ആവശ്യമാണ്. നിങ്ങൾ ദൈവഭയത്തിനുവേണ്ടി ശബ്ദമുയർത്തി നിലവിളിക്കുകയും അതിനെ വെള്ളിയെപ്പോലെ അന്വേഷിച്ചു നിക്ഷേപങ്ങളെപ്പോലെ തിരയുകയും ചെയ്യുന്നപക്ഷം, ദൈവം ഈ പ്രാരംഭ പാഠം നിങ്ങളെ പഠിപ്പിക്കും. ഇതാണ് ദൈവവചനം നമുക്കു നൽകുന്ന വാഗ്ദാനം (സദൃ. 2:3–5; മത്താ. 5:6). “പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും” (യിരെ. 29:13). തങ്ങളുടെ പാപങ്ങളെപ്പറ്റി ദുഃഖിച്ചു വിലപിക്കുന്നവർക്കു മാത്രമേ ആശ്വാസദായകനായ ദൈവത്തിൽ നിന്ന് ആശ്വാസവും ബലവും ലഭിക്കുകയുള്ളു.

ദൈവത്തിന്റെ കണ്ണുകൾക്കു മുമ്പാകെ മാത്രം ജീവിക്കുന്നതിനുള്ള ഒരു പരിശീലനം നാം സമ്പാദിക്കേണ്ടിയിരിക്കുന്നു.

ചിന്താജീവിതം (thought life) എന്ന ഒരു രഹസ്യമണ്ഡലം ദൈവം നമുക്കു നൽകിയിട്ടുള്ളതിന്റെ ഉദ്ദേശ്യം എന്താണ്? നാം അവിടുത്തെ ഭയപ്പെടുന്നുണ്ടോ ഇല്ലയോ എന്നു നമ്മെ ശോധന ചെയ്യുന്നതിനു വേണ്ടിയാണ് ദൈവം അപ്രകാരം ചെയ്തിട്ടുള്ളത്. മറ്റുള്ളവരുടെ മുമ്പാകെയുള്ള നമ്മുടെ മാനത്തെപ്പറ്റി മാത്രമേ നാം ചിന്തിക്കുന്നുള്ളുവെങ്കിൽ, നമ്മുടെ ചിന്താമണ്ഡലത്തിൽ പാപം ചെയ്യുന്നതിനെപ്പറ്റി നാം ഭയമില്ലാത്തവരായിത്തീർന്നു പോകും. ഇപ്രകാരം പാപത്തിന്റെ മേൽ പുറ

മേയുള്ള ഒരു വിജയം നേടുന്നതും അകമേ സമ്പൂർണ്ണമായ വിജയം നേടുന്നതും തമ്മിലുള്ള വ്യത്യാസം ദൈവം നമുക്കു കാണിച്ചു തന്നിരിക്കുന്നു. പുറമേയുള്ള പാപത്തെപ്പറ്റി നാം നിലവിളിക്കുന്നതുപോലെ തന്നെ ചിന്താജീവിതത്തിലുള്ള പാപത്തെപ്പറ്റിയും നാം നിലവിളിക്കുന്ന പക്ഷം പാപത്തിന്മേൽ വിജയമുള്ള ഒരു ജീവിതത്തിലേക്കു വളരെ വേഗം പ്രവേശിക്കുവാൻ നമുക്കു കഴിയും.

**2. വിശ്വാസമില്ലായ്മ**

ക്രിസ്തീയ ജീവിതത്തിലെ എല്ലാ പുരോഗതിയും **വിശ്വാസത്താൽ** ആണ്. നീതിമാൻ വിശ്വാസത്താൽ ജീവിക്കും (റോമ. 1:17). അങ്ങനെ വിശ്വാസത്താൽ ജീവിക്കുന്നവരുടെ ജീവിതപാത പ്രഭാതത്തിന്റെ വെളിച്ചം പോലെയാണ്; മുന്നോട്ടു പോകുന്തോറും അത് അധികമധികം ശോഭാപൂർണ്ണമായിത്തീർന്നുകൊണ്ടിരിക്കും (സദൃ. 4:18).

പാപക്ഷമ പ്രാപിക്കുവാനുള്ള വിശ്വാസം നിങ്ങൾക്കുണ്ടായേക്കാം. മാത്രമല്ല, പഴയ മനുഷ്യനെ ഉരിഞ്ഞു കളയുവാനും തദ്വാര പാപം ചെയ്യുന്നതിൽ നിന്നു വിരമിക്കുവാനും ആവശ്യമായ വിശ്വാസവും നിങ്ങൾക്കു ലഭിച്ചിരിക്കാം. എന്നാൽ പാപത്തിൽ വീഴാതെ നിങ്ങളെ സൂക്ഷിക്കുവാൻ യേശുവിനു കഴിയുമെന്ന വിശ്വാസം നിങ്ങൾക്ക് ഉണ്ടായില്ല എന്നു വരാം. കാദേശ് ബർന്നയിലെത്തിയ യിസ്രായേൽക്കാരെപ്പോലെ ദേശത്തിലെ (നമ്മുടെ ജഡത്തിലെ) മല്ലന്മാരെ കാണുമ്പോൾ അവിശ്വാസം നിറഞ്ഞ ദുഷ്ടഹൃദയമുള്ളവരായിത്തീർന്നു വാഗ്ദത്ത ദേശത്തു പ്രവേശിക്കുവാൻ കഴിവില്ലാതെ നാം തളർന്നു പോയേക്കാം.

ദൈവരാജ്യത്തെ സംബന്ധിച്ച സുപ്രധാന നിയമങ്ങളിലൊന്ന് ''നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്കു ഭവിക്കും" എന്നതാണ് (മത്താ. 9:29). ഒട്ടും കുറവുമില്ല, ഒട്ടും കൂടുതലുമില്ല. ദൈവത്തിനു മുഖപക്ഷമില്ല. വിശ്വാസത്തോടെ തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്നു പ്രതിഫലം നൽകുന്നു (എബ്രാ. 11:6). അതിനാൽ വാഗ്ദത്തദേശമായ കനാനിൽ പ്രവേശിച്ച യോശുവായേയും കാലേബിനെയും പോലെ വിശ്വാസമുള്ള ചിലർ വിജയജീവിതത്തിലേക്കു പ്രവേശിക്കുന്നു. അതേ സമയം മറ്റു പലരും പരാജയത്തിൽ തുടരുന്നു. ജീവനിലേക്കുള്ള വഴി ഇടുങ്ങിയതാണ്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ. കാരണം, ചുരുക്കംപേരേ ദൈവത്തെ ഭയപ്പെടുന്നുള്ളു. വിശ്വാസവും ചുരുക്കം പേർക്കു മാത്രമേ ഉള്ളു. യേശു തന്റെ പിതൃനഗരത്തിൽ ചെന്നപ്പോൾ അവിടെയുള്ളവരുടെ അവിശ്വാസം നിമിത്തം വളരെക്കുറച്ചു വീര്യപ്രവൃത്തികൾ മാത്രമേ അവിടെ ചെയ്യുവാൻ അവിടുത്തേക്കു കഴിഞ്ഞുള്ളു. അവിടെയുള്ള രോഗികളെ സൗഖ്യമാക്കുവാൻ കർത്താവു തന്നെ വളരെ ആഗ്രഹിച്ചിരുന്നു. എന്നാൽ അവരുടെ അവിശ്വാസം കർത്താവിനെ അതിന് അനുവദിക്കാതെ അവിടുത്തെ പ്രവർത്തനത്തെ പരിമിതപ്പെടുത്തി. ഇന്നും ഇതുപോലെ തന്നെ സംഭവിക്കുന്നു. നമുക്കുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യുവാൻ കർത്താവ് ആഗ്രഹിക്കുന്നു; എങ്കിലും നമ്മുടെ വിശ്വാസരാഹിത്യം മൂലം അതൊന്നും ചെയ്യുവാൻ അവിടുത്തേക്കു കഴിയുന്നില്ല.

വിശ്വാസമെന്നത് ബുദ്ധിപരമായ സമ്മതത്തെക്കാൾ വലിയ ഒരു

നമ്മുടെ ജഡം ദൈവഹിതം ചെയ്യുവാൻ അശേഷംപോലും കഴിവില്ലാത്തതാണ്. ഈ കാര്യം പൂർണ്ണമായും അറിയുന്ന ഒരു വ്യക്തി കുറഞ്ഞപക്ഷം രണ്ടു കാര്യങ്ങൾ ചെയ്യും: അയാൾ പരീക്ഷ വരുന്ന സമയത്തു പാപം വിട്ടോടും. ദൈവത്തിൽ നിന്നുള്ള സഹായത്തിനായി ജാഗ്രതയോടെ വിളിച്ചപേക്ഷിക്കുകയും ചെയ്യും. ഈ രണ്ടു കാര്യങ്ങളും ഒരുവൻ ചെയ്യാതിരുന്നാൽ അയാളുടെ ജഡത്തിന്റെ ബലഹീനതയെപ്പറ്റി അയാൾക്കു പൂർണ്ണബോധ്യം വന്നിട്ടില്ല എന്നു വ്യക്തമാണ്.

കാര്യമാണ്. പാപത്തിൽ വീഴാതെ ആളുകളെ കാക്കുവാൻ യേശുവിനു കഴിയും എന്നു വിശ്വസിക്കുന്നത് ഒരു കാര്യമാണ്. എന്നാൽ വീഴാതെവണ്ണം **നിങ്ങളെ** സൂക്ഷിക്കുവാൻ അവിടുത്തേക്കു കഴിയുമെന്നു വിശ്വസിക്കുന്നത് തികച്ചും വ്യത്യസ്തമായ മറ്റൊരു കാര്യമത്രേ. ആദ്യം പറഞ്ഞത് സാത്താനുപോലുമുള്ള ഒരു മാനസിക ഗുണവിശേഷമാണ്; എന്നാൽ രണ്ടാമതു പറഞ്ഞതാകട്ടെ, പാപത്തിന്മേൽ നമുക്കു വിജയം സമ്പാദിച്ചു തരാൻ കഴിവുള്ള, ഹൃദയത്തിന്റേതായ, ഒരു ആത്മീയ ഗുണവിശേഷമാണ്.

"പാപം നിങ്ങളുടെ മേൽ കർതൃത്വം നടത്തുകയില്ല" എന്നതാണ് ദൈവത്തിന്റെ വാഗ്ദാനം (റോമ. 6:14). ഇതു വിശ്വസിക്കുക. നിങ്ങൾ വീഴുമ്പോൾ ദൈവവാഗ്ദാനം മാറ്റമില്ലാത്തതാണെന്നും അതു സുസ്ഥിരമായി നിലനില്ക്കുന്നുവെന്നും ഓർക്കുക. എഴുന്നേറ്റു ദൈവവചനത്തിലുള്ള നിങ്ങളുടെ പ്രത്യാശ ഏറ്റു പറഞ്ഞുകൊണ്ട് വീണ്ടും മുന്നോട്ടു പോകുക. ഒരിക്കൽ ഈ പ്രത്യാശ വിശ്വാസമായി മാറുകയും വിജയജീവിതം നിങ്ങളുടേതായിത്തീരുകയും ചെയ്യും.

**3. ജഡത്തിന്റെ ബലഹീനത മനസ്സിലാക്കാതെയിരിക്കുക**

നമ്മുടെ ജഡം ദൈവഹിതം ചെയ്യുവാൻ അശേഷംപോലും കഴിവില്ലാത്തതാണ്. ഈ വസ്തുത യേശു വ്യക്തമായി പഠിപ്പിച്ചു (മത്താ. 226:41). പൗലൊസ് ഇതു മനസ്സിലാക്കുകയും "എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു" എന്നു സമ്മതിച്ചേറ്റു പറയുകയും ചെയ്തു (റോമ. 7:18). ഈ കാര്യം പൂർണ്ണമായും അറിയുന്ന ഒരു വ്യക്തി കുറഞ്ഞപക്ഷം രണ്ടു കാര്യങ്ങൾ ചെയ്യും: അയാൾ പരീക്ഷ വരുന്ന സമയത്തു പാപം വിട്ടോടും. ദൈവത്തിൽ നിന്നുള്ള സഹായത്തിനായി ജാഗ്രതയോടെ വിളിച്ചപേക്ഷിക്കുകയും ചെയ്യും. ഈ രണ്ടു കാര്യങ്ങളും ഒരുവൻ ചെയ്യാതിരുന്നാൽ അയാളുടെ ജഡത്തിന്റെ ബലഹീനതയെപ്പറ്റി അയാൾക്കു പൂർണ്ണബോധ്യം വന്നിട്ടില്ല എന്നു വ്യക്തമാണ്.

"പരീക്ഷയിലേക്കു ഞങ്ങളെ കടത്തരുതേ" എന്നു പ്രാർത്ഥിക്കുവാൻ യേശു നമ്മെ പഠിപ്പിച്ചു (മത്താ. 6:13). നമ്മുടെ ജഡം ബലഹീനമാണെന്നു നമുക്കറിവുള്ളതിനാൽ നാം പൂർണ്ണഹൃദയത്തോടെ ഈ വിധത്തിൽ

പ്രാർത്ഥിക്കുന്നു. തിമെഥയോസിനെപ്പോലെ അസാധാരണനായ ഒരു ദൈവദാസനോടുപോലും യൗവന മോഹങ്ങളെയും ദ്രവ്യാഗ്രഹത്തെയും വിട്ടോടുവാൻ പൗലൊസ് പ്രബോധിപ്പിച്ചു (2 തിമ. 2:22; 1 തിമ. 6:10,11). ക്രിസ്തീയ ജീവിതത്തിൽ ഇത്രത്തോളം വളർന്നു കഴിഞ്ഞ തിമെഥയോസിന് ഈ വിഷയങ്ങളിൽ പരീക്ഷയുണ്ടാകുവാനിടയില്ലെന്ന് ഒരുവൻ ചിന്തിച്ചേക്കാം. എന്നാൽ അദ്ദേഹത്തിനു പരീക്ഷയുണ്ടാകുവാൻ സാധ്യമാണെന്ന് പൗലൊസിനറിയാമായിരുന്നു. അതിനാൽ പരീക്ഷയിൽ നിന്ന് ഓടിയകന്നു കൊള്ളുവാൻ പൗലൊസ് അദ്ദേഹത്തെ പ്രബോധിപ്പിച്ചു. തന്റെ ജഡം ബലഹീനമാണെന്നറിയുന്നവൻ ഈ പ്രബോധനം പൂർണ്ണഹൃദയത്തോടെ അനുസരിക്കും.

മാത്രമല്ല, തന്റെ ബലഹീനത മനസ്സിലാക്കുന്ന ഒരുവൻ അതിന്റെ പരിഹാരത്തിനാവശ്യമായ സഹായവും കൃപയും ലഭിക്കുവാൻ ദൈവത്തോടു നിലവിളിക്കുകയും ചെയ്യും. യേശു നമ്മുടെ ജഡത്തിൽ തന്നെ വരികയും എല്ലാ കാര്യങ്ങളിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെടുകയും ചെയ്തു. എങ്കിലും അവിടുന്നു ഒരിക്കൽപ്പോലും പാപം ചെയ്തില്ല (എബ്രാ. 4:15). അവിടുന്നു തന്റെ ജഡത്തിന്റെ തികഞ്ഞ ബലഹീനത മനസ്സിലാക്കുകയും മരണത്തിൽ നിന്നുള്ള വിടുതലിനായി ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടി പ്രാർത്ഥിക്കുകയും ചെയ്തതുകൊണ്ടു മാത്രമാണ് പാപം ചെയ്യാതെ ജീവിക്കുവാൻ അവിടുത്തേക്കു സാധിച്ചത് (എബ്രാ. 5:7). ഒരേയൊരു മരണത്തിൽ നിന്നു മാത്രമേ താൻ വിടുവിക്കപ്പെടണമെന്നു യേശു അഗ്രഹിച്ചുള്ളു. പാപം ചെയ്യുന്നതിന്റെ ഫലമായി സംഭവിക്കുന്ന മരണമാണത്. യാക്കോബ് 1:15ൽ ആ മരണത്തെപ്പറ്റി പറയുന്നുണ്ട്. യേശു പ്രാർത്ഥിക്കുകയും ഈ മരണത്തെ ജയിക്കുകയും ചെയ്തു. തന്റെ ബലഹീനതയെപ്പറ്റി കർത്താവിന് അറിവുണ്ടായിരുന്നതിനാൽ അവിടുന്നു കണ്ണുനീരോടെ പ്രാർത്ഥിച്ചു. തന്മൂലം ഒരിക്കലും പാപം ചെയ്യാതെ ജീവിക്കുന്നതിനുള്ള സഹായം അവിടുന്നു ദൈവത്തിൽ നിന്നു പ്രാപിക്കയും ചെയ്തു. അവിടുത്തെ ബലഹീനതയിൽ ദൈവത്തിന്റെ ശക്തി തികഞ്ഞുവന്നു. നാമെല്ലാം ബലഹീനരാണ്; എങ്കിലും എല്ലാവർക്കും ഈ ബലഹീനതയെപ്പറ്റി ബോധ്യമില്ല. ബലഹീനനായ ഒരു മനുഷ്യൻ തന്നെ നേരിടുന്ന ആപത്തു മനസ്സിലാക്കുമ്പോൾ അതിൽ നിന്ന് ഓടി രക്ഷപെടുന്നു. എന്നാൽ താൻ ശക്തനെന്നു സ്വയം കരുതുന്ന ഒരുവൻ തന്നെക്കുറിച്ചു തന്നെയുള്ള ഉന്നത ചിന്തകൾ നിമിത്തം ആപത്തിനെ വിട്ടോടുന്നില്ല; അവൻ സഹായത്തിനായി നിലവിളിക്കുന്നുമില്ല. ഫലമോ, അവൻ ആപത്തിൽപ്പെട്ട് നശിക്കുവാൻ ഇടവരുന്നു.

നമ്മുടെ ജഡത്തിലെ ബലഹീനത മനസ്സിലാക്കുകയും തന്മൂലം പരീക്ഷയിൽ നിന്ന് ഓടി രക്ഷപ്പെടുകയും സഹായത്തിനായി നിലവിളിക്കുകയും ചെയ്യുന്നതാണ് **യഥാർത്ഥ വിനയം**. അങ്ങനെയുള്ള വിനയശാലികൾക്കു മാത്രമേ ദൈവകൃപ ലഭിക്കുകയുള്ളു. എന്തെന്നാൽ താഴ്മയുള്ളവർക്കു മാത്രം കൃപ നൽകുന്നവനാണ് ദൈവം (1 പത്രൊ. 5:5; യാക്കോ. 4:6).

*(തുടരും)*

ചിന്തയ്ക്ക്

# നിങ്ങൾക്കു താത്പര്യമുള്ള കാര്യങ്ങൾ എന്താണ്?

ഏലിയാസ് അസ്‌ലാക്സൻ

**ദൈവത്തിന്റെ** വലിയ കൃപയാൽ സ്വീകരിപ്പാൻ മനസ്സുള്ള എല്ലാവർക്കും വേണ്ടി വിശിഷ്യ സമ്പന്നവും ശക്തവുമായ ഒരു വചനം എന്റെ ഹൃദയത്തിലുണ്ട്. അസാധാരണമായ ഒന്നാണത്. പരിചിതമായ ഒരു ദൈവവചനമെങ്കിലും അതിൽ നിന്നു വളരെക്കുറച്ചു മാത്രമേ നാം നേടിയിട്ടുള്ളു.

"പത്രൊസ് അവനെ (യേശുവിനെ) വേറിട്ടു കൊണ്ടുപോയി ശാസിച്ചു തുടങ്ങി"(മർക്കോസ് 8:32,33). എത്ര കുറവുള്ള ഒരു വ്യക്തിയായിരുന്നു ആ സമയത്ത് പത്രൊസ്! പലവട്ടം വ്യാജം പറകയും യേശുവിനെ താൻ അറിയുകയില്ല എന്ന് ആണയിടുകയും പ്രാകുകയും ചെയ്യുവാൻ തക്കവണ്ണം അത്ര ഭീരുവായ ഒരുവൻ! ഇങ്ങനെ ഒരുവനാണ് യേശുവിനെ വേറിട്ടു കൊണ്ടുപോയി അവിടുത്തെ തെറ്റു തിരുത്തുവാൻ ശ്രമിച്ചത്. ഒരുപക്ഷേ ഇതിനെപ്പറ്റി വളരെ കുറച്ചു മാത്രമേ നിങ്ങൾ ചിന്തിച്ചിട്ടുള്ളു. യേശു പത്രൊസിനെ തിരഞ്ഞെടുത്തതാണ്. തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാണ് അദ്ദേഹം. എങ്കിലും അദ്ദേഹം ശരിയായ വഴിയിൽ നിന്നു ബഹുദൂരം മാറിപ്പോയിരുന്നു. അടുത്ത ഭാഗത്ത് 33-ാം വാക്യത്തിൽ – "സാത്താനേ, എന്നെ വിട്ടുപോ. നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേതത്രേ കരുതുന്നത്." എന്ന് യേശു പത്രൊസിനെ ശാസിച്ചതായി എഴുതിയിരിക്കുന്നു. പത്രൊസ് സാത്താനാണെന്നല്ല കർത്താവ് ഉദ്ദേശിച്ചത്. എന്നാൽ എന്തു ചെയ്യാതിരിപ്പാനാണോ പത്രൊസ് യേശുവിനെ ശാസിച്ചത് അതു മനുഷ്യവർഗ്ഗത്തിന്റെ രക്ഷ തന്നെയായിരുന്നു. പത്രൊസിന്റെ അവസ്ഥ അത്ര മോശമായിരുന്നു. തീർച്ചയായും വളരെ നല്ല ഉദ്ദേശ്യത്തോടും ആത്മധൈര്യത്തോടും കൂടിയാണ് അദ്ദേഹം അതു ചെയ്തത്. യേശുവിനുവേണ്ടി തനിക്കു വളരെ കരുതലുള്ളതായും അദ്ദേഹം ചിന്തിച്ചിരുന്നു. എന്നാൽ ദൈവഹിതം ചെയ്യരുതെന്നു യേശുവിനെ ഉപദേശിക്കുമാറ് അത്ര കടുത്തതായിരുന്നു പത്രൊസിലുണ്ടായിരുന്ന ഇരുട്ട്. എന്നാൽ അദ്ദേഹം അതു പറഞ്ഞത് സ്നേഹപൂർവ്വമായ കരുതലോടുകൂടി യേശുവിനെ സംരക്ഷിക്കുവാൻ വേണ്ടി ആയിരുന്നു. പത്രൊസ് സാത്താനെ സേവിക്കുകയായിരുന്നു; എങ്കിലും താൻ ദൈവത്തെ സേവിക്കുകയാണെന്ന് അദ്ദേഹം ചിന്തിച്ചു. അത്ര വലിയ ഇരുട്ടിലായിരുന്നു അദ്ദേഹം.

"ദൈവത്തിന്റേതായ കാര്യങ്ങൾക്കുള്ള അഭിരുചി (താത്പര്യം) നിനക്കില്ല"(വാക്യം 33). വളരെ സദുദ്ദേശ്യമുള്ള സഹോദരീ സഹോദരന്മാരുടെ അവസ്ഥ ഈ വിധത്തിലാകുവാൻ സാധ്യമാണ്. അവർ ദൈവത്തെ അന്വേഷിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. രക്ഷ പ്രാപിക്കുവാനാഗ്രഹിക്കുന്നു. എങ്കിലും ദൈവത്തിന്റേതായ കാര്യങ്ങൾക്കുള്ള ഒരഭിരുചി ഇല്ലാതെ പോകതക്കവണ്ണം അവർ ആത്മീയ വളർച്ചയിൽ അത്ര പിന്നാക്കമാണ്. ദൈവം ഇഷ്ടപ്പെടുന്ന കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലാണ് അവർക്കു താത്പര്യം. ആത്മീയ കാര്യങ്ങളിൽ നിങ്ങൾക്ക് അഭിരുചിയുള്ളതായി ഒരുപക്ഷേ നിങ്ങൾ സങ്കല്പിക്കുന്നുണ്ടായിരിക്കാം. എന്നാൽ വാസ്തവം ഇതാണ്: ദൈവകാര്യങ്ങളിലുള്ള അഭിരുചി നിങ്ങൾക്ക് ഇല്ലാതായിരിക്കുന്നു. എന്നാൽ എന്തിലാണ് ആളുകൾക്ക് അഭിരുചി? അല്പമാലോചിച്ചാൽ ഈ കാര്യം എല്ലാവർക്കും അറിയാൻ കഴിയും. ഒരു പെൻസിലും ഒരു കഷണം കടലാസുമെടുത്തു മനുഷ്യർക്ക് അഭിരുചിയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുക. പിന്നീടു കൂടെക്കൂടെ ആ കടലാസെടുത്തു നിങ്ങളുടെ അഭിരുചി എന്തിലൊക്കെയാണെന്ന് ആ ലിസ്റ്റുപയോഗിച്ചു പരിശോധിക്കുക. നിങ്ങൾക്കു സ്വയം കണ്ടെത്തലിന് ഇതു വലിയൊരു സഹായമായിരിക്കും. നമ്മുടെ സ്വയം കണ്ടെത്തലിന്റെ തോതനുസരിച്ചു മാത്രമേ നമുക്കു രക്ഷിക്കപ്പെടുവാനും സാധ്യതയുള്ളൂ. നിങ്ങൾ ശരിയെന്നു വിശ്വസിക്കുന്ന ഒന്നിൽ നിന്നു നിങ്ങളെ രക്ഷിപ്പാനായി യേശുവിനോടപേക്ഷിക്കുവാൻ നിങ്ങൾക്കു സാധ്യമല്ല. ഞാൻ ചെയ്യുന്നതിൽ ചിലതു തെറ്റാണ് എന്നൊരു ബോധ്യം ഉള്ളപ്പോൾ മാത്രമേ കൂടുതൽ രക്ഷ അനുഭവമാക്കുവാൻ എനിക്കു കഴിയൂ. ഇവിടെ യഥാർത്ഥ വെളിച്ചം - ദൈവികമായ വെളിച്ചം- നമുക്കാവശ്യമാണ്. മാനുഷികമായ അഭിരുചി ഭയാനകമായ ഒരു കാര്യമത്രേ. അതു ദൈവത്തിനെതിരെ

ഒരു പെൻസിലും ഒരു കഷണം കടലാസുമെടുത്തു മനുഷ്യർക്ക് അഭിരുചിയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുക. പിന്നീടു കൂടെക്കൂടെ ആ കടലാസെടുത്തു നിങ്ങളുടെ അഭിരുചി എന്തിലൊക്കെയാണെന്ന് ആ ലിസ്റ്റുപയോഗിച്ചു പരിശോധിക്കുക. നിങ്ങൾക്കു സ്വയം കണ്ടെത്തലിന് ഇതു വലിയൊരു സഹായമായിരിക്കും. നമ്മുടെ സ്വയം കണ്ടെത്തലിന്റെ തോതനുസരിച്ചു മാത്രമേ നമുക്കു രക്ഷിക്കപ്പെടുവാനും സാധ്യതയുള്ളൂ. നിങ്ങൾ ശരിയെന്നു വിശ്വസിക്കുന്ന ഒന്നിൽ നിന്നു നിങ്ങളെ രക്ഷിപ്പാനായി യേശുവിനോടപേക്ഷിക്കുവാൻ നിങ്ങൾക്കു സാധ്യമല്ല. ഞാൻ ചെയ്യുന്നതിൽ ചിലതു തെറ്റാണ് എന്നൊരു ബോധ്യം ഉള്ളപ്പോൾ മാത്രമേ കൂടുതൽ രക്ഷ അനുഭവമാക്കുവാൻ എനിക്കു കഴിയൂ.

നാം തന്നെത്താൻ താഴ്ത്തുന്നതിൽ ദൈവത്തിനു വളരെ താൽപര്യമുണ്ട്. അതു നാം ചെയ്യുന്നുവെങ്കിൽ, നമ്മെ ഉയർത്തരുതേ എന്നു നാം പറഞ്ഞാൽപോലും അവിടുന്ന് നമ്മെ ഉയർത്തും. അത് അവിടുത്തെ അഭിരുചിക്കും മനസ്സിനും അനുസരിച്ചുള്ള കാര്യമാകയാൽ അവിടുന്നു തന്നെ നമ്മെ ഉയർത്തും. ഇതിന്റെ മറുവശം നോക്കുക: "തന്നത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും" (മത്താ. 23:12). ഇത് ഇപ്രകാരമല്ലാതാകുവാൻ അനുവദിക്കുക ദൈവത്തിനു സാധ്യമല്ല. ഒരു മനുഷ്യൻ താഴ്ത്തപ്പെടുന്നതായി നാം കാണുമ്പോൾ, ഈ വചനം നാം വിശ്വസിക്കുന്നപക്ഷം, അയാൾ തന്നത്താൻ ഉയർത്തിയിട്ടുണ്ടെന്നു നമുക്കു ഗ്രഹിക്കാം.

പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കായി പ്രവർത്തിക്കേണ്ട സ്ഥാനത്തു നാം നമ്മുടെ രക്ഷയെത്തന്നെ എതിർക്കുന്നവരും തടസ്സപ്പെടുത്തുന്നവരുമായിത്തീരുന്നു.

ദൈവത്തിന് അഭിരുചിയുള്ള കാര്യം മനുഷ്യർക്ക് അഭിരുചിയുള്ളതിന്റെ കടക വിരുദ്ധമാണ്. ഉദാഹരണമായി യേശുവിന്റെ ഈ വാക്കുകൾ നോക്കുക: "തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (മത്താ. 23:12). നാം തന്നെത്താൻ താഴ്ത്തുന്നതിൽ ദൈവത്തിനു വളരെ താൽപര്യമുണ്ട്. അതു നാം ചെയ്യുന്നുവെങ്കിൽ, നമ്മെ ഉയർത്തരുതേ എന്നു നാം പറഞ്ഞാൽപോലും അവിടുന്ന് നമ്മെ ഉയർത്തും. അത് അവിടുത്തെ അഭിരുചിക്കും മനസ്സിനും അനുസരിച്ചുള്ള കാര്യമാകയാൽ അവിടുന്നു തന്നെ നമ്മെ ഉയർത്തും. ഇതിന്റെ മറുവശം നോക്കുക: "തന്നത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും" (മത്താ. 23:12). ഇത് ഇപ്രകാരമല്ലാതാകുവാൻ അനുവദിക്കുക ദൈവത്തിനു സാധ്യമല്ല. ഒരു മനുഷ്യൻ താഴ്ത്തപ്പെടുന്നതായി നാം കാണുമ്പോൾ, ഈ വചനം നാം വിശ്വസിക്കുന്നപക്ഷം, അയാൾ തന്നത്താൻ ഉയർത്തിയിട്ടുണ്ടെന്നു നമുക്കു ഗ്രഹിക്കാം. ഈ കാര്യം നാം കാണുകയോ അറിയുകയോ ചെയ്യുന്നില്ലെങ്കിൽപ്പോലും അത് അങ്ങനെയായേ തീരു. കാരണം, അതു ജീവിതത്തിന്റെ നിരന്തരവും മാറ്റമില്ലാത്തതുമായ ഒരു നിയമമാണ്. ദൈവത്തിനു താത്പര്യമുള്ള കാര്യം നാം പൂർണ്ണമായി രക്ഷിക്കപ്പെടണം എന്നതാണ്. നമുക്കു ദൈവവചനത്തിൽ സജീവ താൽപര്യം ഉണ്ടായിരിക്കയും അതു നാം അനുസരിക്കയും ചെയ്യുന്നവെങ്കിൽ മാത്രമേ അതു സാധ്യമാകു. തന്നത്താൻ താഴ്ത്തുന്നതിൽ അഭിരുചിയുള്ളവരായി എത്ര ആളുകൾ ഉണ്ടെന്നാണ് നിങ്ങൾക്കു തോന്നുന്നത്? മിക്കവാറും ആരുമില്ല തന്നെ. പിന്നെ എന്തിലാണ് ആളുകൾക്ക് അഭിരുചി? അതിലൊരു കാര്യം ഇതാണ്: തങ്ങളുടെ അവസ്ഥ എത്ര മോശമായാലും അത് ആരും അറിയരുത്. ഒന്നും വഴിതെറ്റി സംഭവിച്ചിട്ടില്ലെന്നു കാണിപ്പാൻ അവർ

പുഞ്ചിരിക്കുകയും ഭാവം നടിക്കുകയും വിവിധ വേഷങ്ങൾ അഭിനയിക്കുകയും ചെയ്യും. അതിലാണ് ആളുകൾക്ക് അഭിരുചി. ആ അഭിരുചി അവർ ഉപയോഗിക്കയും ചെയ്യും.

മറ്റുള്ളവരോടു തങ്ങൾ ചെയ്ത തെറ്റുകൾക്കു ക്ഷമ ചോദിക്കുന്നവരായി മിക്കവാറും ആരും തന്നെയില്ല. തങ്ങൾ ക്ഷമ ചോദിക്കുന്ന പക്ഷം മറ്റേയാളിനു തങ്ങളെക്കുറിച്ചുള്ള മതിപ്പു കുറയും. എന്നാൽ അതോടൊപ്പം തീർച്ചയായും ദൈവത്തിനു നിങ്ങളെക്കുറിച്ചുള്ള മതിപ്പു വർദ്ധിക്കും. എന്നാൽ ആ ബോധം ആളുകൾക്കില്ല. ദൈവം നിങ്ങളെ മാനിക്കുന്നതു മൂലം ഭോഷരായ ജനങ്ങളുടെ ദൃഷ്ടിയിൽ നിങ്ങൾക്കുണ്ടാകുന്ന അപമാനം മറന്നു കളയുക. ദൈവത്താലുള്ള മാനം മാത്രമാണ് പ്രധാനം. ദൈവത്തിന്റെ സഖിത്വം പ്രതിഫലമുള്ളതാണ്. താൻ സ്ഥാപിച്ച ഒരു സഭയ്ക്ക് പലൊസ് ഇപ്രകാരം എഴുതി: "നിങ്ങൾ പുറമേയുള്ളതു മാത്രം നോക്കുന്നു" (2 കൊരി. 10:7). സോക്രട്ടീസിന്റെ കാര്യം എടുക്കുക. അദ്ദേഹം അകമേയുള്ളതു മാത്രമേ നോക്കിയിരുന്നുള്ളു. താൻ അകമേ സൗന്ദര്യമുള്ളവനായിത്തീരുവാൻ സോക്രട്ടീസ് പ്രാർത്ഥിച്ചു. ഒരൊറ്റ ദൈവവചനം പോലും അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. എങ്കിലും വളരെ ജാഗ്രതയോടെ അദ്ദേഹം ദൈവത്തെ അന്വേഷിക്കുകയാൽ ദൈവം തന്നെത്തന്നെ അത്ഭുതകരമായ വലിയൊരളവിൽ അദ്ദേഹത്തിനു വെളിപ്പെടുത്തി. പക്ഷേ ഒരൊറ്റ ദൈവചനംപോലും അദ്ദേഹത്തിന് അറിവുണ്ടായിരുന്നില്ല.

താൻ വചനം അഭ്യസിപ്പിച്ചിരുന്നവരും തന്നെപ്പോലെയുള്ള അതേ പരിശീലനവും പരിജ്ഞാനവും ലഭിച്ചിരുന്നവരുമായ കൊരിന്ത്യ സഭാംഗങ്ങൾക്കാണ് പൗലൊസ് എഴുതിയത്. ക്രിസ്തുവിന്റെ സാക്ഷ്യം അവരിൽ ഉറപ്പായി വ്യാപരിച്ചിരുന്നു. അവർക്ക് ഒരു കൃപാവരത്തിലും കുറവുണ്ടായിരുന്നില്ല. അന്യഭാഷാഭാഷണത്തിൽ അവർ പ്രഗല്ഭരായിരുന്നു. ഇപ്രകാരമുള്ളവർക്കാണ് – "നിങ്ങൾ പുറമേയുള്ളതു മാത്രം നോക്കുന്നു" എന്ന് അദ്ദേഹം എഴുതിയത്. ഇതിന് ഒരല്പം വിശദീകരണം ആവശ്യമാണ്. ആത്മീയ കാര്യങ്ങളിൽപ്പോലും അത് ആളുകളിൽ ഉളവാക്കുന്ന മതിപ്പ്, അവരുടെ പ്രതികരണം, അഭിപ്രായം തുടങ്ങിയവയെപ്പറ്റിയായിരുന്നു അവരുടെ ശ്രദ്ധ. ഇപ്രകാരം ആന്തരിക കാര്യങ്ങൾ പോലും അവർക്കു ബാഹ്യങ്ങളായി പരിണമിച്ചു. ഓരോ കാര്യത്തെപ്പറ്റിയും സംസാരിക്കുമ്പോൾ അതു വളരെ ഭംഗിയായി തോന്നത്തക്ക വിധം അവതരിപ്പിക്കുവാൻ സാധ്യമാണ്. അതു നിമിത്തം അത് എന്തോ വലിയ കാര്യമാണെന്ന് ബുദ്ധിഹീനർക്കു തോന്നും. ഉദാഹരണമായി കൊരിന്തിലുള്ള ഒരു കൂട്ടർ സുബോധം കൈവിട്ടവരോ എന്നു തോന്നുമാറ് അന്യഭാഷകളിൽ സംസാരിച്ചപ്പോൾ ഇവർ എത്ര ആത്മനിറവുള്ളവർ എന്നു ബുദ്ധിഹീനർ വിസ്മയിച്ചു. എന്നാൽ അവരുടെ ഇടയിൽ ഭിന്നതയും അസൂയയും നിലവിലിരുന്നതായി പൗലൊസ് എഴുതുന്നു. അവരിൽ ഒരാൾ പൗലൊസിനെയും മറ്റൊരാൾ പത്രൊസിനെയും മൂന്നാമതൊരാൾ അപ്പല്ലോസിനെയും പിന്താങ്ങി. അവർ ജഡികരായിരുന്നതിനാൽ ആത്മീയരോട് എന്നപോലെ അവരോടു സംസാരിക്കുവാൻ സാധ്യമായിരുന്നില്ല.

'ആളുകളിൽ നല്ല മതിപ്പുളവാ

'ആളുകളിൽ നല്ല മതിപ്പുളവാക്കുക' എന്ന പേരിൽ അറിയപ്പെടുന്ന ഒരു കാര്യമുണ്ട്. പരിജ്ഞാനം മൂലവും കൃപാവരങ്ങൾ മൂലവും ഇപ്രകാരം മതിപ്പുളവാക്കുവാൻ ആളുകൾ ശ്രമിച്ചെന്നു വരാം. അതിനെ അഭിനന്ദിക്കുവാനുള്ള ഒരു അഭിരുചി ബുദ്ധിഹീനർക്കുള്ളതിനാൽ അക്കൂട്ടരിൽ മതിപ്പുളവാക്കുവാൻ ചിലർക്കു കഴിയും. ഉച്ചത്തിലുള്ള ഹല്ലേലുയ്യാ വിളി കൊണ്ട് അത്ഭുതകരമായ ഒരന്തരീക്ഷം ഒരാൾ സൃഷ്ടിച്ചെന്നു വരാം. അതിൽ ഒരു വലിയ ആത്മവ്യാപാരം ഉണ്ടെന്നു ചിന്തിച്ചേക്കാം. എന്നാൽ പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്. ഇതാകട്ടെ, സത്യമോ യഥാർത്ഥമോ ആയ കാര്യമല്ല. അഭിനയമാണ് ഇതിൽ കൂടുതലായും ഉള്ളത്.

ക്കുക' എന്ന പേരിൽ അറിയപ്പെടുന്ന ഒരു കാര്യമുണ്ട്. പരിജ്ഞാനം മൂലവും കൃപാവരങ്ങൾ മൂലവും ഇപ്രകാരം മതിപ്പുളവാക്കുവാൻ ആളുകൾ ശ്രമിച്ചെന്നു വരാം. അതിനെ അഭിനന്ദിക്കുവാനുള്ള ഒരു അഭിരുചി ബുദ്ധിഹീനർക്കുള്ളതിനാൽ അക്കൂട്ടരിൽ മതിപ്പുളവാക്കുവാൻ ചിലർക്കു കഴിയും. ഉച്ചത്തിലുള്ള ഹല്ലേലുയ്യാ വിളികൊണ്ട് അത്ഭുതകരമായ ഒരന്തരീക്ഷം ഒരാൾ സൃഷ്ടിച്ചെന്നു വരാം. അതിൽ ഒരു വലിയ ആത്മവ്യാപാരം ഉണ്ടെന്നു ചിന്തിച്ചേക്കാം. എന്നാൽ പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്. ഇതാകട്ടെ, സത്യമോ യഥാർത്ഥമോ ആയ കാര്യമല്ല. അഭിനയമാണ് ഇതിൽ കൂടുതലായും ഉള്ളത്. വിശ്വാസികളിൽ പലർക്കും ഇത്തരം ബാഹ്യകാര്യങ്ങളിലാണ് താൽപര്യം. ഭൗമികമായ കാര്യങ്ങളെ ആളുകൾ അഭിനന്ദിക്കുകയും വിലപ്പെട്ടതായി കരുതുകയും ചെയ്യുന്നു. സഭയുടെ മധ്യത്തിൽത്തന്നെ ഈ വിധത്തിൽ അധഃപതന പ്രവണതയുണ്ടാകുവാൻ സാധ്യതയുണ്ട്. ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുകയാണു നാം ചെയ്യേണ്ടത്. നമ്മെ എപ്രകാരം രക്ഷിക്കണം എന്നു ദൈവം അറിയുന്നു. അതിനായി നാം ദൈവത്തെ സ്തുതിക്കണം. അവിടുത്തേക്ക് ഈ അറിവുണ്ടെന്നു മാത്രമല്ല, നാം കൈക്കൊള്ളുവാൻ മനസ്സുള്ളവരെങ്കിൽ അവിടുന്ന് അതു പ്രായോഗികമാക്കുകയും ചെയ്യും. വിശിഷ്യ വസ്ത്രങ്ങളേയും, വിലപിടിച്ച വസ്തുക്കളെയും ആളുകൾ ആരാധിക്കുന്നു. എന്നാൽ തന്നെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന സത്യനമസ്ക്കാരികളെയാണ് ദൈവം അന്വേഷിക്കുന്നത്. റോമർ ഒന്നാമദ്ധ്യായത്തിൽ സൃഷ്ടിയെ ആരാധിക്കുന്നവരെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. സ്രഷ്ടാവിനെ ആരാധിക്കുന്നതിനു പകരം ഇതു ചെയ്യുന്നവരാണ് ബഹുഭൂരിപക്ഷം പേരും.

യെശയ്യാവു 2:12-16 "യഹോവയുടെ നാൾ... കാഴ്ചയിൽ സുന്ദരമായ എല്ലാറ്റിന്മേലും വരും." കാഴ്ചയിൽ സുന്ദരമായ പല കാര്യങ്ങൾ ഉണ്ട്. അവ ആളുകളുടെ മനസ്സിൽ വലിയൊരു മതിപ്പുളവാക്കുന്നു.

ഇത്തരം കാര്യങ്ങളെ നോക്കി അഭിനന്ദിക്കുന്നതിലൂടെ ആന്തരിക വ്യക്തിത്വത്തിൽ നിങ്ങൾക്ക് എത്രമാത്രം രൂപാന്തരം ഉണ്ടാകും? സത്യം ഇതാണ്- ഈ കാര്യങ്ങൾ എനിക്ക് എത്രമാത്രം വലുതായിത്തോന്നുന്നുവോ യഥാർത്ഥ വിലയുള്ള കാര്യങ്ങൾ അത്രയ്ക്കു കുറവായി മാത്രമേ എനിക്കു ലഭിക്കുന്നുള്ളു. ബാഹ്യ കാര്യങ്ങൾക്ക് എന്റെ സന്തുഷ്ടിയെ ലേശവും വർദ്ധിപ്പിക്കുവാൻ കഴിവില്ല. നിങ്ങൾക്ക് എന്തെങ്കിലും ദാനമായി ലഭിക്കുമ്പോൾ നിങ്ങൾ സന്തോഷിച്ചേക്കാം. അത് ഒരു പുഷ്പമാണെന്നിരിക്കട്ടെ. എന്നാൽ നിങ്ങൾ ഉള്ളിൽ ഒരു പൂന്തോട്ടം തന്നെയുള്ളവനാണെങ്കിൽ ഈ പുഷ്പം നിങ്ങളുടെ സന്തുഷ്ടിയെ വർദ്ധിപ്പിക്കുന്നില്ല. ദൈവഭയം പൂക്കൾ നിറഞ്ഞ ഒരു പൂന്തോട്ടം പോലെയാണെന്ന് സിറാക്ക് എഴുതിയിട്ടുണ്ട്. പൂർണ്ണഹൃദയത്തോടെ നിങ്ങൾ ദൈവത്തെ ഭയപ്പെടുമ്പോൾ നിങ്ങൾ പൂർണ്ണ രക്ഷ അവകാശമാക്കും. അപ്പോൾ നിങ്ങൾക്ക് ഉള്ളിൽ ഒരു പൂന്തോട്ടം ഉണ്ടായിത്തീരും. ഇതാണ് ദൈവവചനം. ദൈവം ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ. അവിടുത്തെ അഭിരുചിക്കു മാറ്റം ഉണ്ടായിട്ടില്ല. യെശ്യാവിന്റെ കാലത്തും പൗലൊസിന്റെ കാലത്തും ദൈവത്തിനുണ്ടായിരുന്ന അതേ അഭിരുചി തന്നെയാണ് ഇന്നും അവിടുത്തേക്കുള്ളത്. നാം എളിമയുള്ള കാര്യങ്ങളോടു പറ്റിച്ചേർന്നിരിക്കണമെന്ന് പൗലൊസ് എഴുതിയിരിക്കുന്നു. അതു മാത്രമല്ല, എളിയ കാര്യങ്ങൾ തിരഞ്ഞെടുക്കുന്ന ഒരു പ്രവണത തന്നെ നമുക്കുണ്ടാകണം. ആളുകൾക്ക് ഇതിനുള്ള അഭിരുചിയുണ്ടോ? ഇല്ലെന്നു തന്നെയല്ല, അതിനു നേരെ വിപരീതമായ ഒരഭിരുചി കാണുകയും ചെയ്യുന്നു. അതിനാലാണ് എളിയവരോടു ചേർന്നുകൊൾവാൻ പൗലൊസ് പ്രബോധിപ്പിച്ചത്.

യെശയ്യാവ് 3:16-24. ദൈവത്തിന്റെ ഭയങ്കര ക്രോധം മിഥ്യാഭിമാനത്തിന്റെ മേലും, വലിയ മതിപ്പുണ്ടാക്കുന്ന സ്വഭാവത്തിന്റെമേലും ഭൗമിക കാര്യങ്ങളെ പ്രിയപ്പെടുന്നതിന്റെമേലും വരുന്നു. ഇവ മാത്രമല്ല ക്രോധമുളവാക്കുന്ന കാര്യങ്ങൾ. നമ്മുടെ വാക്കുകൾ മറ്റുള്ളവർക്ക് എങ്ങനെ തോന്നുന്നു, നാം കാഴ്ചയിൽ എങ്ങനെ ഇരിക്കുന്നു, ആളുകൾ നമ്മെപ്പറ്റി എന്തു ചിന്തിക്കുന്നു എന്നീ കാര്യങ്ങളിൽ നാം മുഴുകിയിരിക്കുന്ന സ്ഥിതിവിശേഷവും അവിടുത്തെ കോപത്തെ ജ്വലിപ്പിക്കുന്നു. നാം ചെയ്കയോ പറകയോ ചെയ്യുന്ന കാര്യങ്ങളെ ജനങ്ങൾ എങ്ങനെ വീക്ഷിക്കുന്നു എന്ന നമ്മുടെ ചിന്തയുടെമേലും ദൈവക്രോധം പകരപ്പെടുന്നു. എന്നാൽ ഇതിനു പകരം നാം ആഗ്രഹിക്കേണ്ടിയിരുന്നത് ആന്തരികമായി സൗന്ദര്യമുള്ളവരായിരിപ്പാനും ഹൃദയത്തിനു രൂപാന്തരം സംഭവിപ്പാനും അകമേ മുഴവനായും സമ്പൂർണ്ണമായും ദൈവഭക്തിയുള്ളവരായിരിപ്പാനും ആയിരുന്നു. ഈ കാര്യങ്ങളിലാണ് ദൈവത്തിന് അഭിരുചിയുള്ളത്. അവയിലാണ് അവിടുത്തെ താൽപര്യം. ബാഹ്യമായ മറ്റു കാര്യങ്ങളിലാണ് നമുക്കു താൽപര്യമെങ്കിൽ നാം ഇപ്പോഴും ദൈവത്തിൽ നിന്ന് അനേക കാതം അകലെയാണ്. സ്വന്ത കുറ്റം സമ്മതിക്കുന്നതും ഏറ്റു പറയുന്നതും സ്വയം താഴ്ത്തുന്നതും തനിക്കു സംഭവിക്കാവുന്ന ഏറ്റവും മോശമായ കാര്യമായി കരുതത്തക്കവണ്ണം ഒരുവന്റെ ആത്മീയ നിലവാരം

അത്ര വഷളായിത്തീരാൻ കഴിയും. അങ്ങനെയെങ്കിൽ ആ വ്യക്തി ഉൽഗതിക്കു വഴിയില്ലാത്തവിധം അധഃപതിച്ചുവെന്നു കരുതാം. ദൈവം താഴ്മയുള്ളവർക്കു കൃപ നൽകുന്നു; അവിടുന്നു നിഗളികളെ എതിർക്കുന്നു. എന്നെത്തന്നെ താഴ്ത്തുന്നതും കാര്യങ്ങൾ അവ ആയിരിക്കുന്ന സ്ഥിതിയിലാണെന്നു സമ്മതിക്കുന്നതും എനിക്കു ഭാവന ചെയ്യാവുന്ന ഏറ്റവും മോശമായ കാര്യങ്ങളാണെന്ന് ഞാൻ കരുതുന്നപക്ഷം, എന്താണതിന്റെ അർത്ഥം? തങ്ങൾ പുറമേ കാണുന്നതുപോലെ നല്ലവരല്ല എന്നതിനെപ്പറ്റി ഏറ്റവും ചെറിയ ഒരു സൂചനയെങ്കിലും മറ്റുള്ളവർക്കു ലഭിക്കാതിരിക്കുവാൻ എന്തു വേണമെങ്കിലും ആളുകൾ ചെയ്യും. മറ്റൊരു തരത്തിൽ പറഞ്ഞാൽ യഥാർത്ഥത്തിൽ ഏറ്റവും നല്ലതായ കാര്യം തങ്ങൾക്കു സങ്കല്പിക്കാവുന്നതിൽ ഏറ്റവും ചീത്തയാണെന്നു കരുതത്തക്കവണ്ണം ഇക്കൂട്ടരുടെ അവസ്ഥ അത്ര മോശമായിത്തീർന്നിരിക്കുന്നു. ഇതാ ഇവിടെ നിങ്ങളുടെ ആത്മാവിന്റെ രക്ഷയെ പടുത്തുയർത്തുവാൻ സർവോത്തമമായ ഒരു മാർഗ്ഗം. അതു രക്ഷയുടെ കേന്ദ്രബിന്ദു തന്നെയെന്നു പറയാം. നിങ്ങൾ യഥാർത്ഥത്തിൽ ആയിരിക്കുന്നതിനെക്കാൾ മെച്ചമായി ആളുകൾ നിങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ നിങ്ങൾക്ക് ഒരു നല്ല മനസ്സാക്ഷി വച്ചുപുലർത്തുവാൻ സാധ്യമല്ല. അവിടെ നിങ്ങളുടെ മനസ്സാക്ഷിയുടെ നേരെ നിങ്ങൾ കാഠിന്യം കാട്ടേണ്ടി വരുന്നു. അതിനെ നിങ്ങൾ നിശ്ശബ്ദമാക്കേണ്ടി വരുന്നു. ഇതിനെതിരായി എന്റെ ആന്തരിക ജീവിതത്തിൽ ഞാൻ അനേകമനേകം വർഷങ്ങളായി സർവ ശ്രമവും കേന്ദ്രീകരിച്ചു പോരാടിക്കൊണ്ടിരിക്കുന്നു. ഞാൻ വാസ്തവത്തിലായിരിക്കുന്നതിൽ ഉപരിയായിട്ടുള്ള ഒരു മതിപ്പ് എന്നെക്കുറിച്ചുണ്ടാകത്തക്കവിധം ഒരു വാക്കോ ഒരു പെരുമാറ്റമോ എന്നിൽ നിന്ന് ഉണ്ടാകുന്ന പക്ഷം പിന്നീട് ഒരു ദിവസം പോലും ജീവിച്ചിരിക്കുന്നത് എനിക്കു സഹിക്കുവാൻ സാധ്യമല്ല. അത് എനിക്കു വഹിക്കാവുന്നതിലധികമാണ്. എന്റെ ജീവിതത്തിൽ അതു സംഭവിക്കുക കേവലം സാധ്യമല്ല.

“സാത്താനേ, എന്നെ വിട്ടു പോ. എന്തെന്നാൽ ദൈവത്തിന്റേതായ കാര്യങ്ങളിലുള്ള ഒരഭിരുചി നിനക്കില്ല. മനുഷ്യരുടെ കാര്യങ്ങളിലാണ് നിനക്കു താൽപര്യം.” ആളുകൾക്ക് എന്തിലാണ് അഭിരുചി? എല്ലാ മനുഷ്യരും തങ്ങളെ ഇഷ്ടപ്പെടുന്നതിലും ബഹുമാനിക്കുന്നതിലും മറ്റും മറ്റുമാണ് അവർക്ക് അഭിരുചിയുള്ളത്. എന്നാൽ പ്രധാനമായ ഏക കാര്യം ദൈവം എന്തു ചിന്തിക്കുന്നു എന്നതാണ്. ഇത് ഏറ്റവും വ്യക്തമാണ്. നിങ്ങൾ ചെറുപ്പമാണെങ്കിൽപ്പോലും ശിഷ്ടായുസ്സു മുഴുവൻ ഈ വഴിയിൽ പ്രയത്നിക്കുക. നിങ്ങൾക്ക് മാനുഷിക കാര്യങ്ങളിൽ അഭിരുചിയുണ്ടാകുമ്പോൾ കപട ഭക്തിയിൽ നിങ്ങൾ കുടുങ്ങുവാൻ ഇടയാകുന്നു. കപടഭക്തിയുടെ ഏറ്റവും വലിയ ലക്ഷണമാണ് നാട്യം അഥവാ അഭിനയം. ആളുകൾ വിവിധ രൂപത്തിൽ അതു ചെയ്തുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ തങ്ങൾ ഏതൊരു നിലയിലിരിക്കുന്നുവോ അതിനെക്കാൾ ഭേദമാണ് തങ്ങളുടെ നിലയെന്ന് അവർ നടിക്കുന്നു. നിങ്ങൾ സത്യത്തിൽ എന്തായിരിക്കുന്നുവോ അതിനെക്കാൾ വലിയവനായി ആളുകൾ നിങ്ങളെ മതിക്കുമ്പോൾ നിങ്ങൾ സന്തോഷിക്കുന്നു. എന്നാൽ അതിനെ നിങ്ങൾ വെറുക്കുകയാണ് വേണ്ടത്. പൂർണ്ണ

രക്ഷയ്ക്ക് ആവശ്യമായ അഭിരുചിയുണ്ടാകുക എന്നതിന്റെ അർത്ഥം അതത്രേ.

ഫാഷനു വേണ്ടിയുള്ള ഒരഭിരുചി മനുഷ്യർക്കുണ്ട്. മിക്കവാറും എല്ലാവരും തന്നെ ഫാഷന്റെ അടിമകളാണ്. ക്ഷമ ചോദിക്കുക എന്നതു മാത്രമാണ് ഫാഷനല്ലാത്ത ഒരു കാര്യം. അതു മിക്കവാറും ഒരിക്കലും സംഭവിക്കുന്നില്ല. സംഭവിക്കുന്നത് ഇതാണ്: ഒരാൾ മറ്റൊരാൾക്കെതിരായി പാപം ചെയ്കയും ഒരിക്കലും ക്ഷമ ചോദിക്കാതിരിക്കയും ചെയ്യുന്നു. എന്താണതിനു കാരണം? മാപ്പു ചോദിച്ചാൽ മറ്റുള്ളവർക്കു തങ്ങളെക്കുറിച്ചുള്ള മതിപ്പു കുറഞ്ഞു പോകുമെന്നും തങ്ങൾ തെറ്റായ ചിലതു ചെയ്തുപോയതായി മറ്റുള്ളവർ ഗ്രഹിപ്പാനിടയാകുമെന്നും അവർ വിശ്വസിക്കുന്നു. എന്നാൽ ഇപ്രകാരം മാപ്പു ചോദിക്കുമ്പോൾ ഞാൻ ദൈവത്തിന്റെ ദൃഷ്ടിയിൽ വലിയ അഭിവൃദ്ധി പ്രാപിക്കും. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ളത് അവിടുത്തേക്കു മാത്രമാണ്. അതിനാൽ അവിടുത്തെ ദൃഷ്ടിയിൽ എനിക്കുള്ള മതിപ്പു വർദ്ധിച്ചാൽ അതു വളരെ പ്രതിഫലമുള്ള കാര്യമാണ്. ദൈവിക കാര്യങ്ങളിലുള്ള അഭിരുചിയും മാനുഷിക കാര്യങ്ങളിലുള്ള അഭിരുചിയും അന്യോന്യം വിരുദ്ധമാണ്. എന്റെ വ്യക്തിപരമായ സാക്ഷ്യം ഇതാണ്: ഞാൻ മാനസാന്തരപ്പെട്ട സമയം മുതൽ ഭൗമികമായ മഹത്വത്തിൽ എനിക്കു യാതൊരു താൽപര്യവും ഉണ്ടായിരുന്നില്ല. പൂർണ്ണമായും, ഈയൊരു അടിസ്ഥാനത്തിലാണ് ഞാൻ ജീവിച്ചിട്ടുള്ളത്. സ്വർഗ്ഗീയം, ഭൗമികം ഇവയിലൊന്നു മാത്രമാണ് നമുക്കു തിരഞ്ഞെടുക്കുവാനുള്ളത്. മനുഷ്യരിൽ നിന്നു ബഹുമാനം ലഭിക്കുകയും സ്വന്ത തെറ്റു മറച്ചു വയ്ക്കയും ചെയ്യുന്നതിൽ ഒരുവനു തോന്നുന്ന അഭിരുചി സാധ്യമായതിൽ ഏറ്റവും അധമമായ ഭൗമികാഭിരുചിയാണ്.

നിങ്ങൾ എന്റെ സദുപദേശം പിന്തുടരുമെന്ന് ഞാൻ എല്ലാ എളിമയോടും കൂടി ആത്മാർത്ഥമായി പ്രത്യാശിക്കുന്നു. നിങ്ങൾ ഇരുന്ന് മനുഷ്യർക്ക് അഭിരുചിയുള്ള കാര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. അതു നിങ്ങളുടെ ബൈബിളിൽ സൂക്ഷിച്ചു വച്ച് അതിൽപ്പെട്ട കാര്യങ്ങളെ ഒഴിവാക്കുവാൻ നിരന്തരം പ്രയത്നിക്കുക. നാം ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയെ പടുത്തുയർത്തുവാൻ ബാധ്യസ്ഥരാണ്. എന്തുകൊണ്ടാണ് ഭയപ്പെടുകയും വിറയ്ക്കുകയും ചെയ്യേണ്ടത്? കാര്യങ്ങൾ ഈ വിധം ക്രമീകരിക്കുന്നതിന്റെ ഫലമായിട്ടേ കർത്താവിനു നാം കൊള്ളാകുന്നവരായിത്തീരാൻ ഇടയാകൂ. അതു മൂലമാണ് ഭയപ്പെട്ടു വിറയ്ക്കേണ്ടത്. ശരാശരി കൊള്ളാവുന്ന, മോശമല്ലാത്ത ഒരു വധുവിനെയല്ല യേശുവിനു വേണ്ടത്. ഉള്ളിൽ സൗന്ദര്യ പരിപൂർണ്ണയായ ഒരു വധു, അവിടുന്നു ചെയ്യുന്നതുപോലെ തന്നെ ലൗകിക കാര്യങ്ങളെ പുറന്തള്ളുന്ന ഒരു വധുവിനെയാണ് യേശു കാംക്ഷിക്കുന്നത്.

ഈ കാര്യത്തിൽ നിങ്ങൾ ഓരോരുത്തരും വിജയം നേടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇപ്പോഴാണ് അതിനുള്ള നല്ല അവസരം. അത്ഭുതകരമായ ഈ വചനത്തിന്റെ വെളിച്ചത്തിൽ കൂടുതൽ അവസരങ്ങൾ നിങ്ങൾ ഉപയോഗപ്പെടുത്തുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ■

ദൈവം യോജിപ്പിച്ചത്

മോളിയും ജോൺ വെസ്‌ലിയും - 5

# ഒടുവിൽ വിവാഹം



അജയ് ജോർജ്

**മെതഡിസ്റ്റ്** പ്രസ്ഥാനത്തിലെ ചുരുക്കം ചിലർക്കെങ്കിലും ജോൺ വെസ്‌ലി വിവാഹിതനാവണമെന്ന അഭിപ്രായമുണ്ടായിരുന്നു. വിൻസെന്റ് പെറൊനെറ്റ് അത്തരം ഒരാളായിരുന്നു. ജോൺ വിവാഹം കഴിക്കേണ്ടത് ആവശ്യം മാത്രമല്ല കടമയും കൂടിയാണെന്ന് വിൻസെന്റ് പറഞ്ഞു. ഏതായാലും ഇക്കുറി ജോണിന് എതിർപ്പൊന്നുമുണ്ടായില്ല. വിൻസെന്റ് ഇക്കാര്യം എബനേസർ എന്ന ബാങ്കുടമയോടു പറയുകയും അയാൾ മോളി വാസെയ്ൽ എന്നൊരു യുവതി അനുയോജ്യയായിരിക്കുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. മോളി ലണ്ടനിൽ നല്ല നിലയിൽ ബിസിനസ്സ് നടത്തിയിരുന്ന ഒരാളുടെ വിധവയായിരുന്നു. ഭർത്താവിന്റെ ആകസ്മിക മരണം മോളിയെ ഒരു കോടീശ്വരിയാക്കി മാറ്റിയിരുന്നു.

ഭാര്യയാകാനിരിക്കുന്ന യുവതി ഏഴു കാര്യങ്ങളിൽ തന്റെ യോഗ്യത തെളിയിക്കണമായിരുന്നല്ലോ. ഗ്രേസിന്റെ കാര്യത്തിൽ ഇതെല്ലാം തലനാരിഴ കീറി പരിശോധിച്ച ജോൺ, മോളിയുടെ മുന്നിൽ ഒന്നും ആലോചിക്കാൻ പോയില്ല. മാത്രമല്ല, ആദ്യത്തേതിൽ ചാൾസിനോട് അഭിപ്രായം ആരാഞ്ഞിരുന്നു. അത് ഒരു അബദ്ധമായെന്ന് പിന്നീട് മനസ്സിലായി. അതുകൊണ്ടു തന്നെ മോളിയുടെ കാര്യം ചാൾസിനോട് മിണ്ടിയതേയില്ല. അതും ഒരു ബുദ്ധിമോശമായിപ്പോയെന്ന് തെളിയാൻ ജോണിന് അധികം കാത്തിരിക്കേണ്ടി വന്നില്ല!

മോളിയുടെ കാര്യത്തിൽ അഭിപ്രായം ചോദിച്ചില്ല എങ്കിലും താൻ ഉടനെ വിവാഹിതനാകാൻ പോകുന്നു എന്ന് ചാൾസിനോട് പറയുകയുണ്ടായി. വധു ആരാണെന്ന് പറഞ്ഞതുമില്ല. 'ഇതു കേട്ടു ഞാൻ വെട്ടേറ്റവനെപ്പോലെ ആയി' എന്നാണ് ചാൾസ് അന്ന് ദിനാന്ത്യക്കുറിപ്പെഴുതിയത്. കുറച്ചു ദിവസങ്ങൾക്കു ശേഷം: 'ആളാരാണെന്നറിഞ്ഞപ്പോൾ മറ്റുള്ളവർക്കും എനിക്കും വന്നു ഭവിച്ച ദുരന്തമോർത്ത് ഉള്ളിൽ ഞെരങ്ങി. ഭക്ഷണം കഴിക്കാനോ പ്രസംഗിക്കാനോ എന്തിന് ഉറങ്ങാൻ പോലുമാവാതെ ഞാൻ കരഞ്ഞു' എന്നെഴുതി. ആസന്നമായ വിവാഹ 'ദുരന്ത'ത്തോട് ഈ മനോഭാവമായിരുന്നെങ്കിലും ഇക്കുറി ചാൾസ് ഒന്നിനും തടസ്സം പറയാൻ പോയില്ല.

വിവാഹത്തിനു മുമ്പുള്ള ദിവസങ്ങളായിരുന്നിട്ടും നേരത്തെ തീരുമാനിച്ചിരുന്ന തന്റെ പ്രസംഗ പര്യടനങ്ങ

ളിൽ ഒരു മാറ്റവും വെസ്ലി വരുത്തിയില്ല. മാറ്റം വരുത്തിയില്ലെന്നു മാത്രമല്ല തന്റെ തിരക്കിട്ട പ്രവർത്തനങ്ങളുടെ 'സ്പീഡ്' അല്പം പോലും കുറച്ചുമില്ല. അങ്ങനെയിരിക്കെയാണ്, ഭാഗ്യമോ നിർഭാഗ്യമോ എന്തോ, ജോണിന് ഒരപകടമുണ്ടായത്. പ്രസിദ്ധമായ 'ലണ്ടൻ ബ്രിഡ്ജി'ലൂടെ പോകുമ്പോൾ കാലു തെന്നി വീണു പരുക്കു പറ്റി. കാലിന് നല്ല വേദനയുണ്ടായിട്ടും സമയത്തിനു തന്നെ യോഗസ്ഥലത്തെത്തുകയും പ്രസംഗിക്കുകയും ചെയ്തു. മീറ്റിംഗ് കഴിഞ്ഞപ്പോൾ, അടുത്തു തന്നെയുള്ള മോളിയുടെ ഭവനത്തിൽ വിശ്രമിക്കുന്നതായിരിക്കും നല്ലതെന്ന സഹപ്രവർത്തകരുടെ അഭിപ്രായം മാനിച്ച് ഉളുക്കിയ കാലുമായി മുടന്തി അവിടെ എത്തിച്ചേർന്നു. ഒരാഴ്ചക്കാലം മോളി അദ്ദേഹത്തെ നന്നായി പരിചരിച്ചു. അവിടെ, വായനയും പ്രാർത്ഥനയും, കുട്ടികൾക്കുള്ള എബ്രായ ഭഷ വ്യാകരണം' തയ്യാറാക്കലും പിന്നെ മോളിയുമായുള്ള സംഭാഷണങ്ങളുമൊക്കെയായി സമയം കഴിച്ചു.

മോളിയുമായുള്ള സംസാരമദ്ധ്യേ വിവാഹ ജീവിതത്തെപ്പറ്റിയുള്ള തന്റെ സങ്കൽപങ്ങൾ പലതും വെസ്ലി വെളിപ്പെടുത്തിയിരിക്കണം. അതിൽ ഏറ്റവും പ്രധാനം ഭാര്യയുടെ സമ്പത്തിൽ ഒരു ചില്ലിക്കാശുപോലും താൻ തൊടുകയില്ല എന്നതായിരുന്നു. നാലു കുട്ടികളുണ്ടായിരുന്നു മോളിക്ക്. കുറഞ്ഞപക്ഷം അതിൽ ഒരാൾക്കെങ്കിലും അമ്മയുടെ ഈ വിവാഹത്തോട് എതിർപ്പുണ്ടായിരുന്നു. അതുകൊണ്ടു തന്നെ മോളിയുടെ ധനമാണ് തന്നെ വിവാഹത്തിന് പ്രേരിപ്പിക്കുന്നതെന്ന് ആരും ധരിക്കരുതെന്ന് വെസ്ലിക്ക് നിർബന്ധമുണ്ടായിരുന്നു. തന്റെ തിരക്കിട്ട പ്രവർത്തനങ്ങളെപ്പറ്റിയും അദ്ദേഹം സംസാരിച്ചു കാണും. വർഷത്തിൽ മുക്കാൽ പങ്കും വീട്ടിൽ നിന്നും അകലത്തായിരിക്കും എന്നും മോളിക്ക് തന്റെ കൂടെ വരുകയോ അതല്ലങ്കിൽ കുട്ടികളോടൊന്നിച്ച് വീട്ടിലിരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നും സൂചിപ്പിച്ചു. മറ്റുള്ളവരോട് പറയാറുള്ളതുപോലെ, 'ഒരു മെതഡിസ്റ്റ് പ്രവർത്തനകനും വിവാഹിതനായി എന്നതുകൊണ്ട് ചെയ്യാനുള്ള പ്രസംഗങ്ങളിൽ ഒന്നു കുറയ്ക്കാനോ യാത്രകളിലൊന്നു വെട്ടിച്ചുരുക്കാനോ പാടില്ല' എന്ന തത്വം തനിക്കും ബാധകമാണെന്ന കാര്യവും ജോൺ ഈ സമയം പറഞ്ഞു കാണണം. വേറൊരു വിധത്തിൽ പറഞ്ഞാൽ, വിവാഹ ജീവിതത്തിൽ തന്റെ പ്രവർത്തനം സംബന്ധിച്ച് ഒരു വിട്ടുവീഴ്ചയും ഉണ്ടാവില്ല. എല്ലാം ഇന്നത്തേതുപോലെ തന്നെയായിരിക്കും. അതിനോടു സഹകരിക്കുക എന്നതു മാത്രമേ മോളി ചെയ്യേണ്ടതുള്ളു!

പിറ്റേ തിങ്കളാഴ്ച, തന്റെ ഉളുക്കിയ കാലും വച്ച്, അവർ വിവാഹിതരായി! തലേദിവസം ഞായറാഴ്ച യോഗത്തിന് ജോൺ മുട്ടിന്മേൽ നിന്നാണ് പ്രസംഗിച്ചത്. കാലിലെ വേദന കാരണം നിൽക്കാൻ സാധിക്കില്ലായിരുന്നു. വിവാഹ പിറ്റേന്ന് മറ്റൊരിടത്ത് പ്രസംഗിച്ചതും മുട്ടിൽ നിന്നുകൊണ്ടു തന്നെ. അങ്ങനെയെങ്കിൽ തിങ്കളാഴ്ച അദ്ദേഹം വിവാഹിതനായതും മുട്ടുമടക്കിത്തന്നെ എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അനുമാനിക്കേണ്ടി വരും എന്ന് വെറുതെ പറഞ്ഞതല്ല. അദ്ദേഹത്തിന്റെ വിവാഹത്തെപ്പറ്റി നമുക്കു വലുതായൊന്നുമറിഞ്ഞുകൂടാ എന്നതാണ് സത്യം. എല്ലാം വിശദമായി ഡയറിയിലെഴുതുമായിരുന്ന ആൾ തന്റെ വിവാഹദിനത്തെക്കുറിച്ചു മിണ്ടുന്നതേയില്ല! മുട്ടുമടങ്ങിപ്പോയത് മോളിയുടെ മുന്നിലായിരുന്നോ? മധുവിധു എന്നു പറയാമെങ്കിൽ അതു വെറും പതിനാറു ദിവ

▶ *ശേഷം പേജ് 36*



## ബൈബിളിലൂടെ...
# 2 കൊരിന്ത്യർ

## ബലഹീനതയെ കവിയുന്ന ദൈവശക്തി

**അധ്യായം 12:1ൽ** ദൈവം തന്നെ മൂന്നാം സ്വർഗ്ഗത്തോളം എടുത്തതിനെ സംബന്ധിച്ച്, പൗലൊസ് പറയുന്നു. 14 വർഷത്തോളം അദ്ദേഹം അത് ആരോടും പരാമർശിച്ചതേയില്ല. എന്തൊരു മനുഷ്യനാണ് ഇദ്ദേഹം? തന്റെ ഈ അനുഭവത്തെ സംബന്ധിച്ച് 14 വർഷം മിണ്ടാതിരിക്കുകയും പിന്നീട് അതിനെക്കുറിച്ചു സംസാരിച്ചപ്പോൾ വിശദാംശങ്ങൾ നൽകാതിരിക്കുകയും ചെയ്തു. മിക്ക വിശ്വാസികളും ഇത്തരമൊരു അനുഭവമുണ്ടായാൽ തൊട്ടടുത്ത സഭായോഗത്തിനു തന്നെ അതിനെക്കുറിച്ചു വളരെ വിശദമായി സംസാരിക്കും. അതുകൊണ്ടാണ് മറ്റുള്ളവ



*മിക്ക വിശ്വാസികളും അസാധാരണമായൊരു അനുഭവമുണ്ടായാൽ തൊട്ടടുത്ത സഭായോഗത്തിനു തന്നെ അതിനെക്കുറിച്ചു വളരെ വിശദമായി സംസാരിക്കും.*

രുടെ ആദരവു ലഭിക്കുന്നതിനു ചില കരിസ്മാറ്റിക് വിശ്വാസികൾ സ്വർഗ്ഗീയ ദർശനത്തെക്കുറിച്ച് ആത്മപ്രശംസയോടെ തങ്ങളുടെ ഭാവനയിൽ നിന്നു പറയുന്നത്. എന്തുകൊണ്ടാണ് നാം ഇങ്ങനെ പറയുന്നത്? യഥാർത്ഥ ദർശനം ലഭിച്ചിട്ടുള്ളവർ ആ ദർശനത്തെ (പൗലൊസ് പറഞ്ഞതുപോലെ) ഇങ്ങനെ പറയും "ഒരു മനുഷ്യന്റെയും വാക്കുകൾ കൊണ്ട് വിശദീകരിക്കുവാൻ കഴിയാതെ വണ്ണം അത്ഭുതകരമാണ് അത്." മാത്രമല്ല, 'അത് മറ്റുള്ളവരോട് പറയുവാൻ അനുവദിക്കപ്പെട്ടിട്ടുമില്ല' (12:4).

പിന്നീട് പൗലൊസ്, താൻ നിരന്തരം പ്രാർത്ഥിച്ചിട്ടും ദൈവം ഒഴിവാക്കി കൊടുക്കാതിരുന്ന ഒരു കഠിന ശോധനയെക്കുറിച്ചു പറയുന്നു. പൗലൊസ് അതിനെ "ജഡത്തിൽ ഒരു ശൂലം" "സാത്താന്റെ ദൂതൻ" എന്നെല്ലാം വിളിക്കുന്നു. എങ്കിലും അത് ''ദൈവം തന്നിരിക്കുന്നു''(12:7). പൗലൊസിനു ദൈവം കൊടുത്ത വരം ഒരു ശൂലമാണ്. പൗലൊസ് നിഗളിച്ചു പോകുമെന്നുള്ള അപകടം അവിടുന്നു കണ്ടതുകൊണ്ടാണ് അതു നൽകിയത്. എല്ലാ നിഗളികളോടും ദൈവം എതിർത്തു നിൽക്കുന്നു. പൗലൊസിനെ എതിർക്കുവാൻ ദൈവം ആഗ്രഹിച്ചില്ല. പൗലൊസിനു കൃപ നൽകുവാൻ ദൈവം ആഗ്രഹിച്ചു. അതിനു പൗലൊസിനെ താഴ്മയിൽ നിർത്തേണ്ട ആവശ്യമുണ്ടായിരുന്നു (1പത്രൊ. 5:5). അതിനാൽ പൗലൊസിനെ നിരന്തരം ശല്യപ്പെടുത്തുവാൻ സാത്താന്റെ ദൂതനെ അവിടുന്ന് അനുവദിച്ചു. അങ്ങനെ പൗലൊസിനെ എപ്പോഴും താഴ്മയിലും ദൈവാശ്രയത്തിലും നിർത്തുവാൻ സാധിച്ചു.

അതിനാൽ ചില സന്ദർഭങ്ങളിൽ അവസാനം നന്മയുണ്ടാകണമെന്ന താല്പര്യത്തോടെ നമ്മെ കഷ്ടപ്പെടുത്തുവാൻ സാത്താന്റെ ദൂതനെ ചിലപ്പോൾ ദൈവം അനുവദിക്കും. ഉദാഹരണത്തിനു രോഗം സാത്താന്റെ ഒരു ദൂതനാണ്. എന്തുകൊണ്ടാണ് നാം അങ്ങനെ പറയുന്നത്? കാരണം യേശു പറഞ്ഞു 'അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുക്കുവാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു ചോദിക്കുന്നവർക്കു നന്മ എത്രയധികം കൊടുക്കും" (മത്താ. 7:11). നന്മ നിറഞ്ഞ ദൈവത്തോടു താരതമ്യം ചെയ്താൽ നാം എല്ലാം ദോഷികളായ പിതാക്കന്മാരാണ്. എങ്കിലും നാം ആരും നമ്മുടെ മക്കൾക്കു രോഗം കൊടുക്കുകയില്ല. അങ്ങനെയെങ്കിൽ സ്നേഹസമ്പന്നനായ പിതാവ് തന്റെ മക്കൾക്കാർക്കെങ്കിലും രോഗങ്ങൾ നൽകുമോ? ലോകത്തിൽ കാണുന്ന രോഗങ്ങളിൽ പലതിനും കാരണം ഈ ഭൂമി ശപിക്കപ്പെട്ടതായതിനാലാണ് (ഉല്പ. 3:17). മറ്റു ചില രോഗങ്ങൾ സാത്താനാൽ ഉണ്ടാകുന്നതാണ് (ഇയ്യോ. 2:7). നാം പൂർണ്ണ ആരോഗ്യവാന്മാരാകണമെന്നാണ് ദൈവഹിതമെങ്കിലും അവിടുന്നു ചില സന്ദർഭങ്ങളിൽ ചില പ്രത്യേക ഉദ്ദേശ്യത്തോടെ നമ്മെ രോഗിയാകുവാൻ അനുവദിക്കും. പൗലൊസ് തന്റെ ശരീരത്തിലുള്ള ശൂലം മാറ്റിത്തരണമെന്നു പ്രാർത്ഥിച്ചെങ്കിലും ദൈവം അദ്ദേഹത്തിനു വിടുതൽ നൽകിയില്ല. അതിനു പകരം കൃപ നൽകി. ശൂലം ശരീരത്തിൽ ഇരിക്കുമ്പോൾ തന്നെ അദ്ദേഹത്തെ ജയാളിയാക്കി. അതേ കൃപയാൽ നമുക്കും ജയാളികളാകുവാൻ സാധിക്കും.

13:4,5 വാക്യങ്ങളിൽ നാം വായി

നന്മ നിറഞ്ഞ ദൈവത്തോടു താരതമ്യം ചെയ്താൽ നാം എല്ലാം ദോഷികളായ പിതാക്കന്മാരാണ്. എങ്കിലും നാം ആരും നമ്മുടെ മക്കൾക്കു രോഗം കൊടുക്കുകയില്ല. അങ്ങനെയെങ്കിൽ സ്നേഹസമ്പന്നനായ പിതാവ് തന്റെ മക്കൾക്കാർക്കെങ്കിലും രോഗങ്ങൾ നൽകുമോ? നാം പൂർണ്ണ ആരോഗ്യവാന്മാരാകണമെന്നാണ് ദൈവഹിതമെങ്കിലും അവിടുന്നു ചില സന്ദർഭങ്ങളിൽ ചില പ്രത്യേക ഉദ്ദേശ്യത്തോടെ നമ്മെ രോഗിയാകുവാൻ അനുവദിക്കും.

ക്കുന്നു "ബലഹീനതയിൽ അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയാൽ ജീവിക്കുന്നു. ഞങ്ങൾ അവനിൽ ബലഹീനർ എങ്കിലും അവനോടുകൂടെ ദൈവശക്തിയിൽ നിങ്ങൾക്കു വേണ്ടി ജീവിക്കുന്നു" ഒരു യഥാർത്ഥ ശിഷ്യൻ തന്നിൽ തന്നെ വളരെ ബലഹീനനെങ്കിലും ദൈവശക്തിയിൽ ജീവിക്കുന്നവനാണ്. അങ്ങനെയാണ് പൗലൊസ് ആ ലേഖനം അവസാനിപ്പിക്കുന്നത്.

**സ്ഥാനപതിയുടെ ലക്ഷണങ്ങൾ**

അവസാനമായി ഈ ലേഖനത്തിൽ നാം കാണുന്ന "യേശുവിന്റെ ഒരു സ്ഥാനപതി"യുടെ 12 അടയാളങ്ങൾ കൂടി നോക്കാം. പൗലൊസ് യേശുക്രിസ്തുവിന്റെ ഒരു സ്ഥാനപതിയായിരുന്നു (2 കൊരി 5:20).

(1) അവൻ ദൈവത്താൽ വിളിക്കപ്പെട്ടവനാണ് (1:1). "ദൈവേഷ്ടത്താൽ ക്രിസ്തുവിന്റെ അപ്പൊസ്തലനായ പൗലൊസ്." അവൻ സ്വയം വിളിച്ചതല്ല, ദൈവം അവനെ വിളിച്ചതാണ്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. ദൈവത്തിൽ നിന്നും വിളി ലഭിക്കാതെ നാം പൂർണ്ണമായ ശുശ്രൂഷയിലേക്കു കടക്കരുത്.

(2) അവൻ അങ്ങേയറ്റം ആത്മാർത്ഥതയുള്ളവനാണ് (1:12). ദൈവം നമ്മളിൽ നിന്നും ആവശ്യപ്പെടുന്ന വളരെ പ്രധാനപ്പെട്ട ഒന്നാണ് ആത്മാർത്ഥത. നിങ്ങൾക്കു പല ബലഹീനതകൾ ഉണ്ടാകാം. എന്നാൽ നിങ്ങൾ സത്യസന്ധനും ആത്മാർത്ഥതയുള്ളവനും ആണെങ്കിൽ നിങ്ങൾക്കൊരു യഥാർത്ഥ ദൈവദാസനാകാൻ കഴിയും.

(3) അവൻ പരിശുദ്ധാത്മ അഭിഷേകം പ്രാപിച്ചവനായിരുന്നു (1:22). നിങ്ങൾക്കു മറ്റ് എന്തെല്ലാം യോഗ്യതകൾ ഉണ്ടെങ്കിലും പരിശുദ്ധാത്മ അഭിഷേകം ഇല്ലെങ്കിൽ നിങ്ങൾക്കു ദൈവത്തെ സേവിക്കുവാൻ കഴിയുകയില്ല. നിങ്ങൾ ചെയ്യുന്നത് മറ്റെന്തെങ്കിലും ആയിരിക്കും.

(4) താൻ സേവിക്കുന്നവരെ അവൻ സ്നേഹിക്കുന്നു (2:4). "എനിക്കു നിങ്ങളോടുള്ള സ്നേഹം അറിയേണ്ടതിനത്രേ."

(5) അവൻ പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചു (3:5). "ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ." തന്റെ മാനുഷിക കഴിവുകളിലൊ, സ്വാധീനമുള്ള മനുഷ്യരിലൊ അവർ ആശ്രയിച്ചില്ല. അവൻ ദൈവത്തിൽ മാത്രം ആശ്രയിച്ചു.

(6) അവൻ ഒരിക്കലും മടുത്തുപോകുന്നില്ല (4:1). "ഈ ശുശ്രൂഷ ലഭിച്ചിരിക്കുന്നതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടുന്നില്ല." ക്രിസ്തീയ വേലയിൽ പലപ്പോഴും മടുപ്പു തോന്നി

എല്ലാം അവസാനിപ്പിക്കുവാൻ നാം പരീക്ഷിക്കപ്പെടാറുണ്ട്. മറ്റ് ഏതു പരീക്ഷയെയും പോലെ ഇതിനെയും എതിർത്തു തോല്പിക്കണം.

(7) അവൻ മറ്റുള്ളവർക്കൊരു മാതൃകയാണ് (6:3,4). "സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂഷക്കാരെന്നു കാണിക്കുന്നു." അവൻ തന്റെ ജീവിത നിലവാരം കൊണ്ടും ഓരോ സാഹചര്യത്തിലുള്ള തന്റെ പെരുമാറ്റം കൊണ്ടും മറ്റുള്ളവർക്കു ഒരു മാതൃകയായിരിക്കും.

(8) ആരെയും ചൂഷണം ചെയ്യുന്നില്ല (7:2). തന്നെ സേവിക്കുന്ന ആളുകളെ തന്റെ ദാസന്മാരായി കണക്കാക്കുന്നില്ല. മറ്റുള്ളവരുടെ നന്മയേയും ആതിഥ്യമര്യാദകളെയും ചൂഷണം ചെയ്യുന്നില്ല.

(9) അവൻ പണത്തെ വളരെ ജ്ഞാനത്തോടെ കൈകാര്യം ചെയ്തു (8:20,21, 11:19). അവൻ ആർക്കും ഒരു സാമ്പത്തിക ഭാരം കൊടുത്തില്ല. പണം കൈകാര്യം ചെയ്യുന്നതിൽ അവൻ വളരെ സൂക്ഷ്മബുദ്ധിയുള്ളവനായിരുന്നു. തന്റെ ശുശ്രൂഷ സ്വീകരിക്കാത്ത ആരിൽ നിന്നും അവൻ പണം സ്വീകരിച്ചില്ല.

(10) ദൈവം അവനു ചുറ്റും വരച്ച അതിരുകൾക്കുള്ളിൽ നിന്നു മാത്രം അവൻ പ്രവർത്തിച്ചു (10:13). തന്റെ അതിരുകൾക്കു പുറത്തു പ്രവർത്തിക്കുവാനുള്ള മോഹം അവനുണ്ടായിരുന്നില്ല.

(11) കഷ്ടത സഹിക്കുവാൻ അവൻ തയ്യാറായിരുന്നു (11:23-33). ദൈവത്തെ സേവിക്കുന്ന കാര്യത്തിൽ പല കഷ്ടതകളിലൂടെ അവനു കടന്നു പോകേണ്ടി വന്നു. അതെല്ലാം അവൻ സന്തോഷത്തോടെ സ്വീകരിച്ചു.

(12) ഒടുവിൽ, അവൻ സഹ വിശ്വാസികളെ പൂർണ്ണതയിലേക്കു നടത്തുവാൻ വളരെ ആഗ്രഹിച്ചു (13:9). "നിങ്ങൾ ശക്തരായിരിക്കുമ്പോൾ ഞങ്ങൾ സന്തോഷിക്കുന്നു. നിങ്ങൾ പൂർണ്ണരാകുന്നതിനു വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു."

ഇങ്ങനെയാണ് പൗലൊസ് ക്രിസ്തുവിനെ അനുഗമിച്ചത്. ദൈവത്തെ സേവിക്കുന്നതിൽ നമുക്കു പൗലൊസിന്റെ മാതൃക അനുകരിക്കാം.

(മൊഴിമാറ്റം : **സാജു ജോസഫ്**)

**പൗലൊസ് തന്റെ ശരീരത്തിലുള്ള ശൂലം മാറ്റിത്തരണമെന്നു പ്രാർത്ഥിച്ചെങ്കിലും ദൈവം അദ്ദേഹത്തിനു വിടുതൽ നൽകിയില്ല. അതിനു പകരം കൃപ നൽകി. ശൂലം ശരീരത്തിൽ ഇരിക്കുമ്പോൾ തന്നെ അദ്ദേഹത്തെ ജയാളിയാക്കി. അതേ കൃപയാൽ നമുക്കും ജയാളികളാകുവാൻ സാധിക്കും. "ബലഹീനതയിൽ അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയാൽ ജീവിക്കുന്നു. ഞങ്ങൾ അവനിൽ ബലഹീനർ എങ്കിലും അവനോടു കൂടെ ദൈവശക്തിയിൽ നിങ്ങൾക്കു വേണ്ടി ജീവിക്കുന്നു" ഒരു യഥാർത്ഥ ശിഷ്യൻ തന്നിൽ തന്നെ വളരെ ബലഹീനനെങ്കിലും ദൈവശക്തിയിൽ ജീവിക്കുന്നവനാണ്.**

അനുഭവം

# ക്രിസ്തു ഇല്ലാത്തവനായ ക്രിസ്ത്യാനി

*(കഴിഞ്ഞ ലക്കം തുടർച്ച)*

**സാധു സുന്ദർസിംഗ്**

**ഒരു അമേരിക്കൻ പ്രഫസർ**

ബോസ്റ്റണിൽ വച്ചു വിദ്യാസമ്പന്നനായ ഒരു മനുഷ്യൻ-ക്രിസ്തുവിനോടു കൂടെയല്ലാത്ത ഒരു ക്രിസ്ത്യാനി -എന്നോടു ചോദിച്ചു: 'ദൈവം സ്നേഹമാണെങ്കിൽ എന്തുകൊണ്ടു ദൈവം ലോകത്തിൽ നിന്നു മറഞ്ഞിരിക്കുന്നു? അവൻ തന്നെത്തന്നെ കാണിക്കുകയും മനുഷ്യരെ അവരുടെ തെറ്റുകളിൽ നിന്നും നാശങ്ങളിൽ നിന്നും രക്ഷിക്കുകയും ചെയ്യേണ്ട തല്ലേ?'

ഞാൻ: 'ദൈവം ഒരിക്കൽ ക്രിസ്തുവിൽക്കൂടി ലോകത്തിനു സ്വയം വെളിപ്പെടുത്തിയിരിക്കുന്നു. അവനെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുന്ന ഏവർക്കും ദൈവം ഇപ്പോഴും സ്വയം കാണിച്ചു കൊടുക്കുന്നതാണ്. ദൈവം സ്നേഹമാണെന്നുള്ളതു സത്യം തന്നെ; അതേസമയം തന്നെ അവൻ ദഹിപ്പിക്കുന്ന അഗ്നിയുമാകുന്നു (എബ്രാ. 12:29). വെടിപ്പില്ലാത്തതും വിശുദ്ധിയില്ലാത്തതുമായി അവന്റെ ഹിതത്തിനു വിപരീതമായി കാണുന്ന എല്ലാറ്റിനെയും അവൻ ദഹിപ്പിച്ചു കളയും. സൂര്യൻ ചൂടും വെളിച്ചവും നൽകി വൃക്ഷത്തിന്റെ വളർച്ചയ്ക്കും സഹായിക്കുന്നു. എന്നാൽ വൃക്ഷത്തിനെന്തെങ്കിലും തകരാറുണ്ടെങ്കിൽ അതേ സൂര്യൻ തന്നെ വൃക്ഷത്തെ സഹായിക്കുന്നതിനു പകരം അതിനെ ഉണക്കി കളയും. അതു സൂര്യന്റെ കുറ്റമല്ല. ആ വൃക്ഷത്തിന്റെ പ്രത്യേകാവസ്ഥ കൊണ്ടാണ്. ജീവന്റെ വെളിച്ചവും സ്നേഹവാനുമായ ദൈവം, ഓരോ മനുഷ്യനും അവന്റെ ആത്മിക വളർച്ചയ്ക്കു വേണ്ടിയ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. എന്നാൽ അവന്റെ ചില പ്രത്യേക സ്ഥിതി മൂലം ജീവദായകമായ വെളിച്ചത്തെ അവർ സ്വനാശത്തിലേക്കു തള്ളി വിടുന്നു. മനുഷ്യൻ തന്റെ സ്വന്തം അനുസരണക്കേടിനാലും സ്വന്തം മടയത്തരത്തിനാലും സ്വയം ക്ഷതം വരുത്തി സ്വന്തം ശത്രുവായി തീരാത്തപക്ഷം ദൈവത്തിന്റെ സ്വന്ത രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ക്ഷതപ്പെടുത്തുവാൻ പോരുന്നതായി ദൈവം സൃഷ്ടിച്ച അഖിലാണ്ഡത്തിൽ യാതൊന്നുമില്ല.

**മറ്റുള്ളവർക്കു വരുത്തുന്ന ദ്രോഹം**

ദൈവത്തെ കൂടാതെ ജീവിക്കുന്ന മനുഷ്യൻ തന്റെ ആത്മിക കാഴ്ചപ്പാടും വികാരങ്ങളും മന്ദീഭവിക്കത്തക്ക വിധത്തിൽ സ്വയം ക്ഷതം വരുത്തിക്കഴിഞ്ഞാൽ പിന്നീടവൻ മറ്റുള്ളവർക്കു ക്ഷതം വരുത്തുവാൻ തുടങ്ങുന്നതാണ്. അവന്റെ ആന്തരികബോധം ഈ അവസ്ഥയിലെത്തുമ്പോൾ അതു മൃതപ്രായമായിത്തീരുന്നു. അവനെപ്പോലെ തന്നെ സമൂഹത്തിലെ അംഗങ്ങളായ മറ്റുള്ളവർക്കു താൻ ദ്രോഹം ചെയ്യുകയാണെന്ന് അവനു ബോധ്യമില്ലാതെ വരുന്നു. മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാകത്തക്കവണ്ണം അവന് ആത്മീയ ഉണർവുണ്ടെങ്കിൽ, അവൻ മറ്റുള്ളവർക്കു ദ്രോഹം ചെയ്യാതെ അവർക്കു നന്മ വരുത്തി, സ്രഷ്ടാവിന്റെ ലക്ഷ്യം സ്വജീവിതത്തിൽ നിവൃത്തിയാക്കുന്നതാണ്.

**ഒരു ധനവാൻ**

യൂറോപ്പിൽ വച്ച് തത്ത്വശാസ്ത്രം നല്ലതുപോലെ പഠിച്ചിട്ടുള്ള ഒരു ധനാഢ്യനെ ഞാൻ കാണുകയുണ്ടായി. എന്നാൽ ധനമോ അറിവോ അദ്ദേഹത്തിനു ഹൃദയ സമാധാനം പ്രദാനം ചെയ്തില്ല. ഞാൻ അദ്ദേഹത്തെ കാണുന്നതിന് അല്പകാലം മുമ്പ്, തന്റെ ശിഷ്ടജീവിതം സമാധാനപരമായി ചെലവഴിക്കുന്നതിനുതകിയ ഒരു സ്ഥലം തേടി അദ്ദേഹം പല രാജ്യങ്ങളിൽ സഞ്ചരിക്കുകയുണ്ടായി. വലിയ ചൂടോ തണുപ്പോ ഇല്ലാത്തതും, മാരകമായ സുഖക്കേടുകളോ വിഷജീവികളോ ഇല്ലാത്തതും ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക നിലവാരം രമ്യമായതുമായ ഒരു രാജ്യമാണ് അദ്ദേഹം തേടിയത്. 'അങ്ങനെയൊരു സ്ഥലത്ത് എന്റെ ശിഷ്ടായുസ്സ് കഴിക്കണം' എന്നാണ് അദ്ദേഹം പറഞ്ഞത്. ക്രിസ്തുവോടു കൂടെയല്ലാത്ത ഈ ക്രിസ്ത്യാനി, നോഹയുടെ പ്രാവിനെപ്പോലെ ഭൂമിയിലെങ്ങും ഒരു വിശ്രമസ്ഥാനം കാണായ്കയാൽ നിരാശയോടെ സ്വിറ്റ്സർലാൻഡിലേക്കു മടങ്ങി. ഞങ്ങൾ തമ്മിലുള്ള സംഭാഷണമധ്യേ അദ്ദേഹം പറഞ്ഞു. ജീവിതക്ലേശങ്ങളിൽ നിന്നും ബദ്ധപ്പാടുകളിൽ നിന്നും രക്ഷപ്പെടണമെന്നുള്ളതായിരുന്നു എന്റെ ഭൂലോക പര്യടനത്തിന്റെ ഉദ്ദേശ്യം. എന്നാൽ അങ്ങ് യൂറോപ്പിലേക്ക് വന്നതെന്തിനാണ്?

ഞാൻ: ഉള്ളിൽ നിന്നുത്ഭൂതമാകുന്ന ഈ തീവ്രാഭിലാഷം ശമിപ്പിക്കുവാൻ കഴിയുന്നതായി ലോകത്തിൽ ഒരു സ്ഥലമോ മറ്റെന്തെങ്കിലുമോ ഇല്ല. ഈ തീവ്രാഭിലാഷം ജഡികമല്ല. അത് ആത്മീയമാണ്. ആത്മാവിനെയും അതിന്റെ തീവ്രാഭിലാഷത്തെയും നൽകിയതായ ദൈവത്തിൽക്കൂടി മാത്രമേ അതിന് ശമനമുണ്ടാകയുള്ളു. എന്റെ ആത്മാവിനെ സമാധാനം കൊണ്ടു നിറച്ചിരിക്കുന്ന ജീവനുള്ള ക്രിസ്തുവിനെ സാക്ഷീകരിക്കുവാൻ വേണ്ടിയാണ് ഞാൻ യൂറോപ്പിൽ വന്നിട്ടുള്ളത്. ക്രിസ്തീയ രാജ്യങ്ങളെന്നു വിളിക്കപ്പെടുന്ന ഈ സ്ഥലങ്ങളിലെ ആളുകളുടെ ജീവിതരീതി-ക്രിസ്തുവിനോടു കൂടിയും, ക്രിസ്തുവിനെ കൂടാതെയുമുള്ള അവരുടെ ജീവിതരീതി-നേരിട്ടു കാണണമെന്നുള്ളതാണ് എന്റെ രണ്ടാമത്തെ ഉദ്ദേശ്യം. അനേകം രാജ്യങ്ങളിൽക്കൂടി സഞ്ചരിച്ചശേഷം എന്റെ ശ്രദ്ധയിൽപ്പെട്ട സംഗതി, ക്രിസ്തുവിനെ സ്വീകരിച്ചിട്ടുള്ളവരുടെ ജീവിതം, അവർക്കു ലൗകികകമായ എന്തെല്ലാം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടാൽ തന്നെയും സന്തോഷകരമാണെന്നുള്ളതാണ്.

ക്രിസ്തു സർവലോക രക്ഷകനാണെന്നു പ്രായോഗിക മാർഗങ്ങളിലൂടെ പ്രദർശിപ്പിച്ചു നമ്മെ ബോധ്യപ്പെടുത്തിയിരിക്കുന്നു. കിഴക്കും പടിഞ്ഞാറും പ്രകാശം നൽകുന്നതായി ഒരൊറ്റ സൂര്യനെയുള്ളു എന്നതുപോലെ ഈ ലോകത്തിലേക്കു വരുന്ന ഓരോ മനുഷ്യനെയും പ്രദീപ്തമാക്കുന്ന ഒരൊറ്റ വെളിച്ചമേയുള്ളു.

അവനിൽ നിന്നു വേർപെട്ടിരിക്കുന്നവർ ആഡംബരവസ്തുക്കളാലും മറ്റു വസ്തുവകകളാലും ചുറ്റപ്പെട്ടിരുന്നിട്ടുപോലും ഹൃദയസമാധാനം ഇല്ലാത്തവരാണ്. യഥാർത്ഥ ക്രിസ്ത്യാനികൾ കുടിലിലും കൊട്ടാരത്തിലും ഒന്നുപോലെ സന്തുഷ്ടരാണ്. ഏറ്റവും നിർദ്ധനരായ യഥാർത്ഥ ക്രിസ്ത്യാനികൾ അവരുടെ ദാരിദ്ര്യാവസ്ഥയിൽ അനുഭവിക്കുന്ന സമാധാനവും സന്തുഷ്ടിയും നാമമാത്ര ക്രിസ്ത്യാനികൾ കൊട്ടാരങ്ങളിൽ ജീവിച്ചിട്ടുപോലും അനുഭവിക്കുന്നില്ല.

**സർവ്വലോകത്തിന്റെയും രക്ഷകൻ**

ഞാൻ തുടർച്ചയായി പറഞ്ഞു: 'പാശ്ചാത്യ രാജ്യങ്ങളിൽ മാത്രമല്ല പൗരസ്ത്യ രാജ്യങ്ങളിലും ക്രിസ്ത്യാനികളും ക്രൈസ്തവേതരരും തമ്മിൽ ഇതേ വ്യത്യാസം ഞാൻ കാണുന്നുണ്ട്. ക്രിസ്തു സർവലോക രക്ഷകനാണെന്നു പ്രായോഗിക മാർഗങ്ങളിലൂടെ പ്രദർശിപ്പിച്ചു നമ്മെ ബോധ്യപ്പെടുത്തിയിരിക്കുന്നു. കിഴക്കും പടിഞ്ഞാറും പ്രകാശം നൽകുന്നതായി ഒരൊറ്റ സൂര്യനെയുള്ളു എന്നതുപോലെ ഈ ലോകത്തിലേക്കു വരുന്ന ഓരോ മനുഷ്യനെയും പ്രദീപ്തമാക്കുന്ന ഒരൊറ്റ വെളിച്ചമേയുള്ളു.

പൗരസ്ത്യലോകത്തിലും പാശ്ചാത്യലോകത്തിലുമുള്ള എല്ലാ ആളുകളും ഒരേയൊരു സാർവലൗകിക മാതാവിന്റെ സന്താനങ്ങളാണ്. ഉപരിപ്ലവമായ ചില ചില്ലറ വ്യത്യാസങ്ങളൊഴിച്ചാൽ മനുഷ്യസ്വഭാവം ലോകത്തിലെല്ലായിടത്തും ഒന്നുപോലെ തന്നെയാണ്. എല്ലാ മനുഷ്യരുടെയും ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഒരൊറ്റ ദൈവമേയുള്ളുവെന്ന് അനുഭവങ്ങൾ സമൃദ്ധിയായി തെളിയിക്കുന്നു. ആ ദൈവത്തിന്റെ ഹിതമനുസരിച്ചു ജീവിച്ചെങ്കിൽ മാത്രമേ, അതു സാധിക്കുകയുള്ളുതാനും.

**ഭൗതികവാദം**

അദ്ദേഹം ചോദിച്ചു: 'ഭൗതികവാദത്തെപ്പറ്റി അങ്ങെന്തു വിചാരിക്കുന്നു? പൗരസ്ത്യർ ഞങ്ങളെ പലപ്പോഴും ഭൗതികവാദികളെന്നല്ലേ വിളിക്കുന്നത്?'

ഞാൻ: 'ഭൗതികവസ്തുക്കളോ മറ്റേതെങ്കിലുമോ അവയിൽത്തന്നെ ചീത്തയല്ല. അവ ദുരുപയോഗപ്പെടുത്തുന്നതിന്റെ പരിണതഫലമാണു അധമമായിട്ടുള്ളത്. ഭൗതികവസ്തുക്കൾ അവയ്ക്കനുയോജ്യമായ സ്ഥാനത്തു വച്ചാൽ അവ നല്ലതു തന്നെ. എന്നാൽ നമ്മുടെ ആത്മീയാവശ്യങ്ങൾക്കു ശമനം വരുത്തുവാനുള്ള ശ്രമത്തിൽ അവയ്ക്കു നാം ഹൃദയത്തിൽ സ്ഥാനം കൊടുക്കുന്ന പക്ഷം അവ ദൈവത്തിന്റെ സ്ഥാനമെടുക്കുന്നു. അതോടെ നമ്മുടെ ആത്മാക്കളെ ജീവശൂന്യമാക്കുകയും ചെയ്യുന്നു. ഈ ഭൗതികത്വം കിഴക്കൻ രാജ്യങ്ങളിലും പടിഞ്ഞാറൻ രാജ്യങ്ങളിലുമുണ്ട്. നമ്മുടെ ആത്മാവു

കുടികൊള്ളുന്ന ഭവനത്തെ പരിപാലിച്ചു കൊണ്ടുപോകാൻ വേണ്ടതു മാത്രം അവലംബിക്കുക എന്നുള്ളതാണു ഭൗതികവസ്തുക്കളുടെ ശരിയായ ഉപയോഗവിധി. അതുതന്നെ വളരെ മിതമായി മാത്രമേ ഉപയോഗിക്കാവൂ. ഈ മിതത്വത്തിന്റെ സീമകൾ അതിലംഘിക്കുമ്പോൾ നാം നമ്മുടെ ആത്മാവിനെ രണ്ടാം സ്ഥാനത്തേക്കു തള്ളി, ഭൗതികവസ്തുക്കളെ ആരാധ്യസ്ഥാനത്തു പ്രതിഷ്ഠിക്കുന്നു. നമ്മുടെ ആത്മാവിന്റെ നാശമാണതിന്റെ അന്തിമഫലം.'

**ഒരു മഹാരാജാവ്**

അല്പ നാളുകൾക്കു മുൻപ് ഒരു മഹാരാജാവ് എന്നെ ക്ഷണിക്കുകയും ഞാൻ രണ്ടു മൂന്നു ദിവസങ്ങൾ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ താമസിക്കുകയും ചെയ്തു. അദ്ദേഹം പാശ്ചാത്യ രാജ്യങ്ങളിൽ ധാരാളം സഞ്ചരിച്ചിട്ടുള്ളതിനാൽ പാശ്ചാത്യ ഭൗതികവാദവും പാശ്ചാത്യരുടെ ജീവിതരീതികളും അദ്ദേഹത്തെ കുറെയൊക്കെ സ്വാധീനിച്ചിട്ടുണ്ട്; എന്നാൽ ആത്മിക കാര്യങ്ങളിൽ അനാസ്ഥ ഉളവാകുന്നത്ര തോതിൽ സ്വാധീനിച്ചിട്ടുമില്ല. ഒരു രാത്രി അദ്ദേഹം സ്വജീവിത കഥ രഹസ്യമായിട്ട് എന്നോടു പറഞ്ഞു: 'യേശുക്രിസ്തുവിൽക്കൂടി എനിക്കു ലഭിച്ച അനുഗ്രഹങ്ങൾക്കു വേണ്ടി ദിനം തോറും ദൈവത്തെ ഞാൻ സ്തുതിക്കാറുണ്ട്. ക്രിസ്തുവിനെ പരസ്യമായി അംഗീകരിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഈ നിവൃത്തികേട് ഒരു ദൗർബല്യമാണെന്നു ഞാൻ സമ്മതിക്കുന്നു. ഞാനങ്ങനെ ചെയ്താൽ എന്റെ പ്രജകൾ മാത്രമല്ല ബ്രിട്ടീഷ് ഗവൺമെന്റു തന്നെയും - ഒരു ക്രിസ്തീയ ഗവൺമെന്റ് എന്നാണല്ലോ അതിനെ വിളിക്കുന്നത്- എന്നെ സിംഹാസന ഭ്രഷ്ടനാക്കുന്നതാണ്. രാഷ്ട്രീയ കാര്യങ്ങളേക്കാൾ കുറവായി മാത്രം മതപരമായ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്ന ഈ ഗവൺമെൻറിനെ ബ്രിട്ടീഷ് എന്നല്ലാതെ ക്രിസ്ത്യൻ ഗവൺമെന്റെന്നു വിളിക്കുവാൻ എനിക്കു നിവൃത്തിയില്ല. എന്റെ അവകാശങ്ങൾ നഷ്ടപ്പെടാതെ നോക്കുന്നതിനെക്കാൾ കൂടുതലായി എന്റെ മതധർമങ്ങളെപ്പറ്റി ചിന്തിക്കേണ്ടതാണെന്ന് എനിക്കറിയാം. തന്റെ സ്വർഗ്ഗീയ സിംഹാസനം പരിത്യജിച്ച ക്രിസ്തുവിനുവേണ്ടി ഭരണാധികാരിയായ ഒരു രാജാവെന്ന നിലയിൽ എന്റെ സിംഹാസനം വിട്ടുകളയുന്നതിനു ഞാൻ തയ്യാറായിരിക്കേണ്ടതാണെന്ന് എനിക്കറിയാം.

ആ നാമമാത്ര ക്രിസ്ത്യൻ രാജ്യങ്ങൾ സന്ദർശിക്കുന്നതിനു മുൻപു ഞാൻ ഇന്നത്തെക്കാൾ ആത്മീയമായി ഉയർന്നവനായിരുന്നുവെന്നു പറയുന്നതിൽ എനിക്കു ഖേദമുണ്ട്. ഞാൻ അവിടെച്ചെന്നു 'വിളക്കിന്റെ കീഴിൽ കിടക്കുന്ന ഇരുട്ടു' കണ്ടപ്പോൾ ഞെട്ടിപ്പോയി. ഇതു നേരത്തെ അറിഞ്ഞിരുന്നെങ്കിൽ ഞാൻ അവിടെ പ്പോകയില്ലായിരുന്നു. മാതൃസഭയിൽ ചെന്ന് അതിന്റെ പരിശുദ്ധമായ പാൽ കുടിക്കുകയും ശക്തിദായകമായ ഭക്ഷണം കഴിക്കയും ചെയ്ത ശേഷം എന്റെ ആത്മീയ കാര്യങ്ങളും രാജ്യകാര്യങ്ങളും നിർവഹിക്കുന്നതിനു തയ്യാറായി തിരിച്ചുപോരണമെന്നുള്ളതായിരുന്നു എന്റെ സന്ദർശനോദ്ദേശ്യം. പാലിനു പകരം അവരെനിക്കു മദ്യം നൽകി; അപ്പത്തിനു പകരം കല്ലും. മുമ്പത്തേക്കാൾ വഷളനായിട്ടാണ് ഞാൻ തിരിച്ചെത്തിയത്. വേറെ ചില സംഗതികളുമുണ്ട്. അതു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ക്രിസ്തുമതം പരാജയമാണെ

ന്നല്ല ഞാൻ പറയുന്നത്. അതു സത്യസന്ധമായി പിന്തുടരുന്ന കാര്യത്തിൽ ജനങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. സാധാരണക്കാരുടെ കാര്യത്തിൽ മാത്രമല്ല വൈദിക നേതാക്കന്മാരുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും കാര്യത്തിലും ഇതു തന്നെ സ്ഥിതി. ശരി നമുക്കു ഇക്കാര്യം വിട്ടുകളയാം. ഞാൻ ചെയ്യേണ്ടതെന്തന്നാൽ അതു ചെയ്യാൻ ദൈവസഹായവും നടത്തിപ്പും ലഭിക്കുവാനായി എനിക്കുവേണ്ടി അങ്ങിപ്പോൾ പ്രാർത്ഥിക്കുക.

ക്രിസ്തുവിനോടുകൂടെയല്ലാത്ത ക്രിസ്തീയത ഉയർത്തുന്ന ക്രിസ്ത്യാനിത്വത്തിന്റെ നേരെയുള്ള വെല്ലുവിളിക്കു ഉദാഹരണമായ മറ്റൊരു സംഭവമാണിത്. യാഥാർത്ഥ്യത്തിൽ നിന്നു ക്രിസ്ത്യാനിത്വം എത്രമാത്രം വീണുപോയി എന്നു നമ്മെ ഉണർത്തുന്ന ഒരു സംഭവം! കർത്താവ്, വെളിപ്പാട് 2:5ൽ പറഞ്ഞതു നോക്കുക.

'... നീ ഏതിൽ നിന്നു വീണിരിക്കുന്നുവെന്നോർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യു...'

മഹാരാജാവു പറഞ്ഞതുപോലെ ഇതുവരെ 'ഇരുട്ടു വിളക്കിന്റെ താഴെത്തന്നെ'യാണ്. അനുസരണക്കേടുകൊണ്ടും അനാസ്ഥകൊണ്ടും വിളക്കു തന്നെ അതിന്റെ സ്ഥാനത്തു നിന്നു മാറ്റിക്കളഞ്ഞാൽ ആ ഇരുട്ട് എത്ര വളരെ വലുതായിരിക്കും!

**അർദ്ധരാത്രിയിൽ സൂര്യൻ**

തുടർച്ചയായി മുന്നറിയിപ്പുകൾ ലഭിച്ചിട്ടും ജനങ്ങൾ വിചാരശൂന്യരും അനാസ്ഥയോടു കൂടിയവരുമായിരിക്കയാൽ, വെളിച്ചത്തിനു നേരെ കണ്ണുകളടച്ച് അവർ ഇരുട്ടിൽ നടക്കുന്നു. ഒരു വേനൽക്കാലത്തു ഞാൻ വടക്കൻ യൂറോപ്പിലായിരുന്നപ്പോൾ (അർദ്ധരാത്രിക്കുപോലും അവിടെ സൂര്യൻ അസ്തമിക്കയില്ല) സ്വീഡനിൽ നിന്നൊരു സ്നേഹിതൻ എന്റെ പേർക്കെഴുതി 'അർദ്ധരാത്രിയിലും സൂര്യനുള്ള രാജ്യത്തുവച്ച് അങ്ങയെ കാണാനിടയാകുന്നതിനാൽ ഞങ്ങൾക്കു സന്തോഷമുണ്ട്.' ഞാൻ ഇപ്രകാരം മറുപടി എഴുതി: 'അർദ്ധരാത്രിയിലും സൂര്യനുള്ള ദേശമാണിത് എന്നുള്ളത് സത്യം തന്നെ. എന്നാൽ മഞ്ഞുകാലത്ത് ഇത് നട്ടുച്ചയ്ക്ക് ഇരുട്ടുള്ള രാജ്യവുമാണല്ലോ. നീതിസൂര്യന്റെ ജീവദായകമായ രശ്മികൾ ലഭിച്ചിട്ടും തങ്ങളുടെ ജീവിതം അന്ധകാരത്തിൽ നയിക്കുന്ന അനേകർ ഈ നാട്ടിലുണ്ട്.'

**മൂകനായ മനുഷ്യൻ**

അനേകരും വയലിലെ മൃഗങ്ങളെപ്പോലെയാണു ജീവിക്കുന്നത്. അവർക്കു നാവുണ്ടെങ്കിലും സംസാരിക്കുന്നതിനുള്ള ശക്തിയില്ലാത്തതിനാൽ അവർ മൃഗങ്ങളെപ്പോലെ മിണ്ടാപ്രാണികളാണ്. അവർക്കുവേണ്ടി തന്നെയോ മറ്റുള്ളവർക്കുവേണ്ടിയോ നൽകുവാൻ അവർക്കു ദൂതുകളൊന്നുമില്ല. മൃഗങ്ങൾക്കു നാക്കുണ്ടെങ്കിലും അവയ്ക്കു സംസാരിക്കുന്നതിനുള്ള ശക്തിയില്ല. മൃഗാനുസാരിയായ ചില വികാരങ്ങളല്ലാതെ, അവയ്ക്കു സംസാരിക്കുവാനായിട്ടൊന്നുമില്ല. ഈ വികാരങ്ങൾ ചില ശബ്ദങ്ങൾ കൊണ്ടും അംഗചലനങ്ങൾകൊണ്ടും അവ പ്രകടിപ്പിക്കുന്നു. ആത്മീയ ജീവനില്ലാത്തവർ ഒരുവിധത്തിൽ പറഞ്ഞാൽ മൃഗങ്ങളെപ്പോലെയാണ്. ഒരുപക്ഷേ അവരുടെ നില കുറെക്കൂടി ശോചനീയമാണ്. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാ

നന്റെ പുൽത്തൊട്ടിയേയും അറിയുന്നു. എന്നാൽ സൃഷ്ടിയുടെ കിരീടമായ മനുഷ്യൻ അവന്റെ സ്രഷ്ടാവിനെ അറിയുന്നില്ല (യെശ. 1:3). അ സത്യം പറയുവാൻ അവന്റെ നാവു വളരെ വേഗം ചലിക്കുന്നു. തന്റെ കർത്താവായ ദൈവത്തെ അറിയായ്കയാൽ, സത്യം പറയുന്ന കാര്യത്തിൽ അവന്റെ നാവു മെല്ലെയാണു ചലിക്കുന്നത് (യിരെ. 9:3).

**കുരിശു വഹിക്കിൽ**

സത്യത്തിന്റെ ആത്മാവു ലഭിക്കാത്തവരുടെയും ദൈവത്തെ അറിയാത്തവരുടെയും ലൗകിക വിജയം കണ്ടു നാം പലപ്പോഴും അത്ഭുതപ്പെടാറുണ്ട്. ആധ്യാത്മിക പരിഗണനകൾ അവരെ നിയന്ത്രിക്കുന്നില്ല. അവരുടെ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി, എപ്പോൾ വേണമെങ്കിലും സത്യത്തിന്റെ ശബ്ദം അങ്ങോട്ടു മാറ്റി നിർത്തിക്കൊണ്ടു ദൈവത്തെ പിന്തുടരാതിരിക്കുന്നതിനും അവർ സന്നദ്ധരാണ് (ലൂക്കൊ. 16:3; 1കൊരി. 2:14). അവരുടെ തോളുകളിലും അനേകം കുരിശുകളുണ്ട്. എന്നാൽ എല്ലാവരുമല്ലെങ്കിലും അവരിൽ ചിലർ കുറേനക്കാരനായ ശീമോനെക്കാൾ ഒട്ടും തന്നെ ഭേദപ്പെട്ടവരല്ല. കുറേനക്കാരൻ കർത്താവിന്റെ ക്രൂശ് വഹിപ്പാൻ നിർബന്ധിതനായിരുന്നല്ലോ (മർക്കൊ. 15:21). അങ്ങനത്തെ ആളുകൾ ക്രിസ്തുവോടുകൂടെ കുരിശിന്റെ അടുക്കലേക്കു പോകുന്നതിനോ തങ്ങളുടെ കുരിശു വഹിച്ചുകൊണ്ട് അവനെ പിന്തുടരുന്നതിനോ സന്നദ്ധരല്ല.

**കാന്തവും കുരിശും**

കർത്താവു പറഞ്ഞു: 'ഞാനോ ഭൂമിയിൽ നിന്നുയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും' (യോഹ.12:32). അതിന്റെയർത്ഥം, ക്രൂശിൽ വെളിപ്പെടുത്തപ്പെട്ട അളവില്ലാത്ത സ്നേഹം കാന്തത്തെപ്പോലെ എല്ലാവരെയും വലിച്ചടുപ്പിക്കുന്നു – അങ്ങനെ വലിച്ചടുപ്പിക്കപ്പെടുവാൻ സാധ്യതയുള്ളവരെ – എന്നുള്ളതാണ്. ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും (യോഹ. 12:26) എന്നുള്ളതാണ് അവന്റെ ആഗ്രഹം. യഥാർത്ഥത്തിൽ അനുതപിക്കുന്ന പാപികളെയും, തങ്ങളുടെ ആവശ്യഘട്ടങ്ങളിൽ അവനിലേക്കു മുഖം തിരിക്കുന്നവരെയും കാന്തം ഇരുമ്പിനെ വലിച്ചടുപ്പിക്കുന്നതുപോലെ-സ്വർണത്തെയും വെള്ളിയെയുമല്ല- ക്രിസ്തുവിന്റെ കുരിശു വലിച്ചടുപ്പിക്കുന്നു. സ്വയം നന്മയിൽ വിശ്വസിക്കുന്നവരെയും അവനെക്കൂടാതെ ജീവിക്കുന്നവരെയും ക്രിസ്തുവിന്റെ കുരിശു വലിച്ചടുപ്പിക്കുന്നില്ല. ക്രിസ്തുവിന്റെ ക്രൂശാരോഹണത്തിൽ രണ്ടു പങ്കാളികളുണ്ടായിരുന്നതിൽ ഒരാൾ അനുതപിച്ച് അവന്റെ ആവശ്യഘട്ടത്തിൽ ക്രിസ്തുവിങ്കലേക്കു മുഖം തരിച്ചു. 'ഇന്നു നീ എന്റെ കൂടെ പറുദീസയിലായിരിക്കും' എന്ന് അവനു കേൾക്കാനിടയായി. മറ്റേയാൾക്ക് അനുതപിക്കണമെന്നു തോന്നിയില്ല. അവന്റെ ആവശ്യഘട്ടത്തിൽ സഹായത്തിനായി ക്രിസ്തുവിങ്കലേക്കു മുഖം തിരിച്ചുമില്ല. തന്മൂലം അവൻ അവന്റെ പാപത്തിൽ തന്നെ മരിച്ചു. ക്രസ്തുവിനെക്കൂടാതെ മരിക്കുന്നവരുടെയെല്ലാം അന്ത്യം ഇതായിരിക്കും. അവിടെ അബ്രഹാമും ഇസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിലിരിക്കുന്നത് അവർ കാണും- പക്ഷേ, അവരെ – ക്രിസ്തുവിനോടുകൂടെയല്ലാത്ത ക്രിസ്ത്യാനികളെ – പുറന്തള്ളിക്കളയും (ലൂക്കൊ.13:28–29). ■

## ബൈബിൾ:നാം അറിയേണ്ട വസ്തുതകൾ-3

# ജലപ്രളയം; ചരിത്ര സംഭവം

ഫ്രാങ്ക് കോയിസ്ട്ര

**ഉല്പത്തിയിലെ** സൃഷ്ടി വിവരണവും നോഹയുടെ കാലത്തെ ജലപ്രളയവുമൊക്കെ ബാബിലോന്യ പുരാണകഥകളിൽ നിന്നും കടമെടുത്തവയാണെന്ന് ആധുനിക പാണ്ഡിത്യം തന്റേടത്തോടെ ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വിവാദ വിഷയമായ ഉല്പത്തിയിലെ ജലപ്രളയം യഥാർത്ഥത്തിൽ സംഭവിച്ചതാണെന്നതിന് ധാരാളം തെളിവുകൾ ഇന്ന് ലഭ്യമാണ്. ഉത്തര സൈബീരിയായിൽ സന്ദർശനം നടത്തിയതിന് ശേഷം സർ ഹെൻറി ഹോവർത്ത് എന്ന ബ്രിട്ടീഷ് എഴുത്തുകാരൻ തന്റെ പുസ്തകമായ 'ദ് മാമോത്ത് ആന്റ് ദ് ഫ്ളഡി'ൽ തണുത്തുറഞ്ഞ മഞ്ഞു പാളികൾക്കിടയിൽ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ കാണപ്പെടുന്ന ഭീമൻ ജന്തുക്കളുടെ ശരീരാവശിഷ്ടങ്ങൾ കാണപ്പെടുന്നതായി എഴുതിയിരിക്കുന്നു. നാല്പതു രാവും പകലും ഭൂമുഖത്തു നിറഞ്ഞു കിടന്ന പ്രളയ ജലത്തിന്റെ ഒഴുക്കിൽപ്പെട്ടാണ് ഈ ജീവികളുടെ അവശിഷ്ടങ്ങൾ അവയുടെ സ്വാഭാവിക വാസസ്ഥലങ്ങളിൽ നിന്നും വളരെ അകലെയുള്ള സ്ഥലങ്ങളിലേക്ക് എത്തപ്പെട്ടതെന്നാണ് അദ്ദേഹം വിശദമാക്കുന്നത്.

ഉല്പത്തിയിലെ ജലപ്രളയത്തിന്റെ ചരിത്ര സ്വഭാവത്തെ ശരിവയ്ക്കുന്ന മറ്റൊരു തെളിവ് പുരാതന ചൈനീസ് ഭഷയിൽ നിന്നു നമുക്കു ലഭ്യമാണ്. വാക്കുകളെ ചില അടയാളങ്ങളുടെ സഹായത്താൽ സൂചിപ്പിക്കുന്ന ഈ ഭാഷയിൽ 'പെട്ടകം' എന്ന പദത്തെ സൂചിപ്പിക്കുന്നത് 'എട്ട്' 'ആളുകൾ' 'കപ്പൽ' എന്നിവയുടെ അടയാളങ്ങൾ ഉപയോഗിച്ചാണ്. ചിന്തിച്ചു നോക്കുക! പ്രളയത്തിനു ശേഷം, ബി.സി. 2000ത്തിനോടടുത്താണ് ചൈനീസ് സാമ്രാജ്യം സ്ഥാപിതമായത്. ഇതിലും മികച്ച തെളിവുകളും നമുക്കിന്നു ലഭ്യമാണ്. യേശുക്രിസ്തുവും തന്റെ വാക്കുകളിൽ ജലപ്രളയത്തെ ഒരു ചരിത്ര സംഭവമായി വിവരിക്കുന്നുണ്ട് (മത്താ. 24:37-39). 1 പത്രൊസ് 3:20ൽ അപ്പൊസ്തലൻ ഈ സംഭവത്തെക്കുറിച്ചു സൂചിപ്പിക്കുന്നു. നോഹയെ ഒരു ചരിത്ര പുരുഷനായി യെഹസ്കേൽ 14:14 ലും, യേശുക്രിസ്തുവിന്റെ പൂർവ്വികന്മാരിൽ ഒരുവനായി ലൂക്കൊസ് 3:36ലും, വിശ്വാസ വീരന്മാരുടെ കൂട്ടത്തിൽ എബ്രായർ 11:7ലും നാം കാണുന്നുണ്ട്. ഇത്ര മാത്രം തെളിവുകളുടെ പശ്ചാത്തലത്തിലും ജലപ്രളയ കഥയെ തിരസ്ക്കരിക്കുകയും അവഹേളിക്കുകയും ചെയ്യുന്നത് എത്ര ദുഃഖകരം.

പുരാവസ്തുശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ ബൈബിളിനെ എതിർക്കുവാനുള്ള ആധുനിക പണ്ഡിതന്മാരുടെ പരിശ്രമങ്ങളെ കൂടുതൽ ബുദ്ധിമുട്ടുള്ളതാക്കി മാറ്റിയിരിക്കുന്നു. ഒരു കൈക്കോട്ടുമായി വിശുദ്ധ നാട്ടിൽ സന്ദർശനം നടത്തുന്ന ഏതൊരു അവിശ്വാസിയും ബൈബിൾ സത്യമെന്ന് വിശ്വസിക്കു

വാനുള്ള തെളിവുകളുമായേ അവിടെ നിന്നു മടങ്ങുകയുള്ളു എന്നു പൊതുവെ പറയാറുണ്ട്. പല പുരാതന ചരിത്രാവശിഷ്ടങ്ങളും ഇന്ന് പുറത്തെടുത്തിരിക്കുന്നു. യോശുവാ കീഴടക്കിയ യെരീഹോ പട്ടണത്തിന്റെ അവശിഷ്ടങ്ങൾ, അബ്രഹാമിന്റെ ജന്മസ്ഥലമായ കൽദയ പട്ടണമായ ഊരിന്റെ അവശിഷ്ടങ്ങൾ, തുക്കുവനങ്ങളും വൻമതിലുകളും ഉണ്ടായിരുന്ന മഹാനഗരമായ ബാബിലോണിന്റെ അവശിഷ്ടങ്ങൾ എന്നിവയെല്ലാം ഇന്ന് കണ്ടെത്തിയിരിക്കുന്നു! ഇവയെല്ലാം ബൈബിളിലെ വിവരണങ്ങളെ ശരിവയ്ക്കുന്ന ഏതാനും തെളിവുകൾ മാത്രമാണ്. ഇപ്രകാരം കണ്ടെത്തിയ ഒരു പുരാവസ്തു ശേഖരമാണ് പ്രസിദ്ധമായ 'ചാവുകടൽ ചുരുളുകൾ.' യെരുശലേം യൂണിവേഴ്സിറ്റി മ്യൂസിയത്തിൽ പ്രദർശനത്തിന് വെച്ചിരിക്കുന്ന ഈ പഴയ നിയമ കയ്യെഴുത്തു പ്രതികൾക്കു പുതിയ നിയമ പുസ്തകങ്ങൾ രചിക്കപ്പെട്ട കാലത്തോളം പഴക്കമുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. പുരാവസ്തു ഗവേഷകരുടെ ഓരോ കണ്ടെത്തലുകളും ഇപ്രകാരം ബൈബിളിന്റെ വിശ്വാസ്യതയെ വർദ്ധിപ്പിക്കുന്നവയാണ്.

ബൈബിൾ പ്രവചനങ്ങൾ വിശ്വാസയോഗ്യമെങ്കിലും പലപ്പോഴും പലരും അവയെ പരിഹസിച്ചു തള്ളുകയാണ് ചെയ്യുന്നത്. യെശയ്യ പ്രവചനം 46:9,10 വാക്യങ്ങളിൽ ദൈവം തന്നെക്കുറിച്ചു പറയുന്നത് നോക്കുക: "ആരംഭത്തിങ്കൽ തന്നെ അവസാനവും പൂർവ്വകാലത്തു തന്നെ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു." തീർച്ചയായും, നമ്മുടെ ദൈവത്തിന് ഭാവിയെ മുൻകൂട്ടി അറിയുവാൻ കഴിയും. ദൈവത്തിന് ഒന്നിനെക്കുറിച്ചും ഒരു അനുമാനവും നടത്തേണ്ടതായില്ല. പഴയ നിയമത്തിൽ ആയിരക്കണക്കിനു പ്രവചനങ്ങൾ നമുക്കു കാണാം. അവയിൽ ചിലതെല്ലാം വളരെ വ്യക്തമായിത്തന്നെ വിശദമാക്കിയിരിക്കുന്നു. ഉദാഹരണത്തിന്, യെഹസ്കേൽ 26,27 അദ്ധ്യായങ്ങളിൽ സോർ പട്ടണത്തിന്റെ ഭാവിയെക്കുറിച്ചു ദൈവം സംസാരിച്ച കാര്യങ്ങൾ നോക്കുക. അന്ന് ഈ പട്ടണം, മെഡിറ്ററേനിയൻ സമുദ്രത്തിന്റെ തീരത്തു സ്ഥിതി ചെയ്തിരുന്ന മനോഹരവും വിസ്തൃതവുമായ ഒരു വാണിജ്യ നഗരമായിരുന്നു. അമേരിക്കയിലെ ന്യൂയോർക്ക് പട്ടണവും മിയാമി ബീച്ചും ഒത്തു ചേർന്നിരിക്കുന്നതു പോലുള്ള ഒരു സ്ഥലം എന്നു വേണമെങ്കിൽ പറയാം. മനോഹരമായ കാലാവസ്ഥയും മികച്ച തുറമുഖവും സോരിന്റെ പ്രതാപം വർദ്ധിപ്പിച്ചു. അന്നത്തെ അറിയപ്പെടുന്ന വാണിജ്യ കേന്ദ്രമായിരുന്നു ഈ പട്ടണം. ഏതാണ്ട് 1500 വർഷങ്ങൾ തലയെടുപ്പോടുകൂടി നിന്നിരുന്ന ഈ പട്ടണത്തെ-'കീഴടക്കുവാൻ അസാദ്ധ്യമായത്' എന്നാണു പൊതുവെ കരുതിയിരുന്നത്. എന്നാൽ പലപ്പോഴും അതിലെ നിവാസികൾ ദൈവം തങ്ങളെ ശ്രദ്ധിക്കുന്നുവെന്നുള്ള കാര്യം മറന്നിരുന്നു. സോർ പട്ടണം അതിന്റെ പ്രൗഢിയിലും ബലവത്തായ കോട്ടകളിലും സുരക്ഷിതത്വം കണ്ടെത്തിയതിനാൽ അവിടുത്തെ ജനങ്ങൾ ദൈവത്തെ ബഹുമാനിക്കുവാൻ തയ്യാറായില്ല. അതിനാൽ അതിനെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. യെഹസ്കേൽ പ്രവാചകൻ അതിനെക്കുറിച്ച് ഇപ്രകാരം പ്രവചിച്ചു. "യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. 'സോരേ, ഞാൻ നിനക്കു വിരോധമായിരിക്കുന്നു; സമുദ്രം തന്റെ തിരകളെ

കയറിവരുമാറാക്കുന്നതുപോലെ ഞാൻ അനേകം ജാതികളെ നിന്റെ നേരെ പുറപ്പെട്ടു വരുമാറാക്കും. അവർ സോരിന്റെ മതിലുകളെ നശിപ്പിച്ചു, അതിന്റെ ഗോപുരങ്ങളെ ഇടിച്ചു കളയും. ഞാൻ അതിന്റെ പൊടി അടിച്ചുവാരിക്കളഞ്ഞു അതിനെ വെറും പാറയാക്കും. അതു സമുദ്രത്തിന്റെ നടുവിൽ വല വിരിക്കുന്നതിനുള്ള സ്ഥലമായിത്തീരും; ഞാൻ അതു അരുളിച്ചെയ്തിരിക്കുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; അതു ജാതികൾക്കു കവർച്ചയായിത്തീരും... ഞാൻ വടക്കുനിന്നു രജാധിരാജാവായ നെബുഖദ്നേസർ എന്ന ബാബേൽ രാജാവിനെ കുതിരകളോടും രഥങ്ങളോടും കുതിരച്ചേവകരോടും ജനസമൂഹത്തോടും വളരെ പടജ്ജനത്തോടും കൂടെ സോരിന്നു നേരെ വരുത്തും. അവൻ നാട്ടുപുറത്തുള്ള നിന്റെ പുത്രിമാരെ വാൾകൊണ്ടു കൊല്ലും; അവൻ നിന്റെ നേരെ കൊത്തളം പണിതു വാടകോരി നിന്റെ നേരെ ഒരു മറ നിർത്തും. അവൻ നിന്റെ മതിലുകളുടെ നേരെ യന്ത്രമുട്ടികളെ വെച്ചു കോടാലി കൊണ്ടു നിന്റെ ഗോപുരങ്ങളെ തകർത്തു കളയും... നിന്റെ പാട്ടുകളുടെ ഘോഷം ഞാൻ ഇല്ലാതെയാക്കും. നിന്റെ വീണകളുടെ നാദം ഇനി കേൾക്കുകയുമില്ല. ഞാൻ നിന്നെ വെറും പാറയാക്കും: നീ വല വിരിപ്പാനുള്ള സ്ഥലമായിത്തീരും; നിന്നെ ഇനി പണികയില്ല; യഹോവയായ ഞാൻ അതു കല്പിച്ചിരിക്കുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്."

അജയ്യമായ മഹാനഗരമെന്ന് വിശേഷിപ്പിച്ചിരുന്ന സോരിന്റെ തകർച്ചയെക്കുറിച്ചു ദൈവം തന്റെ പ്രവാചകനിലൂടെ പ്രവചിച്ച കാര്യങ്ങൾ ശ്രദ്ധിക്കുക. അതിനെ നശിപ്പിക്കുന്ന രാജാവിന്റെ പേരും, അതിനായി ഉപയോഗിക്കുന്ന മാർഗ്ഗവും, ആയുധങ്ങളെക്കുറിച്ചുമെല്ലാം കൃത്യതയോടെ ഇവിടെ പ്രവചിച്ചിരിക്കുന്നു. ഇവയെല്ലാം അക്ഷരംപ്രതി നിറവേറിയെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഇതിന് ധാരാളം തെളിവുകൾ ഉണ്ട്. പുരാതന സോർ പട്ടണത്തിന്റെ സ്ഥാനം ഇന്ന് കൃത്യതയോടെ കണ്ടെത്തിയിട്ടുണ്ട്. പ്രവചനത്തിൽ പറയുന്നതുപോലെ തന്നെ ഇന്ന് ആ സ്ഥലം മീൻ പിടിത്തക്കാർ വല വിരിക്കുവാൻ ഉപയോഗിക്കുന്നു. ഈ പട്ടണം മേലാൽ പുനർ നിർമ്മിക്കപ്പെടുകയില്ല എന്നും ദൈവം തന്റെ പ്രവാചകനിലൂടെ അരുളിച്ചെയ്തിരുന്നു. 2000-ൽ പരം വർഷങ്ങൾ കഴിഞ്ഞിട്ടും ഇതുവരെ ആർക്കും ആ പട്ടണം പുതുക്കി പണിയുവാൻ കഴിഞ്ഞിട്ടില്ല! അടുത്ത കാലത്തു ചിലർ ദൈവവചനത്തിലെ പ്രവചനത്തിനു തെറ്റുവരാമെന്ന് തെളിയിക്കുവാനായി ആ പട്ടണം പുനർനിർമ്മിക്കുവാൻ പദ്ധതിയിടുന്നതായി കേൾക്കുന്നുണ്ട്. അങ്ങനെയൊരു പരിശ്രമം നടന്നാൽ അതിനടുത്തെങ്ങും നിൽക്കുവാൻ തയ്യാറാവരുത്, എന്തെന്നാൽ, കോരഹിനെയും ദാഥാനെയും അബീരാമിനെയും ഭൂമി വായ് പിളർന്നു വിഴുങ്ങിയതു പോലെ അവിടെയും സംഭവിക്കുവാനിടയുണ്ട്.

സോരിനെക്കുറിച്ചുള്ള പ്രവചനത്തിനു ശേഷം ഏറെക്കാലം കഴിയുന്നതിനു മുൻപ്, പ്രവചനത്തിൽ പറയുന്നതുപോലെ നെബുഖദ്നേസർ രാജാവ് അതിനെ വളഞ്ഞു. സോർ പട്ടണത്തിന് രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നു. പുരാതന സോർ എന്നത് കടൽക്കരയിൽ സ്ഥിതി ചെയ്തിരുന്നു. എന്നാൽ ആധുനിക സോർ കര

യിൽ നിന്ന് ഏകദേശം അരമൈൽ മാറി കടലിലാണ് സ്ഥിതി ചെയ്തിരുന്നത്. കരപ്രദേശത്തുള്ള സോരിനു നേരെയാണ് നെബുഖദ്നേസർ ആക്രമണം നടത്തുക എന്നതായിരുന്നു പ്രവചനം. ബ്രിട്ടാണിക്ക വിശ്വവിജ്ഞാനകോശത്തിൽ നാം കാണുന്നത് ഇപ്രകാരമാണ്: 'ബിസി ആറാം നൂറ്റാണ്ടിൽ, കടലിന്റെ നായികയായി വാണിരുന്ന സോർ പട്ടണം നെബുഖദ്നേസർ രാജാവിന്റെ ആക്രമണത്തെ 13 വർഷം ചെറുത്തു നിന്നു.' ചിന്തിച്ചു നോക്കുക! വലിയ സൈന്യവും ആയുധശേഖരവുമൊക്കെ ഉണ്ടായിരുന്നിട്ടും 13 വർഷങ്ങൾ നീണ്ട പോരാട്ടത്തിനൊടുവിലാണ് സോരിനെ കീഴടക്കുവാനായത്.

വൻകരയിൽ സ്ഥിതി ചെയ്തിരുന്ന പുരാതന സോരിനെ നെബുഖദ്നേസർ രാജാവ് കീഴടക്കി. യെഹസ്കേലിന്റെ പ്രവചനം ഭാഗികമായി നിറവേറി. എന്നാൽ കടലിൽ സ്ഥിതി ചെയ്തിരുന്ന ആധുനിക സോരിന് യാതൊരു ക്ഷീണവും ഉണ്ടായില്ല. സമുദ്രത്തിലെ തിരകൾപോലെ സോരിനു നേരെ ആക്രമണങ്ങൾ ഉണ്ടാകുമെന്ന് യെഹസ്കേൽ പ്രവചിച്ചിരുന്നു. സമുദ്രത്തിലെ തിരകൾ ഒന്നിനു പുറകെ ഒന്നായി വരുവാൻ തുടങ്ങി. പുരാതന സോരിന്റെ പതനത്തിന് 250 വർഷങ്ങൾക്കു ശേഷം, അവസാനത്തെ തിര നവീന സോരിനു നേരെ ആഞ്ഞടിച്ചു. ഈ ദ്വീപുനഗരത്തെ മഹാനായ അലക്സാണ്ടർ ആക്രമിച്ചു കീഴടക്കി. ബ്രിട്ടാണിക്ക വിശ്വവിജ്ഞാനകോശത്തിന്റെ വിവരണം ഇപ്രകാരമാണ്: 'നവീനസോരിനെ മഹാനായ അലക്സാണ്ടർ പിടിച്ചടക്കിയത് ബിസി 333-ലായിരുന്നു. പുരാതന സോർ നഗരം നിലനിന്നിരുന്ന കരയിൽ നിന്ന് ഏകദേശം അരമൈൽ മാറി കടലിലായിരുന്നു നവീന സോർ നിലനിന്നിരുന്നത്. പ്രാചീന സോരിന്റെ അവശിഷ്ടങ്ങൾക്കൊണ്ട് കടലിടുക്കിൽ വൻകരയെ ദ്വീപുനഗരവുമായി ബന്ധിപ്പിക്കുന്ന 200 അടി വീതിയുള്ള ഒരു വഴി നിർമ്മിച്ചു. അപ്പോൾ ദ്വീപ് ഒരു ഉപഭൂഖണ്ഡമായി മാറി. ആ നഗരത്തിന്റെ മതിലുകൾ അലക്സാണ്ടറുടെ സൈന്യം ഇടിച്ചു തകർത്തു. ഏതാണ്ട് ഏഴു മാസങ്ങൾക്കൊണ്ട് അദ്ദേഹം നവീന സോർ പിടിച്ചടക്കി.'

യെഹസ്കേലിന്റെ പ്രവചനം അണുവിടപോലും മാറ്റമില്ലാതെ നിവൃത്തിയായി. വൻകരയിലെ നഗരത്തിന്റെ അവശിഷ്ടങ്ങൾ നെബുഖദ്നേസരിന്റെ ആക്രമണം നടന്നതിന് 250 വർഷങ്ങൾ കഴിഞ്ഞിട്ടും അവിടെത്തന്നെ കിടന്നിരുന്നു. എന്നാൽ യെഹസ്കേലിന്റെ പ്രവചനത്തിൽ 'ഞാൻ അതിന്റെ പൊടി അടിച്ചുവാരിക്കളഞ്ഞു, അതിനെ വെറും പാറയാക്കും' എന്നുകൂടി ഉണ്ടായിരുന്നു. അലക്സാണ്ടർ രാജാവ് പഴയ നഗരത്തിന്റെ അവശിഷ്ടങ്ങൾ ഉപയോഗിച്ചു കടലിൽ വഴി നിർമ്മിച്ചപ്പോൾ ഈ പ്രവചനഭാഗവും നിവൃത്തിയായി! എത്ര അത്ഭുതകരമായ ഒരു കാര്യമാണിത്!! തിരുവചനത്തിലെ ഒട്ടേറെ പ്രവചനങ്ങളിൽ ഒന്നു മാത്രമാണിത്. എന്നാൽ അതു നിവൃത്തിയായത് എത്ര കൃത്യമായാണെന്ന് നോക്കുക.

ബൈബിൾ പ്രവചനങ്ങളെക്കുറിച്ച് അപ്പൊസ്തലനായ പത്രൊസ് പറഞ്ഞിരിക്കുന്നത്; "പ്രവാചക വാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്" (2പത്രൊ. 1:19) എന്നാണ്. ബൈബിളിലെ പ്രവചനങ്ങളൊന്നും നിവൃത്തിയാകാതിരിക്കില്ല.

അബ്രഹാമിന്റെ സന്തതിയെക്കുറിച്ച് ഉല്പത്തി 17:8ൽ കാണുന്ന പ്രവചനം നിവൃത്തിയായിട്ടില്ല എന്നുള്ള

താണ് വിമർശകർ ഉയർത്തുന്ന മറ്റൊരു വാദം. “ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും നീ പ്രവാസം ചെയ്യുന്ന ദേശമായ കനാൻ ദേശം ഒക്കെയും ശാശ്വതാവകാശമായി തരും.” (ഉല്പത്തി 28:4). അബ്രഹാമിന്റെ സന്തതികളായ യിസ്രയേൽ ജനത വാഗ്ദത്ത നാട് ചുരുങ്ങിയ ഒരു കാലത്തേക്ക് മാത്രമാണ് കൈവശം വെച്ചിരുന്നത് എന്നത് സത്യമാണ്. ഒരു ഭൂവിഭാഗത്തിന്റെ ഉടമസ്ഥാവകാശമുണ്ടെങ്കിലും അതു കൈവശപ്പെടുത്തുവാൻ കഴിയാതിരിക്കുന്നത് അപൂർവ്വ കാര്യമല്ല. ഉദാഹരണത്തിന് നമ്മുടേതുപോലുള്ള ഒരു സ്വതന്ത്ര രാജ്യത്തുപോലും, ഒരാൾക്കു തന്റെ പേരിലുള്ള കുടുംബസ്വത്തിനെ അവകാശപ്പെടുത്തുവാൻ കഴിയാത്ത സ്ഥിതികൾ ഉണ്ടാകാറുണ്ട്. തന്നെ വിശ്വസ്തതയോടെ സേവിക്കുവാനാകുന്നില്ലെങ്കിൽ ഈ വാഗ്ദത്തനാട്ടിൽ നിന്ന് താൽക്കാലികമായിട്ടാണെങ്കിലും നിങ്ങളെ ഞാൻ പുറത്താക്കുമെന്ന് ദൈവം അവർക്കു മുന്നറിയിപ്പു നൽകിയിരുന്നുവെന്നുള്ള കാര്യവും നാം മറക്കരുത്. (ലേവ്യ. 26:32, 22; ആവ. 28:37, 30:3–5; യിരെമ്യ 23:3–8). ബൈബിൾ പ്രവചനങ്ങളൊന്നും തെറ്റുകയില്ല.

(*തുടരും*)

(മൊഴിമാറ്റം : **ബോബി കുര്യൻ**)

---

# മോളിയും ജോൺ വെസ്‌ലിയും

*21-ാം പേജിൽ നിന്ന് തുടർച്ച ...*

സമേ ഉണ്ടായിരുന്നുള്ളു.

നാൽപ്പത്തിയേഴാം വയസ്സിലെങ്കിലും ജോണിന് വിവാഹിതനാകേണ്ടത് ഒരാവശ്യമായിരുന്നു. സൗഹൃദങ്ങൾ അദ്ദേഹം ആസ്വദിച്ചിരുന്നു എന്നത് സത്യമാണ്. ആരെയും ആകർഷിക്കുന്ന വ്യക്തിത്വം ഉണ്ടായിരുന്നതുകൊണ്ട് സൗഹൃദങ്ങൾക്കു പഞ്ഞവുമുണ്ടായില്ല. എന്നാൽ മെതഡിസ്റ്റ് പ്രസ്ഥാനം വളർച്ച പ്രാപിച്ചപ്പോൾ വെസ്‌ലിയും നേതൃനിരയിൽ കൂടുതൽ കൂടുതൽ ഒറ്റപ്പെട്ടുവെന്ന് പറയാം. ജോലിത്തിരക്കു കാരണം പണ്ടത്തെപ്പോലെ ആളുകളുമായി ഇടപെടാൻ സമയം കിട്ടാതായി. എന്തിന്, അനുജൻ ചാൾസുമായിപ്പോലും ഇപ്പോൾ പഴയതുപോലെ അടുപ്പമില്ല. ചാൾസിനും ജ്യേഷ്ഠനോടൊപ്പം ചെലവിടാൻ സമയമില്ലാതായി. കാരണം അദ്ദേഹം ആയിടെ സാലി ഗ്വെൻ എന്നൊരു യുവതിയെ വിവാഹം കഴിച്ചു വളരെ സന്തോഷകരമായ കുടുംബജീവിതം നയിക്കുകയായിരുന്നു. ദിനംപ്രതി ആയിരക്കണക്കിന് ആളുകളെ കാണുകയും നൂറുകണക്കിനു സ്നേഹിതന്മാർ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ തന്നെ ഒരുതരം ഏകാന്തത ജോണിനെ ബാധിച്ചിരുന്നു. വല്ല അസുഖമോ മറ്റോ വന്നു കിടപ്പിലായാൽ പിന്നെ പറയാനുമില്ല. തികഞ്ഞ ഏകാന്തത തന്നെ. ലണ്ടനിൽ വച്ച് കാലുളുക്കി മോളിയുടെ വസതിയിൽ ചെന്നപ്പോൾ അവരുടെ ശുശ്രൂഷയും പെരുമാറ്റവും വെസ്‌ലിയെ ആകർഷിക്കുകയുണ്ടായി. അദ്ദേഹം തന്നെ പറഞ്ഞതിങ്ങനെ: ‘വാക്കുകളാൽ ഒരാൾക്ക് എന്തുമാത്രം സാന്ത്വനം നൽകാൻ കഴിയുമോ, അതും അതിലപ്പുറവും സ്നേഹത്തിൽ പൊതിഞ്ഞ് അവൾ എനിക്കു നൽകി.’

ഇന്നത്തെ മോളി ഗോൾഡ്ഹാക്ക് വാസെയ്ൽ വെസ്‌ലി എന്ന നാൽപ്പത്തൊന്നുകാരിക്ക് അത്ര സുഖകര

മല്ലാത്ത ഒരു ഭൂതകാലമുണ്ടായിരുന്നു. ലണ്ടനിലെ കോടീശ്വരൻ കല്യാണം കഴിക്കുന്നതിനു മുമ്പ് വെറുമൊരു ഭൃത്യയായി ജോലി ചെയ്താണ് അവർ കഴിഞ്ഞു വന്നത്. സാധാരണക്കാരിയായ മോളിയെക്കണ്ടു മോഹിച്ചു പോയ അയാളാണ് അവളെ ലാളിച്ചും ഓമനിച്ചും വഷളാക്കിയതെന്നു പറയാം. അങ്ങനെ അവൾ തനിക്കു സ്വപ്നം കാണാൻ പോലും സാധിക്കാത്ത ലണ്ടനിലെ മദ്ധ്യവർഗ്ഗ ജീവിത രീതികളിലേക്ക് കടന്നു വന്നു. ഭർത്താവ് മരിക്കുമ്പോൾ നാലു കുട്ടികളുണ്ടായിരുന്നു മോളിക്ക്. ഏറ്റവും ഇളയവൾക്ക് അഞ്ചു വയസ്സാകുന്നതേയുള്ളു. ജോണിനെ വിവാഹം കഴിക്കാൻ തീരുമാനിച്ചതിലൂടെ മോളി തനിക്കിന്നില്ലാത്ത സമൂഹത്തിലെ മാന്യസ്ഥാനങ്ങൾ സ്വന്തമാക്കാൻ ശ്രമിക്കുകയായിരുന്നു എന്നു പറയുന്നവരുണ്ട്. അതുകൊണ്ട് തന്നെ സോഫിയോ ഗ്രേയ്സോ ഒരിക്കലും ചെയ്യാൻ ശ്രമിക്കാത്ത രീതിയിൽ വിവാഹത്തിലേക്ക് ജോണിനെ വശീകരിക്കുകയായിരുന്നു മോളി. ഈ അഭിപ്രായങ്ങളൊക്കെ എന്തുമാത്രം ശരിയെന്ന് പറഞ്ഞുകൂടാ. അക്കാലത്തെ ചരിത്രകാരന്മാർ പലപ്പോഴും ജോണിനെ നല്ല പിള്ളയാക്കുവാൻ എല്ലാ കുഴപ്പങ്ങൾക്കും കാരണക്കാരി മോളിയാണ് എന്നെഴുതുകയും ചെയ്തിരുന്നു. ജോണിനെ കുടുക്കിയതാണെങ്കിലും അല്ലെങ്കിലും ഒരു കാര്യം സത്യമാണ്. അതായത് കുറഞ്ഞപക്ഷം രണ്ടു പേരെങ്കിലും - അവർ മരിച്ചുപോയ മോളിയുടെ ഭർത്താവിന്റെ സുഹൃത്തുക്കളായിരുന്നു - ജോണിനോട് മോളിയെപ്പറ്റി നല്ല അഭിപ്രായം പറഞ്ഞിരുന്നു. അവരാണ് ഇതിനെല്ലാം തുടക്കമിട്ടത്. ജോൺ തന്നെ ശ്രദ്ധിക്കുന്നതറിഞ്ഞ് മോളി ഏറ്റവും സന്തോഷിച്ചു. ജോണിനും ഏതാണ്ട തുപോലെ തന്നെ. രണ്ടുപേരും വിവാഹത്തിനു പാകമായിരുന്നു.

അങ്ങനെ, തികച്ചും സാധാരണക്കാരിയായ, സാമാന്യബുദ്ധിയും, അറിവും മതബോധവും മാത്രമുള്ള മോളിയും ബുദ്ധിമാനും ഓക്സ്ഫോഡ് ബിരുദധാരിയും സർവ്വോപരി സഭാചരിത്രത്തിലെ തിളക്കമാർന്ന ഒരു പ്രസ്ഥാനത്തിന് രൂപം കൊടുക്കാൻ കെൽപുണ്ടായ പണ്ഡിതനുമായ ദൈവദാസൻ വെസ്‌ലിയും വിവാഹിതരായി. വിരോധാഭാസം എന്നല്ലാതെ എന്തു പറയാൻ? മോശമായി തുടങ്ങിയ ആ ബന്ധം നാശത്തിലേക്കു പതിക്കുകയായിരുന്നു. താൻ പെട്ടെന്ന് വിവാഹം കഴിക്കാനിടയായതും സഹപ്രവർത്തകരിൽ പലരോടും അതിനെപ്പറ്റി അഭിപ്രായമാരായാതിരുന്നതും മറ്റും വിശദീകരിക്കണമെന്ന് ജോണിനു തോന്നി. വിവാഹത്തിനു ശേഷം വന്ന ആദ്യ ഞായറാഴ്ച അത് അദ്ദേഹം നടത്തുകയും ചെയ്തു. ആ ഏറ്റു പറച്ചിൽ കേട്ട സഹോദരന്മാർ കൂടുതൽ ആശയക്കുഴപ്പത്തിലായി. അവർക്കെല്ലാവർക്കും വേണ്ടി താൻ ഏറ്റെടുത്തൊരു കുരിശാണ് ഈ വിവാഹം എന്നാണ് ജോൺ അന്നു സാക്ഷ്യം പറഞ്ഞത്. ഒരാഴ്ച തികയുന്നതിനു മുൻപ് വിവാഹം കുരിശാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി എന്നത് അത്ഭുതപ്പെടുത്തുന്നു. തനിക്കും 'ലോക'ത്തിനുമിടയിലെ ഭിന്നതകൾ തകർത്ത് തമ്മിൽ സമരസപ്പെടുക എന്നതും ഈ വിവാഹത്തിന്റെ ലക്ഷ്യമായിരുന്നത്രേ! ഈ വ്യാഖ്യാനങ്ങൾ കേട്ടു ദേഷ്യം കയറി മോളി പല്ലുകടിച്ചില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളു. അവർ സ്തംഭിച്ചിരുന്നു പോയി. താൻ വിവാഹം കഴിച്ച മനുഷ്യൻ തന്നെയാണോ ഇങ്ങനെ സംസാരിക്കുന്നത്? *(തുടരും)*




# IS IT PROPER GOING TO MOVIES REGULARLY?

**Sandeep Poonen**

**Question:**

I used to go to the movies with my church and college friends. But my parents told me it was wrong, so I stoppedgoing. But I don't understand why. I'm not addictedand am not badly influenced by it. They say I must resist this temptation, butwhat's the sin?I understand not watching pornography, but why this?

**Answer:**

Thanks for your email. I'm glad you thought to write to me. It shows a willingness/desire to learn. So keep up with that. We are not expected to automatically be wise. We ALL can learn wisdom through our many failures, but also by asking honest questions to other people who fear God.

And one thing I've learned is that I don't really need to always know the answer to a specific question. Some questions are grey areaswhere there is no clear yes/no answer. But even in such cases, there are some OTHER questions that easy to answer. And if I answer these well, they help me walk with a clear conscience before God.So here are some other related questions that are easier to answer:

**1. Do I fear God?**

*Proverbs 9:10 - The fear of the Lord is the beginning of wisdom.* This verse tells me what I MUST have to be wise. God tells me that the FIRST step to being wise is to be REVERENT (have a deep respect) towards God. Culture however tells me that I am wise if I am highly educated or intelligent or deep philosophically. And the songs, blogs, movies, and the vast majority of the posts on Facebook tell us such lies. So we as Christians must be ruthlessly anti-cultural in knowing what it takes to be truly wise.

And here's a simple test that I'm growing in my fear of God: Sin is becoming more disgusting to me (Proverbs 8:13).So if I can honestly say that I am growing in my reverence for God (by my increasing hatred for sin) and for what God values, then this is a basic confidence I can have in ALL that I do.

And it's not a question to answer to anyone else (even though God-fearing parents and elders can be great guides). Primarily, the ones who we should consider when giving our answer is God first and also the devil. The devil sees all of our actions and tendencies in secret, and God even sees our thoughts. So if we can speak confidently about our attitude towards sin to them, we are walking in the Light of God.

**2. Am I obeying God's clear commands to me?**

As I mentioned earlier as well, there is no verse that tells me clearly whether I should go to the movies or not. But there are other questions that are clear for me based on God's commands in His word.

As it relates to movies, these are the kinds of questions that are black and white to me:

- Do watching movies gradually weaken me in my fight against sexual lust? (Matthew 5:27-28)
- Do watching movies make me want more to be cool, relevant, and popular in this world? (Gal 1:10)
- Do watching movies very slowly weaken my passion to be a disciple of Jesus? (2 Cor 11:2-3)

From my own experience, I know that I must be very careful with what my eyes see. But each person has to answer this for themselves to God. So keep walking in the Light of God's holiness (1 John 1:5), and He will show you if there is a "root" of some sin that is starting to take a hold in your heart. If that happens, be radical to pull it out by the Holy Spirit's help.

**3. Am I growing in submission?**

Even if you have answered the first 2 questions above well, something that is EVEN MORE IMPORTANT for young people who stay at home or are dependent on their parents for financial support is this: *Honor and obey your father and mother*. And this is definitely true if our parents are Christian believers.

I can see that you are honoring and obeying your parents. That is why you have accepted their request not to go to the movies, even though you don't understand it. This is wonderful. Remember that Jesus "submitted" to His earthly parents even though they were far less spiritually mature than He was (Luke 2:50-52). So He is our example even if we happen to be right and our parents wrong. And this tells me how important submission is; far more important than our own opinion of what might be okay to do.

And let me say this: You might find SOME young Christians who are serious to follow the Lord with passion and energy. But you will find VERY, VERY, VERY, VERY FEW young Christians who are absolutely convinced that two of the biggest (if not the two biggest) virtues in young people are FAITHFULNESS and SUBMISSION. The virtue of submission is extremely rare in young people, and very few are passionately committed to it. ***This is why God has a hard time using the vast majority of youth in the world today***.

So I am confident that even if watching movies is okay for you, the Lord has a MUCH BIGGER test for you. And it is the test of whether you will submit to the authority placed over you. If you see this as the REAL test in front of you, and if you work hard to succeed here, then you have done very well!

**4. What would you do if you had to watch over someone's soul?**

*Hebrews 13:17a - Obey your leaders and submit to them, for they keep watch over your souls as those who will give an account.*

You don't have to obey your parents forever. They are raising you to be an adult and think for yourself and to learn godliness. But when you are an adult and get a job so as to financially support yourself, you can find your own apartment, and you can make your own choices. You can then decide what you want to watch and whether you want to have parties in your house and so on. Then, you don't have to answer to your parents. You must still respect them but you don't have to obey them in everything.

But let me flip the question to you. Suppose you were given FULL RESPONSIBILITY for looking after some 12 year old boy? Suppose you were completely responsible for "watching over" what he ate, what he studied, as well as spiritual matters such as which church he went to, and what kind of books and music he read and listened to, and what kind of mov-

ies he watched, and what virtues he had.

And what if God said that YOU were responsible to watch over his soul, and you had to give an account to GOD about the way he lived his life.How would you do it?

You probably know that it's important for him to eat healthy foods –he can't just eat candy, chocolates, and sugary sweets all day long. Far more important is to have a healthy diet of vegetables and fruits and other nutritious food. So I'm sure you'll push him to eat properly, because you want him to be healthy.

And if you also genuinely believed that sin is far more serious than cancer, ebola, AIDS, heart attack, and diabetes put together, then you would be *even stricter* about what he put into his spiritual being. You would be cautious even with grey areas, knowing that you would not want to be responsible for causing him to become polluted by the mindset of this world.

So I hope you understand that your parents give this advice with <u>this heart</u> of genuine love. This is a heart of love that seeks the best for the others! Your parents have it, and even though you're probably still immature and not ready to be a good parent yet, I'm sure you have this same heart of love already!

**5. THE HARDEST QUESTION: Am I rejoicing always even as I submit?**

This is a hard question. Do I submit to God-given authority with resistance and a grumpy face, or can I maintain my joy in Jesus? Paul asks us to rejoice in the Lord always(Phil 4:4).

Let me be very clear about the joy of the Lord. It is NOT a feeling. Paul wrote these words in prison, and prison was not fun. He probably didn't FEEL great most of the time – he had no freedom and was probably beaten often, hungry and cold. Yet he was emphatic that we must rejoice in the Lord always!

Jesus was his Example. Even when Jesus was going to be separated from the Father in just a few hours, He yet had a deep and full joy, and wanted His disciples to have the same joy. *John 15:11 – These things I have spoken to you so that My joy may be in you, and that your joy may be made full.*

So even though he was troubled in his soul/feelings (John 12:27-28) and was later even grieved (in His feelings) to the point of death (Mark 14:34), He STILL had a full joy with God and wished that His disciples had that same joy.**So our joy in God must NOT be confused with what we are feelings**.

Finally, let me leave you with *Colossians 1:9-12 – We have not ceased to pray for you and to ask that you may be filled with the knowledge of His will in all spiritual wisdom and understanding, so that you will walk in a manner worthy of the Lord, to please Him in all respects, bearing fruit in every good work and increasing in the knowledge of God; strengthened with all power, according to His glorious might,* ***<u>for the attaining of all steadfastness and patience with joy</u>****; giving thanks to the Father, who has qualified us to share in the inheritance of the saints in Light.* Meditate (like slowly chewing) on this passage.

So my hope is that you maintain your JOY in your submission! I'm not saying it's easy; it's a hard battle – for you and for me. So we don't stop praying (v 9) for one another that this happens in us.

*(please mail your genuine doubts to: sandeep@poonen.org)*

*4-ാം പേജിൽ നിന്ന് തുടർച്ച*

## പാപം കർത്തൃത്വം നടത്താത്ത ജീവിതം

'സത്യം' (വെളിച്ചം) ഒരുവനെ എത്തിക്കുന്നത് (റോമർ 7:24). എന്നാൽ പൗലൊസ് അവിടെ നിർത്തിയില്ല. അവൻ തന്റെ കണ്ണു തുടർന്നു കർത്താവിങ്കലേക്ക് ഉയർത്തുന്നു. അപ്പോൾ കർത്താവു 'സത്യം' മാത്രമല്ല 'കൃപ'യും കൊണ്ടു വന്നു എന്നു മനസ്സിലാക്കുന്നു. ഇതേ തുടർന്നു തൊട്ടടുത്ത വാക്യത്തിൽ പൗലൊസിന്റെ വിജയഘോഷമാണു കേൾക്കുന്നത്: 'കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു' (7:25).

കർത്താവായ യേശുക്രിസ്തു കൊണ്ടുവന്ന 'കൃപ,' 'സത്യ'ത്തിനു നമ്മെ നടത്തുവാൻ കഴിയാതിരുന്ന വിജയകരമായ ജീവിതത്തിലേക്ക് നടത്തും. എങ്ങനെയാണിതു സംഭവിക്കുന്നതെന്നു തൊട്ടു താഴെയുള്ള വാക്യങ്ങൾ വിശദമാക്കുന്നു: "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്ക് ഒരു കുറ്റംവിധിയും (condemnation) ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു" (8:1-3).

ഇവിടെ, 'കൃപ' രണ്ട് ഉതവികളാണു വിജയകരമായ ജീവിതത്തിനു വേണ്ടി നമുക്ക് ഒരുക്കിയിരിക്കുന്നതായി പറയുന്നത്. ഒന്ന്: പരിശുദ്ധാത്മാവ്. രണ്ട്: ജഡത്തിൽ വെളിപ്പെട്ട ദൈവപുത്രന്റെ ജീവിതമാതൃക. ഈ ഉതവികളിലൂടെ 'കൃപ' നമ്മെ 'സത്യം' ആവശ്യപ്പെടുന്ന പാപത്തെ തോൽപ്പിക്കുന്ന വിജയകരമായ ജീവിതത്തിൽ എത്തിക്കും. ഇനി അനാവശ്യമായ 'കുറ്റംവിധി' വേണ്ട.

രണ്ട് ഉതവികളിൽ ആദ്യം പറഞ്ഞിരിക്കുന്നതു പരിശുദ്ധാത്മാവിനെക്കുറിച്ചാണ്. പരിശുദ്ധാത്മാവ് പ്രാഥമികമായും എന്തിനു വേണ്ടിയാണ്? യേശു ആദ്യമായി പരിശുദ്ധാത്മാവിനെക്കുറിച്ചു പറഞ്ഞ ഭാഗം ശ്രദ്ധിക്കുക: "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും" (യോഹ. 14:15,16). കല്പനകൾ കാക്കുവാനും അനുസരിക്കുവാനും സാഹയിക്കുകയാണു (helper) പരിശുദ്ധാത്മാവിന്റെ പ്രാഥമിക ഉത്തരവാദിത്തം. യേശുവിനെ അനുസരിക്കുന്നതിനോടു ബന്ധപ്പെട്ടാണ് ആത്മാവിന്റെ വിശുദ്ധീകരണ പ്രവൃത്തിയെന്ന് 1 പത്രൊസ് 1:2ലും പറഞ്ഞിരിക്കുന്നു. 'സത്യം' പൂർണ അനുസരണമാണല്ലോ ജയജീവിതത്തിനായി നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. നമുക്ക് സ്വാഭാവികമായി കഴിയാത്ത ഈ കാര്യം ചെയ്തു തരുന്ന സഹായിയും കാര്യസ്ഥനുമാണു പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവ് മാത്രമല്ല, എല്ലാറ്റിലും നൂറു ശതമാനം പിതാവിനെ അനുസരിച്ചു പാപത്തിന്റെ വിദൂര ലാഞ്ഛന പോലുമില്ലാത്ത വിജയകരമായ ജീവിതത്തിന്റെ ഉടമയായിത്തീർന്ന ദൈവപുത്രനായ യേശുവിന്റെ ജീവിതമാതൃകയും നമുക്ക് ഉത്തേജനത്തിനായിട്ടുണ്ട് (എബ്രാ. 2:17; 4:15;5:7-9;6:20; 12:1,2; 1 യോഹ. 2:6). നമുക്ക് ഒരു ലക്ഷ്യമുണ്ട് - പുത്രന്റെ സ്വരൂപത്തോടു താദാത്മ്യപ്പെടുന്ന, പാപത്തിന്റെ മേൽ വാഴുന്ന, വിജയകരമായ ജീവിതം. ഈ ലക്ഷ്യത്തിലെത്താൻ നമുക്കൊരു മാതൃക

യുമുണ്ട് – സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടെങ്കിലും ഒരിക്കൽ പോലും പാപത്തിൽ വീണു പോകാത്ത യേശുവിന്റെ ജീവിതം. ഈ ജീവിതമാതൃക നമുക്കു വലിയ പ്രചോദനമാണ്.

'കൃപ'യുടെ ഈ രണ്ട് ഉതവികളും ക്രിസ്ത്യാനിയുടെ ജന്മാവകാശമായ വിജയകരമായ ജീവിതത്തിലേക്കു നടത്തും-നമുക്ക് അതിനായി വാഞ്ഛയുള്ളപക്ഷം.

വിജയകരമായ ജീവിതം എന്നതു കൊണ്ടു പാപരഹിതമായ ഒരു പൂർണതയിലെത്തുക (sinless perfection) എന്നാണ് ഉദ്ദേശിക്കുന്നത് എന്നതാണ് ഇതേപ്പറ്റിയുള്ള പ്രധാന തെറ്റിദ്ധാരണ. അങ്ങനെയല്ല, വിജയകരമായ ഒരു ജീവിതത്തിലേക്കു പ്രവേശിച്ച ശേഷവും നാം സൂക്ഷ്മതയില്ലാത്ത ഒരു നിമിഷം പാപത്തിൽ വീണുപോയെന്നു വരാം. അതിനു പരിഹാരമാണു 1 യോഹന്നാൻ 1:7–10 -ൽ വിവരിക്കുന്ന 'സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്ന യേശുവിന്റെ രക്തം.' എന്നാൽ ഇവിടെ ഒരു ചോദ്യം ഉയരാം. ഇടയ്ക്കു വീണുപോയാൽ അതിനെ വിജയകരമായ ജീവിതമെന്നു വിശേഷിപ്പിക്കുന്നതിൽ എന്താണർത്ഥം?

ഇതു ശരിയാണെന്നു തോന്നാം. എന്നാൽ വാച്ച്മാൻ നീ എന്ന ദൈവഭൃത്യൻ ഇതിന് ഒരു ഉദാഹരണം പറയുന്നതിങ്ങനെ: തടി വെള്ളത്തിൽ പൊങ്ങിക്കിടക്കും എന്നു നാം പറയുമ്പോൾ നാം ഒരു പൊതുനിയമം (General law) പറയുകയാണ്. എന്നാൽ തടി ചിലപ്പോൾ വെള്ളത്തിൽ താണു പോകുന്ന അനുഭവമില്ലേ? ഉണ്ട്, നാം ബലം പ്രയോഗിച്ചു താഴ്ത്തിയാൽ വെള്ളത്തിൽ അതു താണു പോകും. പക്ഷേ അതു തടിയെ സംബന്ധിച്ച പൊതുനിയമമല്ല, ഒരു അപവാദം (exception) മാത്രമാണ്. അപവാദത്തെ നാം സാമാന്യവല്ക്കരിക്കാൻ പാടില്ല.

ഇതുപോലെയാണു വിജയകരമായ ജീവിതവും. പാപത്തിന്റെയും സ്വയത്തിന്റെയും സമ്മർദ്ദത്തിൽ ഒരു നിമിഷം വീണുപോയെന്നു വരാം. എന്നാൽ തടിയെ ബലം പ്രയോഗിച്ചു വെള്ളത്തിനടിയിലേക്കു നാം പിടിച്ചു താഴ്ത്തിയാലും നാം കൈ എടുക്കുന്ന നിമിഷത്തിൽ തടി വെള്ളത്തിനു മുകളിലേക്കു പൊങ്ങി വരുന്നതുപോലെ, ഒരു ജയാളി യേശുവിന്റെ രക്തത്താലുള്ള കഴുകൽ പ്രാപിച്ച് വീണ്ടും ജയകരമായ ജീവിതത്തിലേക്കു കുതിച്ചുയരും (1യോഹ. 5:18 Living Bible).

തന്റെ അനുഭവമായി, പൗലൊസ് പറയുന്നതും ഇതു തന്നെയാണ്. പൗലൊസ് പറയുന്നു: "ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി (perfect) എന്നോ അല്ല... എനിക്കും അതു പിടിക്കാമോ എന്നു വച്ചു പിന്തുടരുന്നതേയുള്ളു" (pressing on to perfection- ഫിലി. 3:12–13). തുടർന്നു പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക: "നമ്മിൽ തികഞ്ഞവർ (perfect) ഒക്കെയും ഇങ്ങനെ തന്നെ ചിന്തിച്ചുകൊൾക." (3:15). നോക്കുക: പൂർണതയിലേക്ക് ആയുന്നതിനെ തന്നെയാണു പൗലൊസ് പൂർണത എന്നു വിളിക്കുന്നത്.

അതുകൊണ്ട് 'സത്യം' നമ്മോട് ആവശ്യപ്പെടുന്ന വിജയകരമായ ജീവിതം എന്ന ലക്ഷ്യത്തിലേക്ക് ആയുക. അതു തന്നെയാണു ജയകരമായ ജീവിതം. ഇതിനുവേണ്ട 'കൃപ'യും കർത്താവിൽ തന്നെ ലഭ്യമാണ്. അതേ, 'കൃപ'യും 'സത്യ'വും യേശുക്രിസ്തു മുഖാന്തരം വന്നു! അവിടുത്തെ അടുക്കലേക്കു വിശ്വാസത്തോട് വരിക. അവിടുന്നു പാപത്തിന്റെമേൽ വാഴുക എന്ന ജന്മാവകാശം (Birth right) നമുക്കു തരും (യെശയ്യ. 14:2).



# HIS HAND OF LOVE

Jim Cymbala

Maintaining doctrinal purity is good but it is not the whole picture for a New Testament church. The apostles wanted to do much more than simply "hold the fort," as the old gospel song says. They asked God to empower them to move out and impact an entire culture.

In too many places where the Bible is being thumped and doctrine is being argued until three in the morning, the Spirit of that doctrine is missing. William Law, an English devotional writer of the early 1700s, wrote, "Read whatever chapter of Scripture you will, and be ever so delighted with it—yet it will leave you as poor, as empty and unchanged as it found you unless it has turned you wholly and solely to the Spirit of God, and brought you into full union with and dependence upon Him."

One way to recognize whether we suffer from this disconnection is to look at our concern for people who are dirt . . . people who are "other" . . . people who don't fit the core group's image. The idea that a church could be called to serve just one designated class is not found in the New Testament. The ravages of sin are not pleasant—but they are what Jesus came to forgive and heal. "The Son of Man came to seek and to save what was lost" (Luke 19:10). The Spirit of God is a Spirit of mercy, of compassion, of reaching out.

Yet Christians often hesitate to reach out to those who are different. They want God to clean the fish before they catch them. If someone's gold ring is attached to an unusual body part, if the person doesn't smell the best, or if the skin color is not the same, Christians tend to hesitate. But think for a moment about Godreaching out to us. If ever there was a "reach" that was it: the holy, pure Deity extending Himself to us who were soiled, evil-hearted, unholy. God could have said, "You're so different from Me, so distasteful, I would really rather not get too close to you." But He didn't say that. It was our very differentness that drew His hand of love.

Jesus didn't just speak the healing word to lepers from a distance . . . He touched them. "And He put forth His hand and touched him, saying, I will: be thou clean. And immediately the leprosy departed from him" (Luke 5:13).

JEEVAMOZHIKAL RNI/KERBIL/-2003/21404 Date of Publication 28-03-2015
April 2015 www. jeevamozhikal.org
Annual Subscription Rs.100/-

# ദൈവം – പ്രശ്നപരിഹാരകൻ

ഗ്രാമത്തിലെ ധനികൻ മരിച്ചതോടെ അദ്ദേഹത്തിന്റെ വിൽപത്രം ആളുകൾക്കൊരു കീറാമുട്ടിയായി.

ധനികനു 19 കുതിരകളുണ്ട്. അതിൽ നേർ പകുതി ഏക മകനുള്ളതാണ്. കുതിരകളിൽ നാലിലൊന്നിനെ ദേവാലയത്തിനു കൊടുക്കണം. കുതിരകളിൽ അഞ്ചിലൊന്നിന്റെ അവകാശി, തന്നെ ദീർഘനാൾ സേവിച്ച വിശ്വസ്തനായ വേലക്കാരനാണ് – ഇതാണു വിൽപത്രത്തിലെ വ്യവസ്ഥകൾ.

ഇതെങ്ങനെ നടപ്പാക്കും? 19 കുതിരകളുടെ നേർപകുതി ഒൻപതരയല്ലേ? ഒരു കുതിരയെ മുറിക്കാനോ? അതുകൊണ്ടെന്താ പ്രയോജനം? – ഗ്രാമത്തിൽ ചർച്ച എങ്ങും എത്താതെ നീണ്ടു പോയി.

ഒടുവിൽ ഗ്രാമത്തിൽ നിന്ന് ഒരു സംഘം രാജഗുരുവിനെ പോയി കണ്ട് അദ്ദേഹത്തോടു തങ്ങളോടൊപ്പം വന്നു പ്രശ്നം പരിഹരിച്ചു തരണമെന്ന് അപേക്ഷിച്ചു. രാജഗുരു സമ്മതിച്ചു. അദ്ദേഹം കടം വാങ്ങിയ ഒരു കുതിരയുടെ പുറത്തു കയറി അവരോടൊപ്പം ഗ്രാമത്തിലേക്കു തിരിച്ചു.

ഗ്രാമത്തിലെത്തിയ അദ്ദേഹം ദേവാലയ മുറ്റത്തു ധനികന്റെ കുതിരകളെ നിരത്തി നിർത്താൻ ആവശ്യപ്പെട്ടു. 19 കുതിരകൾ. അതിനോടൊപ്പം രാജഗുരു തന്റെ കുതിരയെയും നിർത്തി. ഇപ്പോൾ മൊത്തം 20 കുതിരകൾ.

“ശരി ഇരുപതിന്റെ പകുതി എത്രയാണ്?” രാജഗുരു ചോദിച്ചു.

“പത്ത്”

കയ്യോടെ 10 കുതിരകളെ ഗുരു മകനു നൽകി. കുതിരകളിൽ നാലിലൊന്ന് ദേവാലയത്തിനുള്ളതാണ്. “ഇരുപതിന്റെ നാലിലൊന്ന് എത്രയാണ്?” “അഞ്ച്.” അഞ്ചു കുതിരകളെ ദേവാലയത്തിനു നൽകി.

കുതിരകളിൽ അഞ്ചിലൊന്നിന്റെ അവകാശി വേലക്കാരനാണ്. “ഇരുപതിന്റെ അഞ്ചിലൊന്ന് എത്ര?” “നാല്.” നാലു കുതിരകളെ വേലക്കാരനും കൊടുത്തു.

അപ്പോൾ ഒരു കുതിര മിച്ചം വന്നു. അത് രാജഗുരു കടം വാങ്ങിക്കൊണ്ടു വന്ന കുതിരയായിരുന്നു. ഗുരു ആ കുതിരയുടെ പുറത്തു കയറി മടങ്ങിപ്പോയി. പ്രശ്നം ഇത്ര എളുപ്പം പരിഹരിച്ചതു കണ്ട് അത്ഭുതപരതന്ത്രരായി നിന്ന നാട്ടുകാരോടു മടങ്ങിപ്പോകുമ്പോൾ ഗുരു ഇങ്ങനെ പറഞ്ഞു:

“സാധാരണ ഗതിയിൽ പരിഹരിക്കാൻ അസാധ്യമായ ഈ പ്രശ്നത്തിന്റെ പരിഹാരത്തിന് നാം ഒരു കുതിരയെ കൂട്ടു പിടിച്ചു. ഇതുപോലെ പരിഹരിക്കാൻ കഴിയാത്ത പ്രശ്നം വരുമ്പോൾ നാം ദൈവത്തെ കൂട്ടു പിടിച്ച് സത്യത്തിന്റെ വഴിയിൽ മുന്നോട്ടു പോകണം. അപ്പോൾ കാര്യം എളുപ്പമായിത്തീരും.”

“നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ. അപ്പോൾ അവനു ലഭിക്കും” (യാക്കോബ് 1:5).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.